# വിശ്വാസിയുടെ കുടുംബം

കെ എം തരിയോട്

യുവത ബുക്ക്ഹൗസ്

MALAYALAM
TITLE : **VISWASIYUDE KUDUMBAM**
AUTHOR : **K M THARIYODE**
COVER : MUJEEB KOKKUR
LAYOUT: MUJEEB KOKKUR & SALIH
FIRST EDITION: DECEMBER 2002
SECOND EDITION : DECEMBER 2008
DTP: MICROPRINT, CALICUT-2
PRINTED AT: KAIRALI OFFSET PRINTS, CLT-2
PRICE: RS. 28 /-
YBH: 207
COPYRIGHT RESERVED WITH PUBLISHER
YUVATHA
BOOK HOUSE
P.B NO: 524, R.M.ROAD, KOZHIKODE-2, PHONE: 2701812

## ■ പ്രസാധകക്കുറിപ്പ്

വീട് കേവലമൊരു കെട്ടിടമല്ല. അതിന്നകത്തൊരു കുടുംബമുണ്ട്. മരച്ചുവട്ടിലെ തുണി കെട്ടിയ കുടിലും സർവ സജ്ജീകരണങ്ങളോടു കൂടിയ ബംഗ്ലാവുകളും ആശയത്തിൽ ഒന്നു തന്നെ. കാലപ്പകർച്ചയിൽ വീടുകളുടെ ആകൃതിയും രൂപഘടനയും മാറുമെങ്കിലും അതിന്നകത്തെ മനുഷ്യബന്ധങ്ങൾക്ക് മാറ്റമില്ല.

മാറ്റമില്ലാത്ത ഈ രംഗത്താണ് ഇസ്‌ലാമിന് നിയമങ്ങളും നിർദേശങ്ങളുമുള്ളത്. പ്രായോഗികജീവിതത്തിൽ മുഹമ്മദ് നബി(സ്വ) ഇത് കാണിച്ചുതന്നിട്ടുണ്ട്. ഒരു കുടുംബത്തിന്റെ ജീവിതത്തിലും വളർച്ചയിലും ഉണ്ടാകേണ്ടതും അതിൽ നിന്ന് ഉരുത്തിരിഞ്ഞുവരേണ്ടതുമായ സദ്ഫലങ്ങളെല്ലാം ഇസ്‌ലാം വരച്ചുകാണിച്ചിട്ടുണ്ട്. ഈ കൃതി അനാവരണം ചെയ്യുന്നത് ആ വിഷയമാണ്. നിസ്സാരമെന്ന് കണക്കാക്കിയേക്കാവുന്നതും, അതേ സമയം ഗൗരവതരവുമാണ് ഇതിൽ പലതും. ലളിതമായ ആവിഷ്കാരം ഈ കൃതിയുടെ വിജയമാണ്.

പണ്ഡിതനും എഴുത്തുകാരനുമായ കെ എം തരിയോടിന്റെ 'വിശ്വാസിയുടെ കുടുംബം' എന്ന കൃതിയുടെ രണ്ടാം പതിപ്പാണ് ഇത്. ജീവിതത്തിൽ അടുക്കും ചിട്ടയും പുലർത്താനും സന്തോഷം കളിയാടാനും ആഗ്രഹിക്കുന്ന വിശ്വാസികൾക്ക് ഈ കൃതി നല്ലൊരു വഴികാട്ടിയാണ്.

കോഴിക്കോട് — ഡയറക്ടർ

02-12-08 — **- യുവത**

## ഉള്ളടക്കം

ഗൃഹപ്രവേശവും ആതിഥ്യവും ........................................ 7
വീടൊരു പാഠശാല ............................................................15
അടുക്കളയും തീന്മേശയും ...............................................21
അനുവദനീയവും നിഷിദ്ധവുമായ
ഭക്ഷ്യപദാർഥങ്ങൾ ..............................................................28
വീടും പരിസരവും .............................................................35
സന്തുഷ്ട കുടുംബം ..........................................................40
ദാമ്പത്യത്തിന്റെ മധുരം .................................................. 44
കുഞ്ഞ് പിറന്നാൽ .................................................................49
കുഞ്ഞുങ്ങളെ സ്നേഹത്തോടെ വളർത്തുക .............55

# ഗൃഹപ്രവേശവും ആതിഥ്യവും

ബാഹ്യലോകത്തിന്റെ അസ്വസ്ഥതകളിൽനിന്ന് മനസ്സിന് സമാധാനം നൽകുന്നതിലും പ്രകൃതി വിപത്തുകളിൽ നിന്ന് സംരക്ഷണം നൽകുന്നതിലും വീടിന് വലിയൊരു പങ്കുണ്ട്. മനുഷ്യൻ കൂടുതൽ സ്വകാര്യതയും സ്വാതന്ത്ര്യവും അനുഭവിക്കുന്നതും അവിടെയാണ്. ഇക്കാലത്ത് വീട് വിശ്രമകേന്ദ്രമെന്നതിലുപരി എല്ലാ ജീവിത വ്യാപാരങ്ങളുടെയും സങ്കേതവുമാണ്.

അല്ലാഹു മനുഷ്യന് നൽകിയ അനുഗ്രഹങ്ങൾ വിവരിക്കവെ പറഞ്ഞു: "അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ വീടുകളെ വിശ്രമ സ്ഥലമാക്കിയിരിക്കുന്നു." (16:80) വിശാലമായ വീട്, ഉത്തമയായ ഭാര്യ, നല്ല അയൽവാസി, സൗകര്യമുള്ള വാഹനം എന്നിവ മനുഷ്യന്റെ സൗഭാഗ്യമാണെന്ന് നബി(സ്വ) പറഞ്ഞു. (ഇബ്നുഹിബ്ബാൻ)

## ഐശ്വര്യവും സുരക്ഷയും

ഉടമസ്ഥന്റെ സാമ്പത്തിക സ്ഥിതി, ഭൂമിയുടെ കിടപ്പ്, കുടുംബാംഗങ്ങളുടെ എണ്ണം, വഴി, വെള്ളം തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചാണ് വീട് നിർമിക്കാറുള്ളത്. അല്പം സ്ഥലംപോലും നഷ്ടപ്പെടാതെ വീട് ഉപയോഗപ്രദവും മികച്ചതുമാക്കുന്നതിന് ഒരു പ്രൊഫഷണലിന്റെ സഹാ യം തേടുന്നത് ഫലപ്രദമായിരിക്കും. എന്നാൽ ജീവിതം ഐശ്വര്യമേറിയതാക്കുന്നതിനുവേണ്ടി വീട്, അടുക്കള, കിണർ എന്നിവക്കുള്ള സ്ഥലവും സ്ഥാനവും നിർണയിക്കുന്നതിലും അവയുടെ നിർമാണം തുടങ്ങുന്നതിലും അന്ധവിശ്വാസങ്ങൾ പുലർത്തുന്നവർ ജോത്സ്യന്മാരെയോ കണക്ക് നോട്ടക്കാരെയോ സമീപിക്കുന്നു. അവർ പറയുന്ന ജൽപനങ്ങൾ വിശ്വസിച്ച് വീടിന് ഏറെ സൗകര്യമുള്ള സ്ഥലം ഉപേക്ഷിക്കുകയോ പുനർനിർമാണം നടത്തുകയോ ചെയ്യുന്നു. ഇതിനെ വിമർശിച്ചുകൊണ്ട് നബി(സ്വ) പറഞ്ഞു: "ഗണികനെയോ ജോത്സ്യനെയോ സമീപിച്ച് അവർ പറയുന്നത് ആരെങ്കിലും വിശ്വസിച്ചാൽ മുഹമ്മദിന് അവതരിപ്പിക്കപ്പെട്ട വേദത്തിൽ അവൻ അവിശ്വസിച്ചു." (ഇബ്നുഹിബ്ബാൻ)

പിശാചിന്റെ ഉപദ്രവത്തെ തടയാനും രോഗബാധയിൽ നിന്ന് രക്ഷ പ്രാപിക്കാനും കണ്ണേറ് ഏല്ക്കാതിരിക്കാനും മറ്റ് വിപത്തുകളിൽനിന്ന് സുരക്ഷിതത്വം ലഭിക്കാനുംവേണ്ടി വീടുകളിൽ ആരാധ്യരുടെ ഫോട്ടോകളും മന്ത്രഫലകങ്ങളും ഏലസ്സുകളും ബന്ധിക്കുന്നതും തഥൈവ. ബഹുദൈവ വിശ്വാസത്തിന്റെ സർവപ്രതീകങ്ങളും ഇസ്‌ലാം നിഷിദ്ധമാക്കിയതാണ്. നബി(സ്വ) പറഞ്ഞു: “ആരെങ്കിലും ഏലസ്സ് കെട്ടിയാൽ അല്ലാഹു അവന് (ഉദ്ദേശ്യം) പൂർത്തിയാക്കിക്കൊടുക്കാതിരിക്കട്ടെ. ആരെങ്കിലും രക്ഷാകവടി കെട്ടിയാൽ അല്ലാഹു അവന് സൗഖ്യം നൽകാതിരിക്കട്ടെ.” (അഹ്മദ്, ഹാകിം)

നമസ്കാരം, ക്വുർആൻ പാരായണം, ദിക്‌റുകൾ മുതലായവ വീട്ടിൽവെച്ച് നിർവഹിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കാനിടയാക്കുന്നതാണ്. നബി(സ്വ) പറഞ്ഞു: “നിങ്ങളുടെ നമസ്കാരത്തിൽ ഒരു ഭാഗം ഭവനങ്ങളിലാക്കുക. നിങ്ങൾ വീടുകളെ ശ്മശാനമാക്കരുത്.” (അബൂദാവൂദ്). നബി(സ്വ) ഐച്ഛികനമസ്കാരം വിശിഷ്യാ രാത്രി നമസ്കാരം നിർവഹിച്ചത് വീട്ടിൽവെച്ചായിരുന്നു. പള്ളികളിലെ ജമാഅത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർ, നിർബന്ധ നമസ്കാരം വീട്ടിൽവെച്ച് നിർവഹിക്കുമ്പോൾ അത് ജമാഅത്തായി നിർവഹിക്കേണ്ടതാണ്. ക്വിബ്‌ലയുടെ ദിശ നോക്കി ഒരു മുറി ആരാധനക്കായി ഉപയോഗിക്കാവുന്നതുമാണ്. ഉത്ബാനുബ്‌നു മാലികി(റ)ന് പള്ളിയിൽ വരാൻ കഴിയാത്തപ്പോൾ നബി(സ്വ) അപ്രകാരം അനുവദിച്ചത് ബുഖാരിയിലുണ്ട്.

നബി(സ്വ) പറഞ്ഞു: “നിങ്ങൾ വീടുകളെ ശ്മശാനങ്ങളാക്കരുത്. നിശ്ചയം പിശാച് അൽബക്വറ സൂറത്ത് ഓതപ്പെടുന്ന വീട്ടിൽനിന്ന് അകന്നുപോകുന്നതാണ്” (മുസ്‌ലിം, തിർമിദി)

നബി (സ്വ) പറഞ്ഞു:“ഒരാൾ അൽബക്വറ സൂറത്തിലെ അവസാനത്തെ രണ്ട് ആയത്തുകൾ രാത്രി പാരായണം ചെയ്താൽ അവന് അത് മതിയാകുന്നതാണ്.” (ബുഖാരി). ക്വുർആൻ ഓതുന്നത് പിശാചിനെ അകറ്റുക മാത്രമല്ല, ഐശ്വര്യത്തിന്നിടയാക്കുന്നതുമാണ്.

നബി(സ്വ) പറഞ്ഞു:“ഒരു സമൂഹം അല്ലാഹുവിന്റെ ഭവനങ്ങളിലൊന്നിൽ ഒരുമിച്ചുകൂടി അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും അത് അവർ പരസ്പരം പഠിക്കുകയും ചെയ്താൽ അവരിൽ ശാന്തി വർഷിക്കുകയും കാരുണ്യം അവരെ ആവരണം ചെയ്യുകയും മലക്കുകൾ അവരെ വലയം ചെയ്യുകയും അല്ലാഹുവിങ്കലുള്ളവരോട് അവരെപ്പറ്റി അവൻ പ്രസ്താവിക്കുകയും ചെയ്യാതിരിക്കില്ല” (മുസ്‌ലിം)

നബി(സ്വ) പറഞ്ഞു: “അല്ലാഹുവിനെ സ്മരിക്കപ്പെടുന്ന ഭവനത്തിന്റെയും അവന് ദിക്ർ ചെയ്യാത്ത ഭവനത്തിന്റെയും ഉപമ ജീവിച്ചിരിക്കുന്നവന്റെയും മരിച്ചവന്റെയും ഉപമയാണ്.” (ബുഖാരി)

ഇപ്രകാരം ഭൗതിക സൗകര്യങ്ങൾക്ക് പുറമെ ആത്മീയ കാര്യങ്ങൾകൂടി നിർവഹിക്കപ്പെടുമ്പോളാണ് മുസ്‌ലിം ഭവനം അനുഗൃഹീ

തമായിത്തീരുന്നത്. എന്നാൽ അതിനുവേണ്ടി മൗലിദ്, ഖുത്ത്ബിയ്യത്ത് തുടങ്ങിയ നവീന മുറകൾ ചെയ്യാവതല്ല. അത് മഹത്തായ ഇസ്‌ലാമിക പാരമ്പര്യങ്ങൾക്ക് അന്യവും അടിസ്ഥാനരഹിതവുമാണ്.

പുതിയവീട്ടിൽ താമസം ആരംഭിക്കുന്നതോടനുബന്ധമായി സമൂഹത്തിൽ വിവിധ ആചാരങ്ങളുണ്ട്. ആദ്യം പ്രവേശിക്കേണ്ടവർ, നാളും മുഹൂർത്തവും നോക്കുന്നവർ, ആദ്യമുണ്ടാക്കേണ്ട ഭക്ഷ്യപദാർഥം തുടങ്ങിയവ അലിഖിത നിയമങ്ങളായി പാലിക്കുന്നവരുണ്ട്. എന്നാൽ ഇതിനൊന്നും മതത്തിൽ ഒരടിസ്ഥാനവുമില്ല.

വീട്ടിൽ പ്രവേശിക്കുമ്പോഴുള്ള പ്രാർഥന ചൊല്ലുകയും സദ്യ നല്കുകയുമാണ് ഇസ്‌ലാമികസമ്പ്രദായം. സദ്യ നല്കുന്നതിനെക്കുറിച്ച് നബി(സ്വ) പറഞ്ഞു: "ഒരു വ്യക്തി വീട് നിർമിക്കുകയും സദ്യയുണ്ടാക്കുകയും ചെയ്തു. എന്നിട്ട് ജനങ്ങളെ ക്ഷണിക്കാൻവേണ്ടി ഒരാളെ അയച്ചു. അയാൾക്ക് ഉത്തരം നല്കിയവർ വീട്ടിൽ പ്രവേശിച്ചു സദ്യ ഭുജിച്ചു. ക്ഷണം സ്വീകരിക്കാത്തവർ വീട്ടിൽ പ്രവേശിക്കുകയോ ഭക്ഷണം കഴിക്കുകയോ ചെയ്തില്ല." (ബുഖാരി)

വീട്ടിൽ പ്രവേശിക്കുമ്പോൾ "അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പ്രവേശിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പുറപ്പെട്ടു. ഞങ്ങളുടെ നാഥനിൽ ഞങ്ങൾ ഭരമേല്പിച്ചിരിക്കുന്നു" (അബൂദാവൂദ്) എന്നും പുറപ്പെടുമ്പോൾ "അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ മേൽ ഞാൻ ഭരമേല്പിക്കുന്നു; അല്ലാഹുവിനെക്കൊണ്ടല്ലാതെ ഒരു ശക്തിയും കഴിവും ഇല്ല" (അബൂദാവൂദ്, തിർമിദി) എന്നുമാണ് പറയേണ്ടത്. ഇത് പൊതുവെ എല്ലാ വീട്ടിലേക്കുമുള്ള പ്രാർഥനകളാണ്.

## വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ

മനുഷ്യന്റെ സാമൂഹികജീവിതത്തിൽ ഭവനങ്ങൾക്ക് വലിയ പങ്കു വഹിക്കാനുണ്ട്. സംഘബോധം വളർത്തുകയും സാമുദായിക കെട്ടുറപ്പുണ്ടാക്കുകയും ചെയ്യുന്നു. ശത്രുക്കളിൽനിന്ന് സുരക്ഷിതത്വം നല്കുന്നു. ശത്രുക്കൾക്കിടയിൽ ഒറ്റപ്പെട്ട് താമസിക്കുന്നവർ കൂടുതൽ പീഡിപ്പിക്കപ്പെടാനിടയായേക്കും.

അച്ചടക്കവും അനുസരണവുമില്ലാതെ ഒറ്റപ്പെട്ടുകഴിഞ്ഞിരുന്ന ഇസ്‌റാഈൽ ജനതയെ ഐക്യവും ഭദ്രതയുമുള്ള സമൂഹമായി വളർത്തിയെടുക്കുന്നതിന് വേണ്ടി അല്ലാഹു നല്കിയ നിർദേശം ഇപ്രകാരമാണ്: "മൂസാക്കും അദ്ദേഹത്തിന്റെ സഹോദരനും നാം ഇങ്ങനെ സന്ദേശം നല്കി. നിങ്ങൾ രണ്ടുപേരും നിങ്ങളുടെ ആളുകൾക്കുവേണ്ടി (പ്രത്യേകം) വീടുകൾ സൗകര്യപ്പെടുത്തുകയും നിങ്ങളുടെ വീടുകൾ നിങ്ങൾ അഭിമുഖമാക്കുകയും നിങ്ങൾ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും ചെയ്യുക. സത്യവിശ്വാസികൾക്ക് നീ സന്തോഷവാർത്ത അറിയിക്കുക." (10:87)

ഒരിടത്ത് ഒരുമിച്ച് താമസിക്കുമ്പോൾ പരസ്പരബന്ധങ്ങൾ സുദൃഢമാവുന്നു. തന്മൂലം അവർക്കിടയിലെ പെരുമാറ്റങ്ങൾക്ക് പ്രത്യേക നിയമങ്ങളും ചിട്ടകളും ആവശ്യമാണ്. അവ പാലിക്കുന്നതോടൊപ്പം സംസ്കാരം പരിശീലിപ്പിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഈ സാമൂഹികബന്ധങ്ങൾ മനുഷ്യന്റെ രഹസ്യജീവിതത്തിൽ കൈകടത്തുന്നതിന് നിമിത്തമായി കൂടാത്തതാകുന്നു. സ്വകാര്യതയും സ്വാതന്ത്ര്യവും അനുഭവിക്കാനുള്ള അവസരം ഓരോ മനുഷ്യനും തന്റെ ഭവനത്തിലുണ്ടാകണം. അതിനാൽ അന്യവീട്ടിൽ സമ്മതം ലഭിക്കാതെ പ്രവേശിക്കുന്നതും അകത്ത് വിഹരിക്കുന്നതും ഇസ്‌ലാം നിരോധിച്ചു. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ പ്രവേശിക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ (ഇത് പറയുന്നത്). ഇനി നിങ്ങൾ അവിടെ ആരെയും കണ്ടിട്ടില്ലെങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നതുവരെ നിങ്ങൾ അവിടെ പ്രവേശിക്കരുത്. 'നിങ്ങൾ തിരിച്ചുപോവുക' എന്ന് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചുപോകണം. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അറിവുള്ളവനാകുന്നു." (24:26,27)

അന്യവീടുകളിൽ സ്വഛന്ദം പ്രവേശിക്കുന്ന സമ്പ്രദായം അറബികൾക്കുണ്ടായിരുന്നു. അതിനാൽ വീട്ടുകാർക്ക് ഏറെ പ്രയാസമുണ്ടാവുകയും പരസ്പര സ്നേഹബന്ധങ്ങൾ തകരാനിടയാവുകയും ചെയ്തിരുന്നു. ഈ സമ്പ്രദായത്തെ തിരുത്തുകയും പാലിക്കപ്പെടേണ്ട മര്യാദകൾ നിർദേശിക്കുകയുമാണ് ക്വുർആൻ ഇവിടെ ചെയ്തത്. മാത്രമല്ല, അന്യരുടെ വീട്ടിൽ അവിഹിതമായി ഇടപെടാതിരിക്കുന്നതും പരസ്പരമുള്ള പെരുമാറ്റത്തിൽ മാന്യമായ രീതി അവലംബിക്കുന്നതും നല്ല അവസ്ഥയ്ക്ക് ഗുണകരമാണെന്ന് ഉണർത്തുകയും ചെയ്തു. സമ്മതംചോദിക്കുന്നത് മൂന്നുതവണ വരെയാകാമെന്ന് നബി(സ്വ) വിശദീകരിച്ചു. "ഒരാൾ തന്റെ ഉമ്മയുടെ അടുക്കലേക്ക് പ്രവേശിക്കുകയാണെങ്കിലും സമ്മതം ചോദിക്കണമോ? ഇതിനെക്കുറിച്ച് സംശയം ഉന്നയിച്ച ഒരനുചരനോട് നബി(സ്വ) പ്രതിവചിച്ചു: നിന്റെ ഉമ്മയെ വിവസ്ത്രയായി കാണുന്നത് നീ ഇഷ്ടപ്പെടുമോ? അദ്ദേഹം പറഞ്ഞു: ഇല്ല. അപ്പോൾ നബി(സ്വ) പറഞ്ഞു: എങ്കിൽ നീ അവരോട് അനുവാദം ചോദിക്കേണ്ടതുണ്ട്." (മാലിക്ക്)

മാതാപിതാക്കളുടെയും ബന്ധുക്കളുടെയും അടുത്തേക്ക് പ്രവേശിക്കുന്ന മുതിർന്ന കുട്ടികൾപോലും സമ്മതം ചോദിക്കേണ്ടതാണ്. മൂന്ന് സ്വകാര്യസന്ദർഭങ്ങളിൽ ചെറിയകുട്ടികളും ശയനമുറിയിൽ പ്രവേശിക്കുമ്പോൾ അനുവാദം ചോദിക്കണം. ഇത് പറഞ്ഞശേഷം അല്ലാഹു തുടരുന്നു: "ഈ സന്ദർഭങ്ങൾക്ക് ശേഷം നിങ്ങൾക്കോ അവർക്കോ

(കൂടിക്കലർന്ന് ജീവിക്കുന്നതിന്) യാതൊരു കുറ്റവുമില്ല. അവർ നിങ്ങളുടെ അടുത്ത് ചുറ്റിനടക്കുന്നവരത്രെ. നിങ്ങൾ അന്യോന്യം ഇടകലർന്നു വർത്തിക്കുന്നു. അപ്രകാരം അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചുതരുന്നു. അല്ലാഹു സർവജ്ഞനും യുക്തിമാനുമാണ്. നിങ്ങളിൽനിന്നുള്ള കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ അവരും അവർക്ക് മുമ്പുള്ളവർ സമ്മതംചോദിച്ചതുപോലെ തന്നെ സമ്മതം ചോദിക്കേണ്ടതാണ്.'' (24:59)

വിവാഹബന്ധം നിഷിദ്ധമല്ലാത്ത ഒന്നിലധികം കുടുംബങ്ങൾ ഒരുമിച്ച് താമസിക്കുന്ന ഭവനങ്ങളിൽ ഇത്തരം പെരുമാറ്റമര്യാദകൾ പാലിക്കേണ്ടതിന്റെ പ്രാധാന്യം സ്പഷ്ടമാണ്. അനുവാദം ചോദിക്കുമ്പോൾ ആഗതൻ താനാരാണെന്ന് വീട്ടുകാരെ ബോധ്യപ്പെടുത്തുക, അകത്തേക്ക് നോക്കാതിരിക്കുക തുടങ്ങിയവ ശ്രദ്ധിക്കേണ്ടതാണ്. ഒരിക്കൽ വാതിൽപ്പടിയിൽ കയറിനിന്ന് അനുവാദം ചോദിച്ച ആഗതനോട് നബി(സ്വ) പറഞ്ഞു: ''മാറിനിൽക്കൂ. ദൃഷ്ടി പതിയാതിരിക്കാനാണ് അനുവാദം ചോദിക്കുന്നത്.'' (അബൂദാവൂദ്)

ഒളിഞ്ഞുകൊണ്ട് അന്യരുടെ വീട്ടിലേക്ക് നോക്കുന്നതും അവിടത്തെ സ്വകാര്യസംസാരങ്ങൾ കേൾക്കുന്നതും രഹസ്യങ്ങൾ വീക്ഷിക്കുന്നതും നിരോധിച്ചിരിക്കുന്നു. അതിൽ അന്യവീട്ടുകാരുടെ സ്വാതന്ത്ര്യത്തിലുള്ള കയ്യേറ്റവും നിരർഥകമായ കാര്യങ്ങൾക്കുവേണ്ടി സമയം പാഴാക്കലുമുണ്ട്. അതിനാൽ വ്യക്തികൾ തമ്മിൽ ശത്രുതയും ഉണ്ടാവും. പ്രഭാതവന്ദനം, സന്ധ്യാവന്ദനം എന്ന് അഭിവാദ്യം ചെയ്തുകൊണ്ടായിരുന്നു അറബികൾ വീട്ടിൽ പ്രവേശിച്ചിരുന്നത്. അഭിവാദനത്തിന് വിവിധ രീതികളുണ്ടല്ലോ. ഇസ്‌ലാം, വിശ്വാസികൾ തമ്മിൽ കണ്ടുമുട്ടുമ്പോഴും വീട്ടിലേക്ക് പ്രവേശിക്കുമ്പോഴും സലാംകൊണ്ട് അഭിവാദ്യം ചെയ്യാൻ നിർദേശിച്ചു. അത് ശാന്തിക്കും സമാധാനത്തിനും കാരുണ്യത്തിനും അനുഗ്രഹത്തിനും വേണ്ടിയുള്ള പ്രാർഥന കൂടിയാണ്. അല്ലാഹു പറയുന്നു. ''നിങ്ങൾ വീടുകളിൽ പ്രവേശിക്കുമ്പോൾ അല്ലാഹുവിൽനിന്നുള്ള അനുഗൃഹീതവും പാവനവുമായ ഒരു ഉപചാരമെന്ന നിലയിൽ നിങ്ങൾ തമ്മിൽ സലാംപറയുക.'' (24:61)

സ്വഭവനത്തിലേക്കായാലും അന്യവീട്ടിലേക്കായാലും പ്രവേശിക്കുന്നവൻ സലാംപറയേണ്ടതാണ്. അത് പരസ്പരം സ്നേഹബന്ധമുണ്ടാക്കുന്നതാണെന്ന് നബി(സ്വ) പറഞ്ഞിട്ടുണ്ട്. 'അസ്സലാമു അലൈക്കും' എന്നെഴുതിയ ബോർഡ് അതിന് പകരമാവില്ല. സലാം പറയുന്നതിൽ മുതിർന്നവരും കുട്ടികളുമെന്ന വിവേചനമില്ല. നബി(സ്വ) കുട്ടികളോടും സ്ത്രീകളോടും സലാംപറഞ്ഞതായി ഹദീഥിൽ കാണാം.

വീട്ടിലേക്കുള്ള പ്രവേശത്തെക്കുറിച്ച് തെറ്റിദ്ധാരണകൾ സമൂഹത്തിലുണ്ട്. ഹജ്ജ്, വിവാഹം മുതലായ സദ്കർമങ്ങൾക്ക് വേണ്ടി യാത്ര പറഞ്ഞു ഇറങ്ങിയവർ പിന്നീട് വല്ല ആവശ്യത്തിനു വേണ്ടിയും വീട്ടി

ലേക്ക് തിരിച്ചുപ്രവേശിക്കുന്നത് ദുഃശകുനമായി ചിലർ കരുതുന്നു. അഥവാ പ്രവേശിക്കേണ്ടി വന്നാൽ പിൻവാതിലിലൂടെ മാത്രം പ്രവേശിക്കുകയാണ് യാത്രയുടെ സുരക്ഷിതത്വത്തിനും പൂർത്തീകരണത്തിനും വേണ്ടതെന്ന് അവർ ധരിക്കുന്നു. പാപങ്ങളും കുറ്റങ്ങളും ചെ യ്തവർ വീടിന്റെ കവാടത്തിലൂടെ പ്രവേശിക്കരുതെന്ന് അജ്ഞാനകാലത്തെ അറബികൾ വിശ്വസിച്ചിരുന്നു. ഇത്തരം തെറ്റിദ്ധാരണകളെല്ലാം തിരുത്തിക്കൊണ്ട് അല്ലാഹു പറയുന്നു: "നിങ്ങൾ വീടുകളിലേക്ക് പിൻവശത്തിലൂടെ ചെല്ലുന്നതിലല്ല പുണ്യം കുടികൊള്ളുന്നത്. പ്രത്യുത ദോഷബാധയെ കാത്തുസൂക്ഷിച്ചവനത്രെ പുണ്യവാൻ. നിങ്ങൾ വീടുകളിലേക്ക് അതിന്റെ വാതിലിലൂടെ പ്രവേശിക്കുക. മോക്ഷം കൈവരിക്കുവാൻ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക." (2:189)

## അതിഥിയും ആതിഥേയനും

ആതിഥ്യം ഉത്തമസമൂഹത്തിന്റെ സംസ്കാരമാണ്. വീട്ടിലെത്തുന്ന ആഗതനെ മാന്യമായി സ്വീകരിക്കാനും ആതിഥ്യം നല്കാനും വിശ്വാസികൾക്ക് ബാധ്യതയുണ്ട്. നബി(സ്വ) പറയുന്നു: അല്ലാഹുവിലും അന്ത്യനാളിലും ആരെങ്കിലും വിശ്വസിക്കുന്നുവെങ്കിൽ തന്റെ അതിഥിക്ക് ആദരപൂർവം ഉപഹാരം നല്കട്ടെ. സ്വഹാബികൾ ചോദിച്ചു. അവനുള്ള സമ്മാനമെന്താണ്? നബി(സ്വ) പറഞ്ഞു: ഒരു പകലും രാത്രിയും. ആതിഥ്യം മൂന്നുദിവസമാണ്. അതിനുമപ്പുറമുള്ളത് അവനുള്ള ദാനമാണ്. (ബുഖാരി, മുസ്ലിം)

അതിഥിക്ക് സന്തോഷം നല്കുന്ന രൂപത്തിൽ സ്വീകരണമുറി അലങ്കരിക്കപ്പെടാറുണ്ട്. ഭംഗിയുള്ള ടേബിൾലാമ്പുകൾ, പുഷ്പങ്ങൾ, പ്രകൃതിസുന്ദരദൃശ്യങ്ങൾ തുടങ്ങിയവകൊണ്ട് അലങ്കരിക്കുന്നത് ആനന്ദവും സന്തോഷവും നല്കും. എന്നാൽ ആരാധിക്കപ്പെടുന്നതിന്റെ ബഹുമാനിക്കപ്പെടുന്നവരുടെയോ കുടുംബാദികളുടെയോ ഫോട്ടോകൾ, പ്രതിമകൾ തുടങ്ങിയവ കൊണ്ടുള്ള അലങ്കാരങ്ങൾ മുസ്ലിംവീട്ടിലുണ്ടാകാവതല്ല. നബി(സ്വ) പറയുന്നു: പ്രതിമകളോ ചിത്രങ്ങളോ ഉള്ള വീട്ടിൽ മലക്കുകൾ പ്രവേശിക്കുന്നതല്ല. (മുസ്ലിം)

കുരിശ്, ക്രിസ്മസ് ട്രീ, നാഗാദി ദിവ്യവാഹനങ്ങൾ തുടങ്ങിയ ഇതര മതചിഹ്നങ്ങൾ ചുമരിൽ തൂക്കിയിടുകയോ കൊത്തിവെക്കുകയോ വരയ്ക്കുകയോ ചെയ്യുന്നതും അത് അലങ്കാരത്തിന്നായാലും ജീവനില്ലാത്തവയുടെതായാലും അനുവദനീയമല്ല. നബി(സ്വ) അദ്ദേഹത്തിന്റെ ഭവനത്തിൽ കുരിശുള്ള ഒരു വസ്തുവും തകർക്കാതെ ഉപേക്ഷിച്ചിട്ടില്ല. (ബുഖാരി)

ഒരിക്കൽ നബി(സ്വ)യുടെ വീടിന്റെ വാതിലിൽ ഒരു പ്രതിമയുള്ളതിനാൽ ജിബ്രീൽ(അ) അകത്തുപ്രവേശിക്കാൻ വിസമ്മതിച്ചുകൊണ്ട് പറഞ്ഞു. പ്രതിമയുടെ തല മുറിച്ചുകളയാൻ കല്പിക്കുക; അതൊരു വൃക്ഷത്തിന്റെ രൂപമാകുന്നതുവരെ. (തിർമിദി)

എന്നാൽ കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ ജീവനുള്ളവയുടെ രൂപത്തിലായാലും അനുവദനീയമാണ്. ആഇശ(റ)യും തോഴിമാരും കളിച്ചുകൊണ്ടിരിക്കുമ്പോൾ റസൂൽ(സ്വ) ചോദിച്ചു: 'ഇതെന്താണ്?' അവർ പറഞ്ഞു: 'എന്റെ പെൺകുട്ടികൾ.' ശേഷം അതിലുള്ള ഒരു കുതിരയുടെ ചിറകിനെക്കുറിച്ച് ചോദിച്ചു. ആഇശ(റ) പറഞ്ഞു. സുലൈമാൻ നബി(അ)യുടെ കുതിരക്ക് ചിറകുണ്ടായിരുന്നില്ലേ. ഈ മറുപടി കേട്ട പ്രവാചകൻ(സ്വ) ചിരിച്ചു. (അബൂദാവൂദ്)

മനുഷ്യന്റെ നഗ്നതയെ ചിത്രീകരിക്കുന്ന ചുമർചിത്രങ്ങളും പുകവലിക്കുന്നവന്റെയും മദ്യചഷകങ്ങൾ കൈയിലേന്തിയ കുടിയനെയുമൊക്കെ പ്രദർശിപ്പിക്കുന്ന പരസ്യങ്ങളും ഒഴിവാക്കേണ്ടത് തന്നെ. അത് മാന്യതയ്ക്ക് നിരക്കാത്തതും വഴിതെറ്റിക്കുന്നതുമാണല്ലോ.

അതിഥിയെ മനസ്സിലാക്കുകയും അഭിരുചിക്കനുസൃതമായ സദ്യയൊരുക്കുകയും കഴിയുന്നത്ര സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും വേണം. ഒരിക്കൽ ഇബ്റാഹീംനബി(അ) തന്റെ ഭവനത്തിലെത്തിയ രണ്ട് അതിഥികളെ മാംസാഹാരംകൊണ്ട് സൽക്കരിച്ചു. ക്വുർആൻ പറയുന്നു: 'നമ്മുടെ ദൂതന്മാർ ഇബ്റാഹീമിന്റെ അടുത്ത് സന്തോഷവാർത്തയുംകൊണ്ട് വരികയുണ്ടായി. അവർ പറഞ്ഞു: 'സലാം'. അദ്ദേഹം പ്രതിവചിച്ചു: 'സലാം'. വൈകിയില്ല, അദ്ദേഹം ഒരു പൊരിച്ച കാളക്കുട്ടിയെ കൊണ്ടുവന്നു. എന്നിട്ട് അവരുടെ കൈകൾ അതിലേക്ക് നീളുന്നില്ലെന്ന് കണ്ടപ്പോൾ അദ്ദേഹത്തിന് അവരുടെ കാര്യത്തിൽ പന്തികേട് തോന്നുകയും ഭയം അനുഭവപ്പെടുകയും ചെയ്തു. അവർ പറഞ്ഞു: ഭയപ്പെടേണ്ട. ഞങ്ങൾ ലൂത്വിന്റെ ജനതയിലേക്ക് നിയോഗിക്കപ്പെട്ടവരാണ്'' (11: 69,70). സാധാരണ അതിഥികളെപ്പോലെ വന്നവർ അല്ലാഹുവിന്റെ ദൂതന്മാരായ മലക്കുകളാണെന്ന് വൈകിമാത്രമാണ് ഇബ്റാഹീം നബി(അ)ക്ക് അറിയാൻകഴിഞ്ഞത്. അദ്ദേഹം അദൃശ്യജ്ഞാനിയല്ലല്ലോ.

അതിഥി, വീട്ടുകാരുടെ സൗകര്യവും പരിതസ്ഥിതിയും മനസ്സിലാക്കി വേണം പെരുമാറാൻ. ഇസ്ലാം അതിഥിക്ക് നിശ്ചയിച്ചത് മൂന്ന് ദിവസമാണ്. അതിൽക്കൂടുതൽ താമസിക്കുന്നത് വീട്ടുകാർക്ക് ബുദ്ധിമുട്ടാകുമോ എന്ന് അതിഥികൾ ചിന്തിക്കേണ്ടതാണ്. നബി(സ്വ) പറയുന്നു: "ഒരു മുസ്ലിം തന്റെ സഹോദരനെ കുറ്റത്തിൽ അകപ്പെടുത്തുന്നതുവരെ അവന്റെ അടുത്ത് താമസിക്കരുത്. അപ്പോൾ സ്വഹാബികൾ ചോദിച്ചു. അവനെ തെറ്റുകാരനാക്കുന്നതെങ്ങനെ? നബി(സ്വ) പറഞ്ഞു: വിരുന്നൂട്ടാൻ ഒന്നുമില്ലാതിരിക്കെ അതിഥി ആതിഥേയന്റെ അടുത്ത് താമസിക്കലാണത്." (മുസ്ലിം)

പ്രത്യേക സദ്യയ്ക്ക് നിശ്ചിതസമയത്തേക്ക് ക്ഷണിക്കപ്പെട്ടാൽ വളരെനേരത്തെ വീട്ടിൽ എത്തുന്നതും എല്ലാം കഴിഞ്ഞതിന്റെ ശേഷവും ആവശ്യമില്ലാതെ അവിടെ തങ്ങുന്നതും വീട്ടുകാർക്ക് വിഷമമു

ണ്ടാക്കാനിടയാകുന്നതാണ്. ഇത്തരം പ്രയാസങ്ങൾ തുറന്നുപറയാൻ മാന്യന്മാർ മടിക്കുക സ്വാഭാവികമാണ്. അനസ്(റ) പറയുന്നു: നബി (സ്വ) സൈനബിനെ വിവാഹംകഴിച്ച അവസരത്തിൽ കുറെ ആളുകളെ സദ്യയ്ക്ക് ക്ഷണിച്ചു. ഭക്ഷണാനന്തരം ചിലർ വർത്തമാനം പറഞ്ഞിരുന്നു. നബി(സ്വ) എഴുന്നേറ്റുപോകാൻ ശ്രമിച്ചെങ്കിലും അവർ എഴുന്നേറ്റ് പോകുകയുണ്ടായില്ല. അങ്ങനെ നബി(സ്വ) എഴുന്നേറ്റുപോയി. അപ്പോൾ മൂന്നുപേരല്ലാത്തവരൊക്കെ പോയി. അവർ കുറേസമയം കഴിഞ്ഞ ശേഷമാണ് എഴുന്നേറ്റുപോയത്. ഈ അവസരം വിശ്വാസികൾ ആചരിക്കേണ്ട മര്യാദകൾ ക്വുർആൻ ഉണർത്തി: "സത്യവിശ്വാസികളേ, ഭക്ഷണത്തിന് (നിങ്ങളെ ക്ഷണിക്കുകയും) നിങ്ങൾക്ക് സമ്മതംകിട്ടുകയും ചെയ്താലല്ലാതെ നബി(സ്വ)യുടെ വീടുകളിൽ നിങ്ങൾ പ്രവേശിക്കരുത്. അത് (ഭക്ഷണം) പാകമാകുന്നത് നിങ്ങൾ നോക്കിയിരിക്കുന്നവരാകരുത്. പക്ഷേ, നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ പ്രവേശിക്കുക, നിങ്ങൾ ഭക്ഷണം കഴിച്ചാൽ പിരിഞ്ഞുപോവുകയും ചെയ്യുക. നിങ്ങൾ വർത്തമാനം പറഞ്ഞു രസിച്ചിരിക്കുന്നവരാവുകയും അരുത്. തീർച്ചയായും അതൊക്കെ നബി (സ്വ)യെ ശല്യപ്പെടുത്തുന്നതാകുന്നു. എന്നാൽ നിങ്ങളോട് (അത് പറയാൻ) അദ്ദേഹത്തിന് ലജ്ജ തോന്നുന്നു. സത്യത്തിന്റെ കാര്യത്തിൽ അല്ലാഹുവിന് ലജ്ജ തോന്നുകയില്ല." (33:53)

സ്വീകരണവും സൽക്കാരവും ഏറ്റുവാങ്ങിയശേഷം അതിഥി ആതിഥേയർക്ക് വേണ്ടി പ്രാർഥിക്കുകയും വേണം. "അല്ലാഹുവേ, അവർക്ക് നീ നല്കിയതിൽ അനുഗ്രഹിക്കുകയും അവർക്ക് പൊറുത്തു കൊടുക്കുകയും അവർക്ക് കാരുണ്യംനല്കുകയും ചെയ്യേണമേ!" (മുസ്ലിം) എന്ന് നബി(സ്വ) ആതിഥേയർക്ക് വേണ്ടി പ്രാർഥിച്ചിരുന്നു.

# വീടൊരു പാഠശാല

വീട് ഒരു പാഠശാലയാണ്. എഴുത്തും വായനയും കുട്ടികളെ അഭ്യസിപ്പിക്കുകയും മതപരവും സാന്മാർഗികവുമായ കാര്യങ്ങൾ അവരെ പരിശീലിപ്പിക്കുകയും ചെയ്തിരുന്നത് പൗരാണികകാലം മുതല്ക്കെ കുടുംബത്തിന്റെ ധർമമായി കണക്കാക്കിവരുന്നു. ആധുനിക കാലത്ത് മത- ഭൗതിക വിദ്യാലയങ്ങൾ അനേകമുണ്ടെങ്കിലും കുടുംബബാധ്യത തീരുന്നില്ല. പ്രത്യുത അല്പം ലഘൂകരിക്കപ്പെടുക മാത്രമേയുള്ളൂ.

കുട്ടികളുടെ സംസാരം, വസ്ത്രധാരണം, ശുചിത്വം, ആരോഗ്യം എന്നിവപോലെ ആത്മീയകാര്യത്തിലും വിജ്ഞാനത്തിലും ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: ''സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുവിൻ.'' (66:6)

ആധുനിക കുടുംബത്തിന്റെ ഈ ധർമം മനശ്ശാസ്ത്രപരമാണ്. കുട്ടിയുടെ വൈകാരികത രൂപപ്പെടുന്നതും അവൻ അറിവ് നേടുന്നതും വീട്ടിലെ അനുഭവങ്ങളിൽനിന്നാണല്ലോ. ബുദ്ധിമതിയും സദ്സ്വഭാവിയുമായ മാതാവിന്റെയും സൗമ്യനും സദ്ഗുണനുമായ പിതാവിന്റെയും പരിചരണത്തിൽ വളരുമ്പോഴേ കുട്ടിയിൽ ഉത്തമവ്യക്തിത്വം രൂപപ്പെടുകയുള്ളൂ. അതിന്നനുസൃതമായ മാനസികാനുഭവങ്ങൾ വീട്ടിൽനിന്ന് അവന് ലഭിക്കണം. അനാവശ്യമായ ആധിയും അരക്ഷിതാവസ്ഥയും ഒഴിവാക്കുക, കുട്ടിയുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കാളിയാവുക, അവന്റെ കൂട്ടുകാരെ മാന്യമായി സ്വീകരിക്കുക തുടങ്ങിയവ മാനസികവളർച്ചക്ക് സഹായകമാകുന്ന ചിലതാണ്. ഇത്തരം കുട്ടികൾ സ്വയംപര്യാപ്തത കൈവരിക്കാനും ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനും ശ്രമിക്കുന്നവരായിരിക്കും.

വിദ്യാഭ്യാസവിചക്ഷണരുടെ അഭിപ്രായത്തിൽ ഒരു വിദ്യാർഥിയെ ഏറെ ശ്രദ്ധിക്കേണ്ടത് ചെറുപ്പകാലത്താണ്. അവന്റെ വിവിധ ജന്മവാസനകളും കഴിവുകളും വിനോദങ്ങളിലൂടെ വളർത്തിയെടുക്കുകയും

ധാർമികബോധം അങ്കുരിപ്പിക്കുകയും ചെയ്യേണ്ടത് ഈ ഘട്ടത്തിലാണ്. ശൈശവദശക്ക് ശേഷം ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുമ്പോൾ വീടും വിദ്യാലയവും തമ്മിൽ സഹകരിക്കണം. എങ്കിലേ ഏതാനും മണിക്കൂറുകൾ മാത്രം വിദ്യാലയത്തിൽ ചെലവഴിക്കുന്ന കുട്ടികൾക്കു അറിവുണ്ടാവുകയുള്ളൂ. എത്രതന്നെ ജോലിത്തിരക്കുണ്ടായാലും കുട്ടികൾക്കുവേണ്ടി അവസരം കണ്ടെത്താൻ രക്ഷിതാക്കൾക്കു സാധിക്കണം. ആവശ്യമില്ലാതെ അങ്ങാടികളിലും മറ്റും വൈകുന്നേരങ്ങളിൽ സമയം പാഴാക്കുന്ന രക്ഷിതാക്കൾ സന്താനങ്ങളുടെ വൈജ്ഞാനിക പുരോഗതി നശിപ്പിക്കുന്നതിൽ തങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് അശ്രദ്ധരാണ്. പാഠഭാഗങ്ങളിൽ കുട്ടികളെ സഹായിക്കാൻ കഴിയില്ലെങ്കിലും രക്ഷിതാവിന്റെ വീട്ടിലെ സാന്നിധ്യം അവനെ പഠനത്തിൽ ശ്രദ്ധിക്കാനും സമയം ദുർവിനിയോഗം ചെയ്യാതിരിക്കാനും ഉപകരിക്കും. “അങ്ങാടിയിൽ ആദ്യം പ്രവേശിക്കുന്നവനും അവിടെനിന്ന് അവസാനം പുറപ്പെടുന്നവനും നീയാകരുത്’’ (മുസ്‌ലിം) എന്ന നബിവചനം പ്രസ്തുത രക്ഷിതാക്കൾക്കുള്ള ഉപദേശമത്രെ.

വിദ്യാർഥിയുടെ വീട്ടിലെ പെരുമാറ്റം, പഠനം, കുടുംബസാഹചര്യം മുതലായവ അധ്യാപകരെ മനസ്സിലാക്കുന്നതും പഠനസംബന്ധമായി ഇടക്കിടെ വിദ്യാലയങ്ങൾ സന്ദർശിക്കുന്നതും പുരോഗതിക്ക് ഗുണം ചെയ്യുന്നതാണ്. പഠനരംഗത്ത് അവൻ പുരോഗതി കൈവരിക്കുമ്പോഴും നല്ലത് പ്രവർത്തിക്കുമ്പോഴും അഭിനന്ദിക്കണം. കൊച്ചുകുട്ടിക്ക് ലഭിക്കുന്ന ശരിയും മാർക്കുമൊക്കെ അവന് വളരെ വിലപ്പെട്ടതായിരിക്കും. അത് അവഗണിക്കപ്പെടുന്നത് അവന്റെ മനസ്സിനെ മുറിവേല്പിക്കും. പ്രത്യുത അവന് സമ്മാനം (അതെത്ര ചെറുതാണെങ്കിലും) രക്ഷിതാക്കൾ കൊടുക്കുന്നത് അവനെ കൂടുതൽ ഉത്സാഹിയാക്കുന്നതാണ്.

ഒരിക്കൽ നബി(സ്വ) താഴ്‌വരയിലുള്ള ഇലകൊഴിഞ്ഞ ഒരു പ്രത്യേക വൃക്ഷത്തെക്കുറിച്ച് പരാമർശിക്കുകയും അത് ഏതാണെന്ന് ചോദിക്കുകയും ചെയ്തു. പലരും വിവിധ മരങ്ങളുടെ പേരുകൾ പറഞ്ഞു. അത് ഈന്തപ്പനയാണെന്ന് നബി(സ്വ) വിവരിച്ചു. സദസ്സിൽ നിന്ന് പിരിഞ്ഞ് തിരിച്ചുപോകുമ്പോൾ കൂട്ടത്തിൽ ഏറ്റവുംചെറിയ കുട്ടിയായിരുന്ന അബ്ദുല്ല(റ) തന്റെ പിതാവ് ഉമറി(റ)നോട് പറഞ്ഞു: ‘എന്റെ മനസ്സിൽ അത് ഈന്തപ്പനയാണെന്ന് തോന്നിയിരുന്നു.’ അപ്പോൾ ഉമർ(റ) പറഞ്ഞു: ‘എന്നിട്ടെന്തേ നീ അത് പറയാതിരുന്നത്? നീ അത് പറഞ്ഞിരുന്നെങ്കിൽ അത് ഇന്നാലിന്നതിനെക്കാൾ എനിക്ക് ഇഷ്ടമാകുമായിരുന്നു.’’ (ബുഖാരി)

അറിയുന്ന കാര്യങ്ങൾ പറയാൻ പ്രേരിപ്പിച്ചുകൊണ്ട് മറ്റൊരിക്കൽ അദ്ദേഹം പ്രതിവചിച്ചു: “കുഞ്ഞുമോനേ, പറയൂ. നീ നിന്നെ നിസ്സാരനായി കാണരുത്.’’

## വീഴ്ചകൾ ബോധ്യപ്പെടുത്തുക, ചരിത്രം അറിയിച്ചുകൊടുക്കുക

ഏതെങ്കിലും വിഷയത്തിലോ പൊതുവായോ പഠനത്തിൽ പിന്നാക്കമാണെങ്കിൽ കുട്ടികളെ പഴിക്കുകയോ നിരാശപ്പെടുത്തുകയോ അല്ല വേണ്ടത്. പ്രത്യുത അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുകയും കുട്ടിയുടെ പക്കൽ വീഴ്ചയുണ്ടെങ്കിൽ അത് ബോധ്യപ്പെടുത്തുകയും പ്രത്യാശയുണ്ടാക്കുകയും വേണം. അത്യുത്സാഹംകൊണ്ട് സഹപാഠികളെക്കാൾ മുന്നാക്കമാവുകയും സമൂഹത്തിൽ ഉന്നതി കൈവരിക്കുകയും ചെയ്തവരുടെ അനുഭവങ്ങൾ മനസ്സിലാക്കുന്നത് ആ കുട്ടികൾക്ക് പ്രത്യേകിച്ചും പ്രയോജനംചെയ്യും. ഇസ്‌ലാമികചരിത്രത്തിൽ അനേക പണ്ഡിതന്മാർ ഇതിനു മാതൃകകളായുണ്ട്. ആധുനികകാലത്തും ഇതിന്റെ ഉദാഹരണങ്ങൾ കാണാം. താഴെ ക്ലാസുകളിൽ പഠിക്കുമ്പോൾ കുറഞ്ഞമാർക്ക് മാത്രം ലഭിച്ചിരുന്ന വിസ്റ്റൺചർച്ചിലാണ് സൈനികസ്കൂളിൽ പഠിച്ചു വളർന്ന് പിന്നീട് ബ്രിട്ടീഷ് പ്രധാനമന്ത്രിയായത്.

അധ്യാപനരീതി മോശമാവുകയോ വിദ്യാർഥിയുടെ വാസനയുമായി പൊരുത്തപ്പെടാതിരിക്കുകയോ വീട്ടിലെയും വിദ്യാലയത്തിലെയും പരിതസ്ഥിതികൾ പ്രതികൂലമാവുകയോ ചെയ്യുന്നതും പഠനത്തിൽ പിന്നാക്കമാകാൻ കാരണമാകാറുണ്ട്. ഇന്ന് വിദ്യാഭ്യാസം ഏറെ സാമ്പത്തിക ചെലവുള്ളതായിരിക്കുകയാണ്. അതിനാൽ കുറച്ചൊക്കെ ത്യാഗംസഹിക്കാനും ഉപരിപഠനത്തോടൊപ്പം തൊഴിൽചെയ്യാനും വിദ്യാർഥികളും തയ്യാറാകേണ്ടതാണ്. ഇത്തരം സാഹചര്യങ്ങൾ തരണംചെയ്തു ഉന്നതിയിലെത്തിയവരെക്കുറിച്ച് മനസ്സിലാക്കുകയും ചെയ്യണം.

ഉടുതുണിക്ക് മറുതുണിയില്ലെന്ന പഴമൊഴി യഥാർഥത്തിൽ അനുഭവമായിത്തീർന്ന അനുചരന്മാർ നബി(സ്വ)യുടെ കൂടെയുണ്ടായിരുന്നു. പ്രമുഖ ഹദീഥ്പണ്ഡിതരിൽ ഒരാളായ അബൂഹുറയ്റ(റ) അവരിൽപെട്ടയാളാണ്. ഈ അടുത്ത് അന്തരിച്ച, സുഊദിഅറേബ്യയിലെ ഗ്രാന്റ്മുഫ്തിയും ലോകപ്രശസ്ത പണ്ഡിതനുമായ ശൈഖ് ഇബ്നുബാസ് കുട്ടിക്കാലത്തേ അന്ധനായിരുന്നു. ഇന്ത്യയുടെ അത്യുന്നത പദവിയിലെത്തിയ ശ്രീനിവാസശാസ്ത്രിയുടെ കുട്ടിക്കാലം കടുത്ത ദാരിദ്ര്യമായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ആരോ ഒരുകൊട്ട മാങ്ങ കൊടുത്തയച്ചപ്പോൾ ഉപ്പ് വാങ്ങാൻ പണമില്ലാത്തതിനാൽ അത് മടക്കിക്കൊടുക്കേണ്ട അനുഭവം പോലും അദ്ദേഹത്തിനുണ്ടായിരുന്നു. ഇപ്രകാരം പ്രതിസന്ധികളും പരിതാപകരമായ അവസ്ഥകളും തരണംചെയ്തു സ്ഥിരോത്സാഹത്തിലൂടെ കുടിലിൽനിന്ന് കൊട്ടാരത്തിലെത്തിയവർ അനേകമുണ്ട്. ദാരിദ്ര്യമുണ്ടായിട്ടും ത്യാഗപൂർണമായ ജീവിതത്തിലൂടെ മഹത്തായ സേവനങ്ങൾ സമർപ്പിച്ച ഉന്നതരുടെ ചരിത്രമറിയുന്നത് പുതിയ തലമുറയിൽ സദ്ഫലങ്ങൾ ഉളവാക്കും.

## ഹോംലൈബ്രറി

വിജ്ഞാനവികാസത്തിന് ആവശ്യമായ ഉത്തമഗ്രന്ഥങ്ങൾ മുസ്‌ലിംവീട്ടിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. കുടുംബാംഗങ്ങളുടെ ഭിന്ന വാസനക്കും അഭിരുചിക്കും അനുസരിച്ച് മതപരവും ഭൗതികവുമായ നല്ല ഗ്രന്ഥങ്ങളും പത്ര പ്രസിദ്ധീകരണങ്ങളെല്ലാം വീട്ടിലുണ്ടായിരിക്കുന്നത് വായനാശീലം വളർത്താനും വിവിധ വിഷയങ്ങളെകുറിച്ച് മനസ്സിലാക്കാനും സ്വതന്ത്രമായി ചിന്തിച്ച് അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള കരുത്തും നേടിക്കൊടുക്കുന്നതാണ്. വിശുദ്ധഖുർആനും പ്രവാചകന്മാരുടെയും മഹദ്‌വ്യക്തികളുടെയും ജീവിതാനുഭവങ്ങൾ വിവരിക്കുന്ന ഗ്രന്ഥങ്ങളും പ്രവൃത്തിമാർഗം അറിയാത്ത ദുഃഖിതന് ശാന്തിപകരുന്ന ഉത്തമ വഴികാട്ടിയായിരിക്കും. അവ വായനക്കാരിൽ ആത്മാർഥതയും ഉത്സാഹവും ഉണ്ടാക്കുകയും പ്രവർത്തനസജ്ജരാക്കുകയും ചെയ്യും.

മധ്യകാലത്ത് വൈജ്ഞാനിക മേധാവിത്വം പുലർത്താൻ പൂർവികമുസ്‌ലിംകൾക്ക് സാധിച്ചതിൽ ഗ്രന്ഥാലയങ്ങൾക്ക് അനല്പമായ പങ്കാണുള്ളത്. പള്ളികൾ, ആശുപത്രികൾ, വീടുകൾ എല്ലാം അന്ന് വിജ്ഞാനദീപ്തി പരത്തിക്കൊണ്ടിരുന്നു. ഒൻപതാംനൂറ്റാണ്ടിനും പതിനാറാംനൂറ്റാണ്ടിനും മധ്യേയുള്ള ഘട്ടങ്ങളിൽ ഗ്രന്ഥങ്ങളുടെ എണ്ണം നോക്കി വ്യക്തിയുടെ ധനശേഷി നിർണയിക്കാൻ മാത്രം അത് മത്സരരംഗമായി മാറിയിരുന്നു. നജ്ഫയിലുള്ള ചെറിയൊരു ഗ്രന്ഥാലയത്തിൽപോലും പതിനായിരം പുസ്തകങ്ങളുണ്ടായിരുന്നു.

അൽഖൈറുവാറിലെ ഭിഷഗ്വരനും സഞ്ചാരിയുമായ ഇബ്നുൽ ജസ്സാർ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ വീട്ടിൽ സ്വന്തം കൈപ്പടയിൽ എഴുതിയ ഇരുനൂറ്റിയൻപത് ടൺ മാൻതോലുണ്ടായിരുന്നു. തുർക്കിസ്ഥാനിലെ ഭരണാധികാരിയായ നൂഹുബ്നു മൻസ്വൂർ തന്റെ കൊട്ടാരത്തിലേക്ക് സ്വാഹിബുബ്നു ഉബാദിനെ ക്ഷണിച്ചപ്പോൾ തന്റെ ഗ്രന്ഥങ്ങൾ ചുമക്കാൻ നാനൂറ് ഒട്ടകങ്ങളെ അയച്ചുകൊടുക്കാനായിരുന്നു അദ്ദേഹം ഭരണാധികാരിയോട് ആവശ്യപ്പെട്ടിരുന്നത്. ഇതൊക്കെ അക്കാലത്തെ മുസ്‌ലിംകളുടെ വിജ്ഞാനതൃഷ്ണയും ഗ്രന്ഥശേഖരണത്തിലെ അതീവതാല്പര്യവും വരച്ചുകാണിക്കുന്നു. എന്നാൽ കുറ്റവാസനയുണ്ടാക്കുന്നതും അശ്ലീലവും അന്ധവിശ്വാസവും പ്രചരിപ്പിക്കുന്നതുമായ പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും വീട്ടിലുണ്ടാവുന്നത് അത്യന്തം അപകടകരമായിരിക്കും. ഇത്തരം പുസ്തകങ്ങൾ ശേഖരിക്കുന്നതിനെ ശക്തമായി എതിർത്തുകൊണ്ട് ഖുർആൻ പറഞ്ഞു: "യാതൊരു അറിവുമില്ലാതെ ദൈവമാർഗത്തിൽനിന്ന് ജനങ്ങളെ തെറ്റിച്ചുകളയുവാനും അതിനെ പരിഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദവർത്തമാനങ്ങൾ വിലക്കുവാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്ക് അപമാനകരമായ ശിക്ഷയുണ്ട്." (31:6)

## വിനോദങ്ങൾ

മാനസികാനന്ദവും സന്തോഷവുമാഗ്രഹിക്കുന്നത് മനുഷ്യസഹജമാണ്. എപ്പോഴും ഗൗരവമായ കാര്യങ്ങളിൽ മാത്രം മുഴുകി ചിന്തയും പഠനവുമായി കഴിയാൻ അധികമാളുകൾക്കും കഴിയുകയില്ല. പ്രത്യുത ചിരിക്കാനും ആശ്വസിക്കാനും വിശ്രമിക്കാനൊരു ഇടം വേണം. തന്മൂലം ഫലിതം, കുശലാന്വേഷണം, വിനോദം തുടങ്ങിയവകൊണ്ട് വീട് ഉല്ലാസവും ആഹ്ലാദവും നൽകുന്നതായിരിക്കണം.

നബി(സ്വ) തമാശകൾ പറഞ്ഞിരുന്നു. ഒരിക്കൽ അനുചരരിൽ ചിലർ ചോദിച്ചു: തിരുദൂതരേ, അങ്ങ് തമാശ പറയാറുണ്ടോ? അവിടുന്ന് പറഞ്ഞു: "അതേ, സത്യം മാത്രമേ പറയാറുള്ളൂ." (തിർമിദി)

ഒരിക്കൽ നബി(സ്വ)യോട് ഒരുവൃദ്ധ തന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കാൻ അല്ലാഹുവിനോട് പ്രാർഥിക്കാനാവശ്യപ്പെട്ടു. നബി(സ്വ) മറുപടി പറഞ്ഞു: "മാതാവേ, വൃദ്ധകൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ലല്ലോ." അനന്തരം കരയാൻ തുടങ്ങിയ അവരെ വിളിച്ചുകൊണ്ട് നബി(സ്വ) പറഞ്ഞു: "വൃദ്ധകൾ വൃദ്ധകളായിട്ടല്ല സ്വർഗത്തിൽ പ്രവേശിക്കുക. പ്രത്യുത അവരെല്ലാം കന്യകകളും യുവതികളുമായിട്ടാണ് പ്രവേശിക്കുക."(തിർമിദി)

വിഹാഹം, സ്വീകരണം, പെരുന്നാൾ തുടങ്ങിയ സന്തോഷാവസരങ്ങളിൽ ഗാനങ്ങൾ ആലപിച്ചും കലാപ്രകടനങ്ങൾ നടത്തിയും കൊണ്ടാടാറുണ്ടല്ലോ. ഒരു പെരുന്നാൾദിനം നബി(സ്വ)യുടെ വീട്ടിൽവെച്ച് കുട്ടികൾ പാട്ട് പാടിക്കൊണ്ടിരിക്കുമ്പോൾ അവിടെ എത്തിയ അബൂബക്ർ(റ) അവരെ ആക്ഷേപിച്ചു. അപ്പോൾ തിരുമേനി(സ്വ) പറഞ്ഞു: "അബൂബക്റേ, അവരെ വിട്ടേക്കുക എല്ലാ സമുദായങ്ങൾക്കും ആഘോഷദിനമുണ്ട്. ഇന്ന് നമ്മുടെ ആഘോഷദിനമാണ്."(ബുഖാരി)

മറ്റൊരിക്കൽ പെരുന്നാളിന് മദീനയിലെ പള്ളിയങ്കണത്തിൽവെച്ച് നടന്ന ആയുധപ്രകടനപരിപാടി നബി(സ്വ) കാണുകയും തന്റെ ഭാര്യ ആഇശ(റ)ക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു.

റബീഅ്(റ)യുടെ വിവാഹദിനം. പൂർവികരെ അനുസ്മരിച്ചു ഗാനങ്ങൾ ആലപിക്കുന്നതിന്നിടയിൽ 'ഭാവികാര്യങ്ങൾ അറിയുന്ന പ്രവാചകൻ (സ്വ) നമ്മിലുണ്ട്' എന്ന് അവർ ചൊല്ലി. അപ്പോൾ അവിടന്നത് തിരുത്തുകയും ഗാനം തുടരാൻ അനുവദിക്കുകയും ചെയ്തു.

ഇങ്ങനെയൊക്കെ വിനോദങ്ങളിലൂടെ വീടുകൾ സന്തോഷദായകമാക്കാവുന്നതാണ്. എന്നാൽ അന്യസ്ത്രീപുരുഷ സങ്കലനവും നിർലജ്ജമായ പ്രകടനങ്ങളും മദ്യചഷകങ്ങളും മ്ലേഛവികാരങ്ങളും സമ്മിശ്രമായ നിശാപരിപാടികൾ അനുവദനീയമല്ല. ഇസ്‌ലാമികനിയമങ്ങളുടെ പരിധി ലംഘിക്കാത്തവിധം നന്മയും സദാചാര ചിന്തയും തകർക്കാത്ത വിനോദങ്ങൾ മതം അനുവദിച്ചു. പ്രത്യുത മ്ലേഛവികാരങ്ങളും കുറ്റവാസനയും ഉണ്ടാക്കുകയോ കർത്തവ്യങ്ങളിൽനിന്ന് നി

ഷ്ക്രിയനാക്കുകയോ ചെയ്യുന്ന വിനോദങ്ങളും അതിനു മാത്രമായുള്ള ഉപകരണങ്ങളും വർജ്യമാണ്.

അസ്ത്രവിദ്യ, ചാട്ടുളിപ്രയോഗം, ഓട്ടമത്സരം, കുതിരപ്പന്തയം, ഗുസ്തി, നീന്തൽ, ഗാനാലാപനം മുതലായ ഭാഗ്യപരീക്ഷണമില്ലാത്തതും ശരീരത്തിന് ആരോഗ്യവും മനസ്സിന്നാനന്ദവും പ്രദാനം ചെയ്യുന്നതുമായ വിനോദങ്ങളെ പ്രവാചകൻ(സ്വ) പ്രോത്സാഹിപ്പിച്ചിരുന്നു. വിനോദത്തിൽ അതിരുവിട്ടു കഴിയുന്നവരെക്കുറിച്ച് അല്ലാഹു പറഞ്ഞു: "അവരുടെ രക്ഷിതാവിൽനിന്ന് പുതുതായ ഏതൊരു ഉദ്ബോധനം അവർക്ക് വന്നെത്തിയാലും അവർ വിനോദിക്കുന്നവരായിക്കൊണ്ടും ഹൃദയങ്ങൾ അശ്രദ്ധരായിക്കൊണ്ടും മാത്രമേ അവരത് കേൾക്കുകയുള്ളൂ." (21:23)

വിനോദങ്ങൾ കർത്തവ്യങ്ങളും അനുഷ്ഠാനങ്ങളും വിസ്മരിക്കത്തക്കവിധമാകരുത്. അത് അവിശ്വാസികളുടെ സ്വഭാവമാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ നമസ്കാരത്തിന്നായി വിളിച്ചാൽ അവരതിനെ ഒരു തമാശയും വിനോദവുമാക്കിത്തീർക്കുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനതയായതുകൊണ്ടത്രെ അത്." (5:58)

ടി വിയും അതുപോലുള്ളതും വീട്ടിലെ അവശ്യവസ്തുവായിരിക്കുന്ന ഇക്കാലത്ത് അവയൊക്കെ നല്ലതിനായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. തരളവികാരങ്ങളെ ഉത്തേജിപ്പിക്കുന്നതോ മാനസിക സംഘർഷം സൃഷ്ടിക്കുന്ന ക്രൂരവധങ്ങളോ ആസൂത്രിതമായ ആക്രമണങ്ങളോ സ്ക്രീനിൽ കണ്ടുകൊണ്ടിരിക്കുന്നത് മുതിർന്നവർ മാത്രമല്ല, കെട്ടിച്ചമച്ച കഥാപാത്രങ്ങളെയും യഥാർഥ വ്യക്തികളെയും തിരിച്ചറിയാൻ മാത്രം വിവേചനബുദ്ധി വളർന്നിട്ടില്ലാത്ത അപക്വമതികളായ കുട്ടികളുമാണ്. അവർ തങ്ങൾ കണ്ട ദൃശ്യങ്ങൾ അനുകരിക്കുകയും കുറ്റവാളികളാവുകയും ചെയ്യുന്ന സംഭവങ്ങൾ അനേകമാണ്. ലൈംഗികമായി വഴിതെറ്റുകയും മനസ്സുകൾ സ്നേഹരഹിതമായിത്തീരുകയും ചെയ്യുന്നു. എന്നാൽ ബുദ്ധിപരവും സാങ്കേതികമേന്മയും ഗുണനിലവാരവുമുള്ള പ്രോഗ്രാമുകളും വിനോദങ്ങളും തെരഞ്ഞെടുക്കാനും കുട്ടികളോടൊപ്പമിരുന്ന് കാണാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

# അടുക്കളയും തീന്മേശയും

വീട്ടിലെ സുപ്രധാന ഭാഗമാണല്ലോ അടുക്കള. ഭക്ഷണം പാകപ്പെടുത്തുന്നതും പാനീയങ്ങൾ തയ്യാറാക്കപ്പെടുന്നതും അവിടെ വെച്ചാണ്. ഭക്ഷ്യപദാർഥങ്ങൾ, പാത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ വൃത്തിയായും ഭദ്രമായും സൂക്ഷിക്കേണ്ടതാണ്. അതിന്നനുസൃതമായി അടുക്കളയിൽ സൗകര്യവും വിശാലതയുമുണ്ടാകണം. മാത്രമല്ല പുകയേൽക്കാതിരിക്കുക, വെളിച്ചം ലഭിക്കുക തുടങ്ങിയവയ്ക്ക് സംവിധാനമുണ്ടാക്കുന്നതും ആരോഗ്യരക്ഷയ്ക്ക് ആവശ്യമാണ്.

നബി(സ്വ) പറയുന്നു: "നിങ്ങൾ തോൽപ്പാത്രങ്ങൾ കെട്ടുക. അല്ലാഹുവിന്റെ നാമം പറയുകയും ചെയ്യുക. നിങ്ങൾ പാത്രങ്ങൾ അടച്ചുവെക്കുക. അല്ലാഹുവിന്റെ നാമം ചൊല്ലുക. അതിന്മേൽ നിങ്ങൾ വല്ലതും വിലങ്ങനെ വെക്കുകയെങ്കിലും വേണം. നിങ്ങൾ വിളക്ക് അണയ്ക്കുകയും ചെയ്യുക." (ബുഖാരി, മുസ്‌ലിം)

എലി, പല്ലി, കൂറ, പ്രാണികൾ എന്നിവയുടെ ശല്യത്തിൽനിന്ന് ഭക്ഷ്യപദാർഥങ്ങൾ സൂക്ഷിക്കണമെന്നും അഗ്നി, ഗ്യാസ്, മൂർച്ചയുള്ള ആയുധങ്ങൾ എന്നിവയുടെ വിപത്തുകളെക്കുറിച്ച് ജാഗ്രത വേണമെന്നും പ്രസ്തുത വചനം സൂചിപ്പിക്കുന്നു.

## അടുക്കും ചിട്ടയും

അടുക്കള അനേകം ഉപകരണങ്ങളുടെ ഉപയോഗസ്ഥലമാണല്ലോ. അതിനാൽ ഓരോ ഉപകരണവും വെക്കുന്നതിന് ഒരു നിശ്ചിത സ്ഥാനമുണ്ടാകുന്നതും ആവശ്യമെങ്കിൽ തിരിച്ചറിയാൻ പാത്രത്തിന്മേൽ സാധനത്തിന്റെ പേരെഴുതുന്നതും ജോലിഭാരം കുറയ്ക്കാനും സമയം ലാഭിക്കാനും ഉപകരിക്കും. അതല്പം കലാബോധത്തോടെ ചെയ്താൽ ഭംഗിയും സന്തോഷവും നല്കുകയും ചെയ്യും.

## നിരോധിത പാത്രങ്ങളും മറ്റും

സ്വർണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങൾ ആഹാരത്തിന് വേണ്ടി ഉപയോഗിക്കുന്നത് വിരോധിക്കപ്പെട്ടു. അതിലൂടെ സുഖാഡംബരപ്രേമികളായ ധൂർത്തന്മാർ പ്രൗഢി പ്രകടിപ്പിക്കാറുണ്ട്. നബി(സ്വ)

പറയുന്നു: 'നിങ്ങൾ സ്വർണത്തിന്റെയും വെള്ളിയുടെയും പാത്രത്തിൽ കുടിക്കുകയോ അവയുടെ തളികയിൽ തിന്നുകയോ ചെയ്യരുത്.' (ബുഖാരി)

തിന്മയ്ക്കുവേണ്ടി മാത്രമായി ഉപയോഗിക്കപ്പെടുന്ന പ്രത്യേക പാത്രങ്ങളും മുസ്‌ലിംഭവനത്തിലുണ്ടാകാവതല്ല. മദ്യത്തിന് വേണ്ടി ഉപയോഗിച്ചിരുന്ന പ്രത്യേക പാത്രങ്ങൾ ഉപേക്ഷിക്കാൻ അബ്ദുൽകൈ്വസ് കുടുംബത്തോട് ഇസ്‌ലാം സ്വീകരിക്കുമ്പോൾ നബി(സ്വ) ഉപദേശിച്ചു. (മുസ്‌ലിം)

**അമുസ്‌ലിംകളുടെ പാത്രങ്ങൾ**: അമുസ്‌ലിംകളുടെ പാത്രങ്ങൾ ഉപയോഗിക്കാവുന്നതാണ്. അവർ സാധാരണയായി ഇസ്‌ലാം നിഷിദ്ധമാക്കിയ ഭക്ഷ്യപദാർഥങ്ങൾ ഉപയോഗിക്കുന്നവരാണെങ്കിൽ കഴുകി ശുദ്ധിയാക്കേണ്ടതാണ്. ഒരിക്കൽ സഅ്‌ലബ(റ) ചോദിച്ചു: തിരുദൂതരേ, ഞങ്ങളുടെ നാട് വേദക്കാരായ ക്രിസ്ത്യാനികളുടേതാണ്. അവർ പന്നിമാംസം ഭുജിക്കുകയും മദ്യപിക്കുകയും ചെയ്യാറുണ്ട്. അവരുടെ പാചകോപകരണങ്ങളുടെയും പാത്രങ്ങളുടെയും കാര്യത്തിൽ ഞങ്ങൾ എന്തുചെയ്യണം? നബി(സ്വ) പറഞ്ഞു: നിങ്ങൾക്ക് അതല്ലാതെ ലഭിക്കുന്നില്ലെങ്കിൽ വെള്ളം കൊണ്ട് കഴുകി അതിൽ പാകംചെയ്യുകയും കുടിക്കുകയും ചെയ്യുക. (അഹ്മദ്)

## തീൻമേശയ്ക്കു ചുറ്റും

ഭക്ഷണം കഴിക്കുന്നതിന് വേണ്ടി തീൻമേശ ഇന്ന് ഉപയോഗിക്കപ്പെടുന്നു. നബി(സ്വ) ഭക്ഷിച്ചത് സുപ്രയിലാണെന്നതിനാൽ മേശ വിലക്കപ്പെടുന്നില്ല. മാത്രമല്ല അത് ഭോജനത്തെ എളുപ്പമാക്കുകയും ചെയ്യും. എങ്കിലും അത് ആഡംബരപൂർണമാകാതിരിക്കാനും ലാളിത്യമുള്ളതായിരിക്കാനും ശ്രദ്ധിക്കണം.

**കൈയും വായയും വൃത്തിയാക്കുക**: ഭക്ഷണം കഴിക്കുമ്പോൾ ഓരോ മുസ്‌ലിമും പാലിക്കേണ്ട നിർദേശങ്ങളുണ്ട്. അതിൽ പ്രാധാന്യമുള്ളതത്രെ വൃത്തി. കൈ അഴുക്ക് പുരളാൻ ഏറെ സാധ്യതയുള്ളതാണല്ലോ. അതും വായയും വൃത്തിയാക്കുന്നത് ആരോഗ്യത്തിനും നല്ലതാണ്. നബി(സ്വ) പറഞ്ഞു: ഭക്ഷണത്തിലെ അനുഗ്രഹം അതിന്റെ മുമ്പും ശേഷവും അംഗശുദ്ധി വരുത്തുകയാണ്. (അബൂദാവൂദ്, തിർമിദി)

ഒരിക്കൽ നബി(സ്വ) പാലുകുടിച്ചു. ശേഷം അവിടുന്ന് കൊപ്ലിച്ചു വായ വൃത്തിയാക്കി. എന്നിട്ട് പറഞ്ഞു: നിശ്ചയം, പാലിന് ഒരു കൊഴുപ്പുണ്ട്. (ബുഖാരി)

ഭക്ഷണാനന്തരം വൃത്തിയാക്കാതിരുന്നാൽ ഉണ്ടാകാനിടയുള്ള വിനയെക്കുറിച്ച് നബി(സ്വ) ഓർമിപ്പിക്കുന്നു. നിങ്ങളിൽ ഒരാളുടെ കൈയിൽ കൊഴുപ്പിന്റെ ഗന്ധമുണ്ടായിരിക്കെ അത് കഴുകി വൃത്തിയാക്കാതെ ഉറങ്ങിയിട്ട് അവന് വല്ല വിപത്തും സംഭവിച്ചാൽ അവൻ തന്നെത്തന്നെയല്ലാതെ ആക്ഷേപിക്കേണ്ടതില്ല. (ഇബ്നുമാജ)

കൈ തുടച്ചാൽ വൃത്തിയാകുന്ന തരത്തിലുള്ള ഭക്ഷണമാണെങ്കിൽ

കഴുകണമെന്നില്ല. നബി(സ്വ) പറഞ്ഞു. ആഹാരം കഴിക്കുന്നവൻ നക്കിവൃത്തിയാക്കാതെ തൂവാലകൊണ്ട് തുടയ്ക്കരുത്. (മുസ്‌ലിം)

പല്ലുകുത്തുക, സോപ്പ് ഉപയോഗിക്കുക, ബ്രഷ് ചെയ്യുക തുടങ്ങിയവയൊക്കെ ചെയ്യുന്നത് വൃത്തിയുടെ പൂർണതക്ക് ആവശ്യമാണ്.

**ഇരുന്ന് ഭക്ഷിക്കുക**: ഇരുന്ന് ആഹാരം കഴിക്കുന്നതാണ് ഉത്തമം. അനസുബ്നു മാലിക്ക്(റ) പറയുന്നു: നിന്ന് കുടിക്കുന്നത് നബി(സ്വ) നിരോധിച്ചു. ഖത്താദ(റ) പറഞ്ഞു: അപ്പോൾ ഞങ്ങൾ അദ്ദേഹത്തോട് ചോദിച്ചു. അപ്പോൾ നിന്ന് തിന്നുന്നതോ? അദ്ദേഹം പറഞ്ഞു: അത് കൂടുതൽ മോശമാണ്. (മുസ്‌ലിം)

ഇരിക്കാൻ ബുദ്ധിമുട്ടോ അസൗകര്യമോ ഉണ്ടെങ്കിൽ നിന്ന് കഴിക്കുന്നത് അനുവദനീയമാണ്. നബി(സ്വ)യും ഉമർ(റ), ഉസ്മാൻ(റ), അലി(റ) എന്നിവരും ചില സന്ദർഭങ്ങളിൽ നിന്ന് കുടിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

**വിനയം പ്രകടിപ്പിക്കുക**: വിനയത്തോടെ വേഗത്തിൽ എഴുന്നേൽക്കാൻ കഴിയുന്ന രൂപത്തിൽ ഇരിക്കുന്നത് ഉത്തമമാണ്. നബി(സ്വ) അങ്ങനെയായിരുന്നു ഇരുന്നിരുന്നതെന്ന് അബൂജുഹൈഫ(റ) പറയുന്നു. ഞാൻ റസൂലിന്റെ(സ്വ) അടുത്തുണ്ടായിരുന്നു. അപ്പോൾ അവിടന്ന് തന്റെ അടുത്തുള്ള ഒരാളോട് പറഞ്ഞു: ഞാൻ ചാരിയിരുന്ന് ഭക്ഷിക്കാറില്ല (ബുഖാരി). അപ്രകാരം ഇരുന്ന് കഴിക്കുന്നത് അമിതാഹാരത്തിനും ഉദരം വലുതാകാനും ഇടയാക്കും. മാത്രമല്ല, തലയണയിൽ ചാരിയിരുന്ന് ഭക്ഷിക്കുന്നത് വിനയത്തിന് ചേരുന്നതുമല്ല. കിടന്ന് ഭക്ഷിക്കുന്നതും അവശ്യഘട്ടത്തിലല്ലെങ്കിൽ മോശമാണെന്നാണ് പണ്ഡിതമതം.

**ബിസ്മി ചൊല്ലുക**: ഭക്ഷണം കഴിക്കുവാൻ തുടങ്ങുമ്പോൾ അതനുഗ്രഹിച്ചു നല്കിയ അല്ലാഹുവിനെ ഓർത്തുകൊണ്ട് അവന്റെ നാമം ചൊല്ലുക. നബി(സ്വ) പറയുന്നു: നിങ്ങളിലൊരാൾ ഭക്ഷണം കഴിക്കുകയാണെങ്കിൽ അവൻ *ബിസ്മില്ലാഹി* എന്ന് പറയട്ടെ. അവൻ തുടക്കത്തിൽ പറയാൻ മറന്നാൽ *ബിസ്മില്ലാഹി അവ്വലഹു വആഖിറഹു* എന്ന് പറയട്ടെ. (അഹ്മദ്, തിർമിദി)

അശുദ്ധിയുള്ളവരും ഋതുമതികളുമൊക്കെ അത് ചൊല്ലേണ്ടതാണ്. വലിയ അശുദ്ധിയുള്ളപ്പോഴും അല്ലാത്തപ്പോഴും ദിക്റുകൾ ചൊല്ലാം എന്നൊരു അധ്യായംതന്നെ 'മുസ്‌ലി'മിലുണ്ട്.

**വലതുകൈ ഉപയോഗിക്കുക**: ഇസ്‌ലാം നല്ലകാര്യങ്ങൾ ചെയ്യുന്നതിൽ വലതിന് പ്രാധാന്യം നല്കി. ഭക്ഷണം കഴിക്കുന്നതിലും അത് പാലിക്കാൻ നബി(സ്വ) പറയുന്നു. "നിങ്ങളിലൊരാൾ ഭക്ഷിക്കുമ്പോൾ അവൻ വലതുകൈകൊണ്ട് ഭക്ഷിക്കട്ടെ. അവൻ കുടിക്കുമ്പോൾ വലതുകൈകൊണ്ട് കുടിക്കട്ടെ. നിശ്ചയം, പിശാച് ഇടതുകൈകൊണ്ട് തിന്നുകയും ഇടതുകൈകൊണ്ട് കുടിക്കുകയും ചെയ്യുന്നു." (മുവത്വ)

ഉപകരണങ്ങൾക്കൊണ്ട് ഭക്ഷിക്കുന്നത് നിഷിദ്ധമല്ല. നബി(സ്വ)

ആടിന്റെ മാംസം കത്തികൊണ്ട് മുറിച്ചെടുത്ത് ഭക്ഷിച്ചിരുന്നു. (ബുഖാരി)

കാരക്ക പോലെയുള്ള ഭക്ഷ്യവസ്തുക്കൾ മൂന്നു വിരൽകൊണ്ടായിരുന്നു നബി(സ്വ) ഭക്ഷിച്ചിരുന്നതെന്ന് മുസ്‌ലിം ഉദ്ധരിച്ചിട്ടുണ്ട്.

**പാത്രത്തിന്റെ അരികിൽനിന്ന് കൂടിക്കുക:** പാത്രത്തിന്റെ അരികിൽനിന്നും അടുത്തഭാഗത്തുനിന്നും ഭക്ഷിക്കേണ്ടതാണ്. പാത്രത്തിന്റെ മധ്യത്തിൽ നിന്ന് ഭക്ഷിക്കരുത്. നബി(സ്വ) പറയുന്നു: നിങ്ങളിലൊരാൾ ഭക്ഷണം കഴിക്കുമ്പോൾ അവൻ തളികയുടെ മുകൾഭാഗത്തുനിന്ന് ഭക്ഷിക്കരുത്. പ്രത്യുത അവനതിന്റെ താഴെഭാഗത്തുനിന്ന് ഭക്ഷിക്കട്ടെ. നിശ്ചയം, അനുഗ്രഹം മുകളിൽനിന്നാണ് ഇറങ്ങുന്നത്. (അബൂദാവൂദ്)

**അമിതമായി ഭക്ഷിക്കാതിരിക്കുക:** അമിതാഹാരം ആരാധനകൾക്ക് വിഷമവും ശരീരത്തിന് ഭാരവും ആലസ്യവുമുണ്ടാക്കുന്നതാണ്. മാത്രമല്ല അനേകം രോഗങ്ങൾക്ക് അത് നിമിത്തമാവുകയും ചെയ്യും. അതിസാരം, തലവേദന, ഉദരവിക്ഷോഭം, കൂടിയ രക്തസമ്മർദം, നീർവീക്കം, അജീർണം തുടങ്ങിയവ അവയിൽ ചിലതാണ്. ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടി ലക്ഷ്യമാക്കുന്ന ഇസ്‌ലാം അമിതാഹാരം വിലക്കി. അല്ലാഹു പറയുന്നു: "നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക; അമിതമാകരുത്. അമിതമാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല." (7:31)

നബി(സ്വ) മിതാഹാരത്തിന്റെ രീതി വിവരിച്ചുകൊണ്ട് പറഞ്ഞു: "ഉദരത്തെക്കാൾ മോശമായ ഒരു പാത്രവും മനുഷ്യൻ നിറച്ചിട്ടില്ല. മനുഷ്യന് തന്റെ മുതുകിനെ നേരെനിർത്തുന്ന ഏതാനും പിടികൾ മതിയാകുന്നതാണ്. ആവശ്യമെങ്കിൽ മൂന്നിലൊരുഭാഗം ഭക്ഷണത്തിനും മൂന്നിലൊരുഭാഗം പാനീയത്തിനും മൂന്നിലൊരുഭാഗം ശ്വസനത്തിനും അവൻ ഉപയോഗിക്കട്ടെ." (തിർമിദി, ഹാകിം)

**പ്രശംസിക്കുകയും ഗുണദോഷിക്കുകയും ചെയ്യുക:** വ്യക്തിയുടെയും സമൂഹത്തിന്റെയും അഭിരുചിക്കനുസരിച്ചു ചില ഭക്ഷ്യപദാർഥങ്ങളോട് അനിഷ്ടം തോന്നിയേക്കാം. എങ്കിലും ഭക്ഷണത്തെ കുറ്റപ്പെടുത്തരുത്. നബി(സ്വ)യുടെ സ്വഭാവം ഇപ്രകാരമായിരുന്നു. അബൂഹുറയ്റ(റ) പറയുന്നു: തിരുമേനി(സ്വ) ഒരിക്കലും ഒരു ഭക്ഷണത്തെയും കുറ്റംപറഞ്ഞിട്ടില്ല. ഇഷ്ടപ്പെട്ടതാണെങ്കിൽ അവിടന്ന് കഴിക്കും; ഇഷ്ടകരമല്ലെങ്കിൽ അത് ഉപേക്ഷിക്കുകയും ചെയ്യും. (ബുഖാരി)

എന്നാൽ ഭക്ഷണത്തിലെ പോരായ്മകൾ പരിഹരിക്കാൻ സദുദ്ദേശ്യത്തോടെ ഗുണദോഷിക്കുന്നത് വിലക്കപ്പെട്ടതല്ല. ഭക്ഷണം നന്നായിട്ടുണ്ടെങ്കിൽ പ്രശംസിക്കുകയും വേണം. അത് പാകംചെയ്തവരെ സന്തോഷിപ്പിക്കും. നബി(സ്വ) തനിക്ക് ലഭ്യമായ ഭക്ഷണംകൊണ്ട് തൃപ്തിപ്പെടുകയും പ്രശംസിക്കുകയും ചെയ്തു. ഒരിക്കൽ ഭക്ഷണത്തിന് കറിയായി സുർക്ക മാത്രമേ ഉണ്ടായുള്ളൂ. അപ്പോൾ നബി(സ്വ) ഇങ്ങനെ പ്രശംസിച്ചു: "സുർക്ക എത്രനല്ല കറി!"(മുസ്‌ലിം)

**ഭക്ഷണം നശിപ്പിക്കൽ**: ആഹാരപദാർഥങ്ങൾ നശിപ്പിക്കുന്നത് ഗുരുതരമായ കുറ്റമാണ്. നബി(സ്വ) അതിന്നെതിരെ താക്കീതുചെയ്തു. അവിടുന്ന് പറഞ്ഞു: “നിങ്ങളിലാരുടെയെങ്കിലും ഒരുപിടി ഭക്ഷണം വീണുപോയാൽ അതിന്മേലുള്ള അഴുക്ക് നീക്കി അത് ഭക്ഷിക്കട്ടെ. അവൻ അത് പിശാചിനുവേണ്ടി ഉപേക്ഷിക്കരുത്.” (മുസ്‌ലിം)

ഭക്ഷ്യവസ്തുക്കൾ വൃത്തിയാക്കിയശേഷം ഉപയോഗിക്കാൻ കഴിയുന്നതാണെങ്കിൽ കളയരുതെന്ന് ഇവിടെ വ്യക്തമാക്കി. ഭക്ഷ്യപദാർഥത്തിൽ എലി വീണാൽ അതും അതിന്റെ ചുറ്റുഭാഗത്തുള്ളതും എടുത്തുകളഞ്ഞ് അവശേഷിക്കുന്നവ ഉപയോഗിക്കണമെന്ന് നബി(സ്വ) നിർദേശിച്ചു (ബുഖാരി). അകാരണമായി ഭക്ഷണം കളയുകയും അത് ലാഘവത്തോടെ കാണുകയും ചെയ്യുന്നവർക്ക് ഇത് ശക്തമായ താക്കീതാണ്. ആവശ്യത്തിലധികം ഭക്ഷണം തയ്യാറാക്കി പൊങ്ങച്ചം പ്രകടിപ്പിക്കുകയും മിച്ചംവരുന്നവ ഉപേക്ഷിക്കുകയും ചെയ്യുന്നത്, ദരിദ്രരുടെ വിശപ്പിന് പരിഹാരവുംകൂടി നിർദേശിക്കുന്ന ഇസ്‌ലാമികസംസ്കാരത്തിന് അന്യവും സാമൂഹ്യദ്രോഹവും പടച്ചവനോടുള്ള നന്ദികേടുമാണ്.

**ഭക്ഷ്യപദാർഥങ്ങളിൽ ഊതൽ**: ഭക്ഷ്യപാനീയത്തിൽ ഊതുന്നതും അതിലേക്ക് ഉഛ്വസിക്കുന്നതും നിരോധിച്ചു. അബൂഖതാദ(റ) പറയുന്നു: “നിശ്ചയം, നബി(സ്വ) പാത്രത്തിൽ ശ്വാസം വിടുന്നതും അതിൽ ഊതുന്നതും വിരോധിച്ചു.” (തിർമിദി)

കരടും പൊടിയും നീക്കാനാണെങ്കിലും ഊതരുതെന്ന് നിർദേശിച്ചു. ഒരിക്കൽ നബി(സ്വ)യോട് ചോദിച്ചു: പാത്രത്തിൽ വല്ല പൊടിയും കണ്ടാലോ? അവിടന്ന് പറഞ്ഞു: ആ പൊടി ഒഴിച്ചുകളയുക (തുർമുദി). ഇത് വിലക്കിയതിൽ രോഗാണുക്കൾ, ദുർഗന്ധം തുടങ്ങിയവ പ്രതിരോധിക്കലുണ്ട്.

**വെള്ളം കുടിക്കുമ്പോൾ**: പാനീയങ്ങൾ അല്പാല്പമായി കുടിക്കുകയാണ് വേണ്ടത്. നബി(സ്വ) പറഞ്ഞു: “നിങ്ങൾ ഒട്ടകം കുടിക്കുന്ന പോലെ ഒറ്റത്തവണയായി കുടിക്കരുത്. രണ്ടോ മൂന്നോ പ്രാവശ്യമായി കുടിക്കുക” (തിർമിദി). നബി(സ്വ) കുടിക്കുമ്പോൾ മൂന്ന് തവണ ശ്വാസം പുറത്തേക്കു വിടുമായിരുന്നു. (ബുഖാരി)

തോൽപ്പാത്രത്തിന്റെയും മറ്റും വായയിൽനിന്ന് നേരിട്ടോ അടച്ചുവെച്ച പാത്രത്തിന്റെ കുഴലിലൂടെയോ കുടിക്കുന്നത് ഉപേക്ഷിക്കേണ്ടതാണ്. അബൂസഈദിൽഖുദ്‌രി(റ) പറയുന്നു: നബി(സ്വ) വെള്ളം നിറച്ച തോൽപ്പാത്രത്തിന്റെ വായ തുറന്ന് തലകീഴാക്കി പിടിച്ചുകൊണ്ട് കുടിക്കുന്നത് വിരോധിച്ചു (ബുഖാരി). വെള്ളപ്പാത്രത്തിന്റെ കുഴലിലൂടെ കുടിക്കുന്നത് നബി(സ്വ) വിരോധിച്ചു. (ബുഖാരി)

വെള്ളത്തിൽ ഇഴജന്തുക്കൾ, പ്രാണികൾ, അഴുക്ക്, പൊടി തുടങ്ങിയവയൊക്കെ ഉണ്ടാവാനിടയുണ്ടല്ലോ. മാത്രമല്ല ആശ്വാസപൂർവം കുടിക്കാൻ സൗകര്യവും പാത്രത്തിൽ ഒഴിച്ചുകുടിക്കുന്നതാണ്. ഇനി ഒഴിച്ചുകുടിക്കാൻ പാത്രമില്ലാതിരുന്നാലും ഭദ്രമായി സൂക്ഷി

ക്കപ്പെട്ടതായാലും പാത്രത്തിന്റെ ഉള്ളിലുള്ളത് തെളിഞ്ഞുകാണുന്നതായാലും അതിൽനിന്ന് തന്നെ കുടിക്കാവുന്നതാണ്.

പാത്രത്തിന്റെ പൊട്ടിയഭാഗത്തിലൂടെ കുടിക്കാവതല്ല. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി(സ്വ) കോപ്പയുടെ പൊട്ടിയഭാഗത്തിലൂടെ കുടിക്കുന്നത് വിരോധിച്ചു (അബൂദാവൂദ്). അവിടെ അഴുക്കുണ്ടാകാനും അതുമൂലം മുറിവേൽക്കാനും ഇടയുണ്ട്.

**കൈയും പാത്രവും വൃത്തിയാക്കുക**: ഭക്ഷണം കഴിക്കുമ്പോൾ കൈയിലും പാത്രത്തിലുമായി അല്പംപോലും ബാക്കിയാക്കരുത്. കൈയും പാത്രവും തുടച്ചുവൃത്തിയാക്കി കഴിക്കണം. ജാബിർ(റ) പറയുന്നു: ഭക്ഷണം കഴിക്കുമ്പോൾ തളികയും വിരലുകളും നക്കി വൃത്തിയാക്കുവാൻ നബി(സ്വ) കല്പിച്ചു. അവിടന്ന് പറഞ്ഞു: നിങ്ങളുടെ ഭക്ഷണത്തിൽ ഏതിലാണ് നന്മയുള്ളതെന്ന് നിങ്ങൾക്കറിയില്ല. (മുസ്‌ലിം)

**പ്രാർഥന**: ആഹാരം കഴിച്ചശേഷം ഇങ്ങനെ പ്രാർഥിക്കണം: "അല്ലാഹുവേ, എന്റെ കഴിവോ ശേഷിയോ കൂടാതെ ഇതെനിക്ക് നല്കുകയും എന്നെ ഭക്ഷിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി." (തുർമുദി)

## സംഘഭോജനം

ഒറ്റയ്ക്കും ഒരുമിച്ചും ഭക്ഷിക്കാവുന്നതാണെങ്കിലും കൂട്ടമായുള്ളതിനെ ഇസ്‌ലാം പ്രോത്സാഹിപ്പിച്ചു. വഹ്ശി(റ) പറയുന്നു: ഒരിക്കൽ നബി(സ്വ)യോട് അനുചരൻ ചോദിച്ചു: ഞങ്ങൾ ഭക്ഷിക്കുന്നു, പക്ഷേ വയറു നിറയുന്നില്ല. റസൂൽ(സ്വ) അവരോട് ചോദിച്ചു: നിങ്ങൾ വെവ്വേറെയാണോ ഭക്ഷിക്കുന്നത്? അവർ പറഞ്ഞു: അതേ. പ്രവാചകൻ(സ്വ) പ്രതിവചിച്ചു: എന്നാൽ നിങ്ങൾ ഒരുമിച്ച് ഭക്ഷിക്കുകയും ബിസ്മി ചൊല്ലുകയും ചെയ്യുക. അപ്പോൾ നിങ്ങൾക്കതിൽ അനുഗ്രഹം ചെയ്യപ്പെടും. (അബൂദാവൂദ്)

മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു: നിങ്ങൾ സംഘടിതമായി ഭുജിക്കുക. നിങ്ങൾ വെവ്വേറെയാകരുത്. നിശ്ചയം, ഒരാളുടെ ആഹാരം രണ്ടാൾക്ക് മതിയാകുന്നതാണ്. (ത്വബ്റാനി)

തീൻമേശയ്ക്ക് ചുറ്റും കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് ഭക്ഷിക്കുന്നതിൽ അനേകം സദ്ഫലങ്ങളുണ്ട്. അവർക്കിടയിൽ മാനസികമായ അടുപ്പമുണ്ടാവുന്നു. ഐക്യവും സ്നേഹവും വർധിക്കുന്നു. പരസ്പരം സഹകരിക്കാനും കുറഞ്ഞതുകൊണ്ട് തൃപ്തിപ്പെടാനും ശീലിക്കുന്നു. മറ്റുള്ളവരോടൊപ്പം ഇരിക്കാനുള്ള മടിയും അന്തർമുഖത്വവും നീങ്ങുന്നു. മാനസികോല്ലാസവും സംതൃപ്തിയും ലഭിക്കുന്നു. ഭക്ഷണമര്യാദകൾ കുട്ടികൾക്ക് മനസ്സിലാക്കാനും സാധിക്കുന്നു. തലമുറകളെ ഒരുമിപ്പിക്കാനും സാമൂഹ്യബോധം വളർത്താനും അതുപകരിക്കുന്നു. കുടുംബബന്ധം പുലർത്താനും ഒത്തുകൂടാനും അവസരം ലഭിക്കാത്ത തിരക്കിന്നിടയിൽ ഇതിന്റെ പ്രസക്തി കൂടുന്നു.

**സഹഭോജകരോടുള്ള കടമ**: കുടുംബാംഗങ്ങൾ ഒരുമിച്ച് കഴിക്കുമ്പോൾ അതിൽ ബഹുമാനാദരവുകൾ അർഹിക്കുന്നവരുണ്ടെങ്കിൽ അ

ദ്ദേഹം തുടങ്ങുന്നതുവരെ കാത്തിരിക്കുന്നത് നല്ല സ്വഭാവമാണ്. ഹുദൈഫ പറയുന്നു: ഞങ്ങൾ നബി(സ്വ)യുടെ സദ്യയിൽ പങ്കെടുത്താൽ അദ്ദേഹം ആരംഭിക്കുകയും ഭക്ഷണത്തിൽ കൈവെക്കുകയും ചെയ്യുന്നതുവരെ ഞങ്ങൾ കൈവെക്കുകയില്ല. (മുസ്‌ലിം)

കൂടെ ഭക്ഷിക്കുന്നവരെ പരിഗണിക്കണം. അവരുടെ തൃപ്തിയോ അനുവാദമോ ഉണ്ടെങ്കിലേ മറ്റുള്ളവർക്ക് കൂടിയുള്ള ഭക്ഷണം സ്വയം കഴിക്കാവൂ; ഭക്ഷണം കുറവാണെങ്കിൽ പ്രത്യേകിച്ചും. ഇബ്നുഉമർ(റ) പറഞ്ഞു: നിങ്ങൾ ഒന്നിലധികം ചേർത്ത് കഴിക്കരുത്. നിശ്ചയം, നബി (സ്വ) അത് വിരോധിച്ചു. പിന്നീട് അദ്ദേഹം പറഞ്ഞു: ഒരാൾ തന്റെ സഹോദരനോട് അനുവാദം ചോദിച്ചാലല്ലാതെ. (ബുഖാരി)

കൂടെയുള്ളവർ കഴിച്ചാലും മിച്ചംവരുന്നത്ര ഭക്ഷണമുണ്ടെങ്കിൽ ഒന്നിലധികം ചേർത്ത് കഴിക്കാമെങ്കിലും അത്യാർത്തിയും സ്വാർഥതയും കാണിക്കുന്നതും മറ്റുള്ളവരുടെ വിഹിതം ആഹരിക്കുന്നതും പാടില്ലാത്തതാണ്.

കൂടെയുള്ളവർക്കുവേണ്ടി ഒതുങ്ങിയിരുന്ന് സ്ഥലസൗകര്യം നല്കേണ്ടതാണ്. നബി(സ്വ) ആളുകൾ അധികമുള്ളപ്പോൾ മുട്ടുകുത്തിയിരിക്കുമായിരുന്നു (അബൂദാവൂദ്). സാവകാശം ഭക്ഷിക്കുന്നവർക്ക് വേണ്ടി മറ്റുള്ളവർ കാത്തിരിക്കേണ്ടതാണ്. നബി(സ്വ) പറഞ്ഞു: ഭക്ഷണത്തളിക കൊണ്ടുവന്നുവെച്ചാൽ അത് എടുത്തുകൊണ്ട് പോകുന്നതുവരെ ആരും എഴുന്നേൽക്കരുത്. അവന്റെ വിശപ്പ് അടങ്ങിയാലും മറ്റുള്ളവർ ഭക്ഷണത്തിൽനിന്ന് വിരമിക്കുന്നതുവരെ അവൻ കൈ ഉയർത്തരുത്. കാരണം അത് കൂടെ ഇരിക്കുന്നവരെ ലജ്ജിപ്പിക്കുകയും അവൻ ഭക്ഷണം മതിയാക്കി കൈ എടുക്കുകയും ചെയ്തേക്കും. യഥാർഥത്തിൽ അവന് ഭക്ഷണത്തിനുള്ള ആവശ്യം പൂർത്തിയായിട്ടുമില്ല. (ഇബ്നുമാജ)

ഓരോരുത്തരും തന്റെ അടുത്തഭാഗത്ത് നിന്ന് ഭക്ഷിക്കണമെന്ന് ഇസ്‌ലാം നിർദേശിച്ചു. പരക്കെ കൈയിട്ട് വാരുന്നത് മറ്റുള്ളവരിൽ വെറുപ്പുളവാക്കും. ഒരിക്കൽ നബി(സ്വ)യുടെ കൂടെ ഭക്ഷിച്ചിരുന്ന കുട്ടിയുടെ കൈ പാത്രത്തിൽ അങ്ങുമിങ്ങും നീങ്ങിക്കൊണ്ടിരുന്നു. അപ്പോൾ നീ നിന്റെ അടുത്ത ഭാഗത്ത് നിന്നു തിന്നുക എന്ന് നബി(സ്വ) ഉപദേശിച്ചു.

വിവിധ ഭക്ഷ്യവസ്തുക്കൾ മേശയുടെ പല ഭാഗങ്ങളിലായി വെക്കുമ്പോൾ വിവിധ ഭാഗങ്ങളിൽനിന്നെടുത്ത് ഭക്ഷിക്കേണ്ടിവരുമല്ലോ. അതിന് വിരോധമില്ല. കറിപ്പാത്രത്തിൽ കൈ ഇടുക, എച്ചിലുകൾ മറ്റുള്ളവരുടെ മുമ്പിലിടുക, കടിച്ചത് മറ്റുള്ളവരുടെ പാത്രത്തിൽ ഇടുക തുടങ്ങിയവയൊക്കെ ഒഴിവാക്കേണ്ടതാണ്. വെറുപ്പുളവാക്കുന്ന സംസാരവും ഉപേക്ഷിക്കേണ്ടതാണ്. കാര്യങ്ങളും തമാശകളുമൊക്കെ പറഞ്ഞ് സന്തോഷിക്കുകയാണല്ലോ ആഘോഷങ്ങളോടൊപ്പമുള്ള സദ്യയ്ക്ക് അനുയോജ്യം. കൂട്ടത്തിൽ അന്നദാതാവായ അല്ലാഹുവിന്റെ അനുഗ്രഹത്തെ വിസ്മരിക്കുകയും അരുത്.

# അനുവദനീയവും നിഷിദ്ധവുമായ ഭക്ഷ്യപദാർഥങ്ങൾ

ഒരു മുസ്‌ലിം ആഹരിക്കേണ്ട ഭക്ഷ്യവസ്തുക്കൾ അനുവദിക്കപ്പെട്ടതും(ഹലാൽ) വിശിഷ്ടമാ(ത്വയ്യിബ്)യതുമാകണം. അല്ലാഹു പറയുന്നു: "അവർക്ക് അനുവദിക്കപ്പെട്ടത് ഏതാണെന്ന് അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക: നല്ലത് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു." (5:4)

നബി(സ്വ)യുടെ കർത്തവ്യം വിവരിക്കവേ അല്ലാഹു പറയുന്നു. വിശിഷ്ടമായ വസ്തുക്കൾ അവർക്ക് അനുവദിക്കുകയും മ്ലേഛമായവ അവർക്ക് നിഷിദ്ധമാക്കുകയും ചെയ്യുന്നു. (7:157)

## അനുവദനീയവും വിശിഷ്ടവുമായവ

വിശിഷ്ടമായവയിൽ ചിലത് ക്വുർആൻ വ്യക്തമാക്കി. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, കരാറുകൾ പൂർത്തിയാക്കുക. (ശേഷം) നിങ്ങൾക്ക് വിവരിച്ചുതരുന്നതല്ലാത്തവ ഒഴികെയുള്ള ആട്, മാട്, ഒട്ടകം ഇനങ്ങളിൽ പെട്ട മൃഗങ്ങൾ നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു" (6:5). ഈ ഇനങ്ങളിൽ പെടുന്ന മൃഗങ്ങളെ നബി(സ്വ)യും അനുചരരും ഭക്ഷിച്ചിരുന്നു.

കുതിര, മുയൽ, കാട്ടുകഴുത എന്നീ മൃഗങ്ങളും കോഴി, പ്രാവ്, കുരുവി, വെട്ടുകിളി, കാട തുടങ്ങിയ പക്ഷികളും അനുവദിക്കപ്പെട്ടവയിൽ ചിലതാണ്.

ഉടുമ്പുമാംസം ഭക്ഷിക്കാവുന്നതാണ്. നബി(സ്വ) അത് കഴിച്ചില്ലെങ്കിലും സമൂഹത്തിന് അനുവദിച്ചു. ഇബ്നുഅബ്ബാസ്(റ) പറയുന്നു: ഉടുമ്പിന്റെ മാംസം നബി(സ്വ)യുടെ മുന്നിൽ വിളമ്പുകയും അവിടുന്ന് അത് കഴിക്കാതിരിക്കുകയും ചെയ്തു. 'അത് നിഷിദ്ധമാണോ' എന്ന് ചോദിച്ചപ്പോൾ പ്രവാചകൻ(സ്വ) പറഞ്ഞു: "അല്ല, എന്റെ ജനതയുടെ നാട്ടിൽ(മക്ക) അതില്ല. അതിനാൽ ഞാനത് വെറുക്കുന്നു.' നബി(സ്വ)

യുടെ മുന്നിൽവെച്ച് അവിടുന്ന് നോക്കിക്കൊണ്ടിരിക്കെ അവിടുത്തെ സുപ്രയിൽ വെച്ച് അത് ഭക്ഷിച്ചു. (ബുഖാരി)

ജലജീവികളെക്കുറിച്ച് ക്വുർആൻ പറയുന്നു: "നിങ്ങൾക്കും യാത്രക്കാർക്കും ജീവിതവിഭവമായി ഉപയോഗിക്കാൻ സമുദ്രത്തിലുള്ളവയെ വേട്ടയാടുന്നതും അതിലെ ഭക്ഷണവും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു." (5:96)

സമുദ്രയാത്രക്കിടയിൽ സമുദ്രജലം കൊണ്ട് വുദ്വൂചെയ്യാമോ എന്നതിന് നബി(സ്വ) മറുപടി പറഞ്ഞു: 'അതിലെ വെള്ളം ശുദ്ധീകരിക്കുന്നതും അതിലെ ശവം അനുവദനീയവുമാണ്.' (തിർമിദി)

എന്നാൽ കരജീവികളും ജലജീവികളുമൊക്കെ അനുവദിക്കപ്പെട്ടതിനു പുറമെ വിശിഷ്ടമായതുകൂടിയാകണമെന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം ശൈഖുൽഇസ്‌ലാം ഇബ്നുതൈമിയ(റ) വിവരിക്കുന്നു.

വിശിഷ്ടമായത് എന്നാൽ സ്വാദിഷ്ടമായത് എന്നല്ല. ചില വിഷങ്ങളും ലഹരിസാധനങ്ങളും നല്ല രുചിയുള്ളതാണ്. അറബികൾ ഇഷ്ടപ്പെട്ടതോ അവർ പതിവാക്കിയതോ അല്ല. കാരണം രക്തം, ശവം എന്നിവ അവരുടെ സാധാരണ ഭക്ഷണമായിരുന്നു. വിശുദ്ധ ക്വുർആൻ അത് നിരോധിക്കുകയും ചെയ്തു. ഓന്തല്ലാത്തതൊക്കെ അവർ ഭക്ഷിച്ചു. നബി(സ്വ) ഉടുമ്പിന്റെ മാംസം കഴിക്കാതിരുന്നത് അത് മക്കക്കാരുടെ ഭക്ഷണമല്ലാത്തതുകൊണ്ടാണ്. എന്നാൽ അത് മറ്റുള്ളവർക്ക് അദ്ദേഹം അനുവദിച്ചു. മനുഷ്യന്റെ ബുദ്ധിക്കും സംസ്കാരത്തിനും യോജിക്കുന്നത് വിശിഷ്ടമായതും(ത്വയ്യിബ്) അവ രണ്ടിനും ഉപദ്രവകരമായത് ചീത്ത(ഖബീഥ്)യായും കണക്കാക്കേണ്ടിയിരിക്കുന്നു. എങ്കിലേ ഭക്ഷ്യവസ്തു അനുവദനീ(ഹലാൽ)യമായതിനു പുറമെ വിശിഷ്ടമാവുക കൂടിവേണമെന്ന് പറഞ്ഞതിന്നർഥമുണ്ടാവുകയുള്ളൂ. (മജ്മൂഅ് ഫതാവാ)

## വൈവിധ്യവും ലാളിത്യവും

ആരോഗ്യസംരക്ഷണത്തിന് ഭക്ഷണത്തിൽ വൈവിധ്യം ആവശ്യമാണ്. ശരീരത്തിന് ആവശ്യമായ ഊർജവും വളർച്ചയും നല്കുകയും ശരീരകലകളുടെ തേയ്മാനം പരിഹരിക്കുകയുമാണ് ഭക്ഷണത്തിന്റെ മുഖ്യധർമം. അതിന് ധാന്യങ്ങൾ, പയറുകൾ, പച്ചക്കറികൾ, കിഴങ്ങുകൾ, പാലുല്പന്നങ്ങൾ, മത്സ്യമാംസാദികൾ, എണ്ണകൾ മുതലായ എല്ലായിനം ഭക്ഷ്യവസ്തുക്കളും ഉപയോഗിക്കപ്പെടണം. ഇത് സാധ്യമാകത്തക്കവിധത്തിലാണ് അവയെ അല്ലാഹു സംവിധാനിച്ചത്. അല്ലാഹു പറയുന്നു: "പന്തലിൽ പടർത്തപ്പെട്ടതും അല്ലാത്തതുമായ തോട്ടങ്ങളും ഈന്തപ്പനകളും വിവിധയിനം കനികളുമുള്ള കൃഷികളും ഒലീവും മാതളവും പരസ്പരം തുല്യതയുള്ളതും എന്നാൽ തിരിച്ചറിയാത്തതുമായ നിലയിൽ എല്ലാം സൃഷ്ടിച്ചത് അവനത്രെ." (6:141)

മുന്തിരിപോലെ പന്തലുകളിൽ പടരുന്ന വള്ളിച്ചെടികൾ, പച്ചക്കറികൾ, കായ്കനികളും എണ്ണയും നല്കുന്ന വൃക്ഷങ്ങൾ, ധാന്യവർഗങ്ങൾ, പഴങ്ങൾ എന്നീ ഇനങ്ങളും അവയോടൊക്കെ സാദൃശ്യം തോന്നുന്നതും അല്ലാത്തതുമായ വിഭിന്ന ഭക്ഷ്യവസ്തുക്കളെക്കുറിച്ചും ഇവിടെ ഹ്രസ്വമായി സൂചിപ്പിച്ചു. മാത്രമല്ല, മരുഭൂമിയിൽ വളരുന്നതും അല്ലാത്തതുമായ ഭക്ഷ്യപദാർഥങ്ങളെയും മാംസാഹാരത്തെയും കുറിച്ചും നബി(സ്വ) വിവരിക്കുകയും ചെയ്തു.

വ്യക്തിയുടെ വയസ്സ്, ചെയ്യുന്ന ജോലി, ഭക്ഷണരീതി എന്നിവക്കനുസൃതമായി ഭക്ഷ്യക്രമം പാലിക്കേണ്ടതാണ്. എങ്കിലേ ശരീരത്തിന് ആവശ്യമായ അളവിൽ പോഷകമൂല്യങ്ങളും ധാതുലവണങ്ങളും ലഭിക്കുകയുള്ളൂ. ഭക്ഷ്യവിഭവങ്ങളിൽ വിശാലത പുലർത്തുന്നത് മതത്തിൽ നിഷിദ്ധമല്ല. പക്ഷേ അത് സുഖലോലുപതയിലേക്കും അത്യാഡംബരത്തിലേക്കും വഴുതിപ്പോകാവതല്ല. മാത്രമല്ല, ഭക്ഷണകാര്യത്തിലും ലാളിത്യമാണ് ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നത്. അനസ്(റ) പറയുന്നു: നബി(സ്വ) മരണപ്പെടുന്നതുവരെ മാർദവമുള്ള റൊട്ടി ഭക്ഷിച്ചിട്ടില്ല. ചൂടുവെള്ളത്തിലിട്ട് രോമം കളഞ്ഞ്, വേവിച്ച് പാകപ്പെടുത്തിയ പ്രായംകുറഞ്ഞ ആട്ടിൻകുട്ടിയുടെ മാംസം റസൂൽ(സ്വ) കണ്ടിട്ടില്ല. (ബുഖാരി)

## മാർഗം വിശുദ്ധമാകണം

ഭക്ഷ്യപദാർഥങ്ങൾ സമ്പാദിക്കാൻ ഇസ്‌ലാം അനുശാസിച്ചു. എന്നാൽ അതിന്റെ മാർഗം അനുവദനീയമാകണം. കൈക്കൂലി, കൊള്ള, പലിശ തുടങ്ങിയ മാർഗങ്ങളിലൂടെ ധനം സമ്പാദിക്കുന്നതും ലഭിക്കുന്നതും നിഷിദ്ധമാണ്. അത് അന്യവ്യക്തികളുടേതായാലും പൊതുമുതലായാലും എല്ലാം സമംതന്നെ. അല്ലാഹു പറയുന്നു: “സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടെ നടത്തുന്ന കച്ചവട ഇടപാട് മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി നിങ്ങളന്യോന്യം തിന്നരുത്.” (4:29)

ദീർഘയാത്ര ചെയ്ത് പൊടിപുരണ്ട് ജടപിടിച്ച ഒരാളെക്കുറിച്ച് നബി(സ്വ) പറയുന്നു: അവൻ ഇരുകരങ്ങളും ഉപരിലോകത്തേക്ക് ഉയർത്തിക്കൊണ്ട് എന്റെ നാഥാ, എന്റെ നാഥാ എന്ന് വിളിച്ചു പ്രാർഥിക്കുന്നു. എന്നാൽ അവന്റെ ഭക്ഷണം നിഷിദ്ധമായതാണ്. അവൻ കുടിക്കുന്നതും നിഷിദ്ധമാണ്. അവന്റെ വസ്ത്രവും നിഷിദ്ധമാണ്. നിഷിദ്ധമായതുകൊണ്ട് അവന് പോഷണം നല്കപ്പെട്ടിരിക്കുന്നു. പിന്നെ എങ്ങനെ അവനുത്തരം ലഭിക്കും! (മുസ്‌ലിം)

മറ്റൊരിക്കൽ നബി(സ്വ) പറഞ്ഞു: നിഷിദ്ധമായത് തിന്നുവളർന്ന എല്ലാ മാംസവും ഏറ്റവും അർഹിക്കുന്നത് നരകമാകുന്നു.(തിർമിദി)

ഭക്ഷ്യപദാർഥങ്ങൾ ശരിയായമാർഗത്തിലൂടെയായിരിക്കാൻ വളരെ ശ്രദ്ധിക്കണം. ഒരിക്കൽ നബി(സ്വ)യുടെ പൗത്രൻ ഹസൻ(റ) സകാ

ത്തിന്റെ ധനത്തിൽനിന്ന് ഒരു ഈത്തപ്പഴം എടുത്തു. അപ്പോൾ അദ്ദേഹം കുട്ടിയായിരുന്നിട്ടും നബി(സ്വ) അത് തിന്നരുതെന്ന് ഉപദേശിച്ചു. (ബുഖാരി)

നബി(സ്വ)യുടെ അനുചരന്മാർ അത് വളരെ ഗൗരവപൂർവം പാലിച്ചിരുന്നു. ഒരിക്കൽ അബൂബക്റി(റ)ന് തന്റെ വരുമാനങ്ങൾ എത്തിച്ചുകൊടുത്തിരുന്ന ഭൃത്യൻ ഭക്ഷ്യപദാർഥങ്ങൾ കൊടുത്തു. അദ്ദേഹം അതിൽനിന്ന് ഭക്ഷിച്ചു. അപ്പോൾ അദ്ദേഹം ചോദിച്ചു: ഇതെന്താണ്? അവൻ പറഞ്ഞു: ഞാൻ അജ്ഞാനകാലത്ത് ഒരാൾക്കുവേണ്ടി ജ്യോത്സ്യം ചെയ്തിരുന്നു. അതു കേട്ടപ്പോൾ അദ്ദേഹം തന്റെ വായിൽ കൈയിട്ട് ഛർദിച്ചു. ശേഷം അദ്ദേഹം പ്രാർഥിച്ചു: 'അല്ലാഹുവേ, ഞരമ്പുകൾ വഹിക്കുകയും ആമാശയത്തിൽ കലരുകയും ചെയ്തതിനെക്കുറിച്ച് നിന്നോട് ഞാൻ മാപ്പ് ചോദിക്കുന്നു.' (ബുഖാരി)

അനർഹമായ രൂപത്തിലുള്ള സമ്പാദ്യം കൊണ്ട് വിഭവസമൃദ്ധമായ സദ്യയൊരുക്കി മറ്റുള്ളവരെ തീറ്റുന്നത് ഗൗരവത്തോടെ കാണേണ്ടതാണെന്ന് വ്യക്തമാക്കുന്നതാണീ സംഭവം.

**മത്സ്യവും വെട്ടുകിളിയും**: ഇത് രണ്ടും ചത്തതാണെങ്കിലും അനുവദനീയമാണ്. നബി(സ്വ) പറഞ്ഞു: "രണ്ടിനം ശവങ്ങളും രണ്ടുതരം രക്തങ്ങളും നമുക്ക് അനുവദിക്കപ്പെട്ടു. മത്സ്യവും വെട്ടുകിളിയുമാണ് ആ ശവങ്ങൾ. കരളും പ്ലീഹയുമാണ് ആ രക്തങ്ങൾ." (ഇബ്നുമാജ, അഹ്മദ്)

സ്വഹാബികൾ കരക്കടിഞ്ഞ വലിയ മത്സ്യത്തിന്റെ മാംസം ആഹരിച്ചതും വെട്ടുകിളിയെ വേട്ടയാടി തിന്നതും ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്.

**രക്തം**: ശവം, രക്തം എന്നിവ ഭക്ഷിക്കുന്നത് ശുദ്ധപ്രകൃതിയുള്ള സംസ്കാരസമ്പന്നർ വെറുക്കുന്നതാണല്ലോ. എന്നാൽ മാംസത്തിന്റെ കൂടെയുള്ള കുറഞ്ഞരക്തത്തിന് ഇളവ് നൽകിയിട്ടുണ്ട്. "മാംസത്തിലും ഞരമ്പുകൾക്കുള്ളിലും അവശേഷിക്കുന്ന രക്തം പ്രയാസംകൊണ്ട് ഇളവ് അനുവദിക്കപ്പെട്ടതാണ്." (തഫ്സീർ ക്വുർത്വുബി)

## നിഷിദ്ധമായവ

ഭക്ഷ്യപദാർഥങ്ങളിൽ നിഷിദ്ധമായവ ക്വുർആൻ വ്യക്തമാക്കുന്നു. "ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്തവർക്കായി ശബ്ദിക്കപ്പെട്ടത് എന്നിവ മാത്രമേ നിങ്ങൾക്കവൻ നിഷിദ്ധമാക്കിയിട്ടുള്ളൂ." (2:173)

ഇവിടെ നിഷിദ്ധമായവ നാലിനമാണെന്ന് പറഞ്ഞല്ലോ. അത് ക്വുർആൻ വിവരിക്കുന്നു: "ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസംമുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണു ചത്തത്, മറ്റു മൃഗങ്ങളുടെ കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ ജീവനോടെ നിങ്ങൾ അറുത്തത് ഇതിൽ ഉൾപ്പെടുകയില്ല. പ്രതിഷ്ഠ

കൾക്ക് വേണ്ടി അറുക്കപ്പെട്ടതും നിഷിദ്ധമത്രെ.” (5:3)

ഇവിടെ ശവത്തിന്റെ അഞ്ചിനങ്ങൾ വിവരിച്ചുവല്ലോ. എന്നാൽ അപകടത്തിൽപെട്ട് കണ്ണോ കാലോ വാലോ ഒക്കെ ചലിപ്പിച്ചുകൊണ്ട് ജീവന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവയെ അറുക്കാൻ സാധിച്ചാൽ അത് അനുവദനീയമാണ്. ഇതാണ് അധിക പണ്ഡിതരുടെയും പക്ഷം. ജീവന്റെ ലക്ഷണങ്ങൾ പ്രകടമാവുന്നതോടൊപ്പം അറുക്കുമ്പോൾ രക്തമൊഴുകുകയും വേണമെന്നാണ് ചിലരുടെ വീക്ഷണം. (തഫ്സീറുൽമനാർ 6:138-143)

ജീവനുള്ള മൃഗത്തിൽനിന്ന് മുറിച്ചെടുത്തത് അനുവദനീയമല്ല. നബി(സ്വ) പറഞ്ഞു: “ജീവനുള്ള മൃഗത്തിൽ നിന്ന് മുറിച്ചെടുത്ത ഭാഗം ശവമാണ്.” (അബൂദാവൂദ്, തിർമിദി)

പന്നിമാംസം നിഷിദ്ധവും മ്ലേഛവുമാകുന്നു. വിസർജ്യവസ്തുക്കളും മാലിന്യങ്ങളും അതിന്റെ ഇഷ്ടഭോജ്യമാണ്. അത്തരത്തിലുള്ള മൃഗത്തിന്റെ മാംസം തിന്നുന്നത് മനുഷ്യപ്രകൃതി വെറുക്കുന്നു; ഇസ്ലാം പന്നിമാംസം നിഷിദ്ധമാക്കുന്നു.

കടൽപ്പന്നിയെക്കുറിച്ച് ഇമാം മാലിക്ക്(റ) പറയുന്നു. നിങ്ങൾ അതിനെ പന്നിയെന്ന് വിളിക്കുകയാണ് (ക്വുർത്വുബി). മുള്ളൻപന്നിക്കും ഇപ്രകാരം പേരിൽ മാത്രമേ ബന്ധമുള്ളൂ. അത് നിരോധിക്കുന്ന ഹദീഥ് ദുർബലമാണെന്ന് ഹാഫിദ് ഇബ്നുഹജർ(റ) പറഞ്ഞിട്ടുണ്ട്.

**അല്ലാഹുവല്ലാത്തവർക്ക് അറുക്കപ്പെട്ടത്:** ഇസ്ലാം ഇത് നിഷിദ്ധമാക്കിയത് ഏകദൈവാരാധനക്ക് എതിരായതിനാലാണ്. ഒരു സൃഷ്ടിയോട് ബഹുമാനം പ്രകടിപ്പിച്ചുകൊണ്ട് അതിന്റെ പ്രീതിക്ക് വേണ്ടി ബലിയറുക്കുന്നത് ഇസ്ലാമിൽ നിഷിദ്ധമാണ്. ബലി അല്ലാഹുവിന് മാത്രമായിരിക്കണം. അല്ലാഹു പറയുന്നു: “അതിനാൽ നിന്റെ നാഥന് വേണ്ടി നീ നമസ്കരിക്കുകയും ബലിയറുക്കുകയും ചെയ്യുക'' (108:2).

നബി(സ്വ) പറഞ്ഞു: “അല്ലാഹു അല്ലാത്തവർക്ക് വേണ്ടി അറുക്കുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു'' (മുസ്ലിം). ഇമാം ഇബ്നു കഥീർ(റ) പറയുന്നു: “അല്ലാഹു പ്രതിഷ്ഠകൾക്ക് അരികെവെച്ച് അറുക്കുന്നത് വിലക്കുകയും ഇപ്രകാരം അറുക്കപ്പെട്ടവയെ ഭക്ഷിക്കുന്നത് നിഷിദ്ധമാക്കുകയും ചെയ്തു. പ്രതിഷ്ഠകളുടെ അടുത്തുവെച്ച് അറുക്കുന്ന അവസരത്തിൽ അല്ലാഹുവിന്റെ നാമം ചൊല്ലിയാലും അത് അല്ലാഹുവും റസൂലും നിഷിദ്ധമാക്കിയ ബഹുദൈവാരാധനയിൽ പെട്ടതാണ്.” (തഫ്സീർ ഇബ്നുകഥീർ)

**തേറ്റകൊണ്ട് ഇര പിടിക്കുന്നവ:** തേറ്റകൊണ്ട് ഇരപിടിക്കുന്ന സിംഹം, ചെന്നായ, നരി തുടങ്ങിയ മൃഗങ്ങളുടെയും നഖം കൊണ്ട് വേട്ടയാടുന്ന കഴുകൻ, പരുന്ത്, കാക്ക മുതലായ പക്ഷികളുടെയും മാംസം ഭക്ഷിക്കുന്നത് ഇസ്ലാം നിരോധിച്ചു. ഇബ്നുഅബ്ബാസ്(റ) പറയുന്നു: “നബി(സ്വ) വന്യമൃഗങ്ങളിൽ നിന്ന് തേറ്റയുള്ളതൊക്കെയും പറ

വകളിൽ നിന്ന് നഖമുള്ളതൊക്കെയും വിരോധിച്ചു.” (മുസ്‌ലിം)

**കഴുത**: നാടൻകഴുതയുടെ മാംസം ഭക്ഷിക്കാവതല്ല. ഉമർ(റ) പറയുന്നു: “നബി(സ്വ) ഖൈബർയുദ്ധം നടന്ന ദിവസം നാടൻ കഴുതയുടെ മാംസം ഭക്ഷിക്കുന്നത് വിരോധിച്ചു.” (ബുഖാരി)

എന്നാൽ കാട്ടുകഴുതയുടെ മാംസം ഭക്ഷിക്കുന്നത് ഇസ്‌ലാം അനുവദിച്ചു. ഹുദൈബിയ്യ വർഷം നബി(സ്വ)യുടെ അനുവാദത്തോടെ സ്വഹാബികൾ അത് ഭക്ഷിച്ചത് ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്.

**പൂച്ചയും നായയും**: ഇവ രണ്ടും നബി(സ്വ)യുടെ കാലത്ത് വളർത്തിയിരുന്നു. എന്നാലവ ഭക്ഷിച്ചിരുന്നില്ല. ജാബിർ(റ) പറയുന്നു: “നബി(സ്വ) പൂച്ചയെയും അതിന്റെ വിലയും തിന്നുന്നത് വിരോധിച്ചു” (അബൂദാവൂദ്, തിർമിദി). ഇതിന്റെ പരമ്പരക്ക് ആക്ഷേപമുണ്ടെങ്കിലും തേറ്റയുള്ള വർഗത്തിൽപെടുന്നതിനാലും പൂച്ചയും നായയും ഭക്ഷിക്കാവതല്ലെന്ന് പണ്ഡിതന്മാർ വ്യക്തമാക്കി. മാത്രമല്ല, നായയെ വേട്ടക്ക് ഉപയോഗിച്ചിരുന്നെങ്കിലും അതിനെ സ്വഹാബികൾ വേട്ടയാടിയിരുന്നില്ല. നായയെ തിന്നുന്നത് വിരോധിച്ചതായി ശഅ്ബി നിവേദനം ചെയ്തിട്ടുമുണ്ട്.

**കുരങ്ങ്**: നബി(സ്വ)യുടെ കാലത്ത് കുരങ്ങിനെ ഭക്ഷിച്ചിരുന്നില്ല. അത് ആഹരിക്കാവതല്ലെന്ന് മുജാഹിദ്(റ) പറഞ്ഞു. ഇബ്നു അബ്ദിൽബിർറ്(റ) പറയുന്നു: കുരങ്ങിനെ തിന്നാൻ പാടില്ലെന്നതിൽ മുസ്‌ലിംപണ്ഡിതന്മാർക്കിടയിൽ ഭിന്നതയുള്ളതായി എനിക്കറിയില്ല. (അദസ്വാഉൽ ബയാൻ)

ധിക്കാരികളായ ഇസ്‌റാഈൽ സമൂഹത്തെ കുരങ്ങുകളാക്കി ശിക്ഷിച്ചുവെന്നത് അത് ഭക്ഷിക്കുന്നതിലെ നിന്ദ്യത സൂചിപ്പിക്കുന്നു.

**ഇതര ജീവികൾ**: ഹിംസിക്കാവതല്ലാത്ത ജീവികളെ ഭക്ഷിക്കരുതെന്നാണ് അധിക പണ്ഡിതരുടെയും പക്ഷം. കൊല്ലുന്നത് വിരോധിച്ച മറ്റു ജീവികളെക്കുറിച്ചും ഹദീഥുകളിൽ വന്നിട്ടുണ്ട്. നിശ്ചയമായും ഉറുമ്പ്, തേനീച്ച, മരംകൊത്തി, പുള്ളി എന്നീ നാലെണ്ണം കൊല്ലുന്നത് തിരുമേനി(സ്വ) വിരോധിച്ചു. (അബൂദാവൂദ്)

**തവള**: നബി(സ്വ) തവളയെ കൊല്ലുന്നതും വിരോധിച്ചിട്ടുണ്ട്. ഒരിക്കൽ നബി(സ്വ)യുടെ അടുത്ത് ഒരു ചികിത്സകൻ മരുന്നിനെയും അതിൽ തവളയെ ചേർക്കുന്നതിനെയും കുറിച്ചു സംസാരിച്ചു. അപ്പോൾ പ്രവാചകൻ(സ്വ) തവളയെ കൊല്ലുന്നത് നിരോധിച്ചു. (അബൂദാവൂദ്, അഹ്മദ്)

ശല്യം ചെയ്യുന്നതും നാശമുണ്ടാക്കുന്നതുമായ ജന്തുക്കളെ കൊല്ലാമെങ്കിലും തിന്നാവതല്ലെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടു. നബി(സ്വ) ചില ജീവികളെ വധിക്കാൻ അനുവദിച്ചു. ആഇശ(റ) പറയുന്നു: അഞ്ച് ജീവികൾ ദുഷ്ടജന്തുക്കളാകുന്നു. ഹറമിൽവെച്ചും പുറത്തുവെച്ചും അവയെ കൊല്ലാവുന്നതാണ്. കാക്ക, കഴുകൻ, തേൾ, എലി, കടിക്കു

ന്ന നായ എന്നിവയാണത് (ബുഖാരി, മുസ്‌ലിം). ബുഖാരിയുടെ മറ്റൊരു റിപ്പോർട്ടിൽ പാമ്പിനെക്കൂടി അതിലെണ്ണിയിട്ടുണ്ട്.

നിഷിദ്ധമായ ഭക്ഷ്യവസ്തുക്കളെക്കുറിച്ച് വിശുദ്ധഖുർആൻ അധർമമെന്ന് വിശേഷിപ്പിച്ചത് പോലെ ഇവിടെയും ഈ ജന്തുക്കളെ അധർമം(ഫവാസിക്) എന്ന് നബി(സ്വ) പറഞ്ഞു.

വിഷമുള്ളതും ഉപദ്രവകരവുമായ എല്ലാ ഭക്ഷ്യപദാർഥങ്ങളും വർജ്യമാണ്. നബി(സ്വ) വിഷം കഴിക്കുന്നതിന്നെതിരെ താക്കീത് ചെയ്തു. ഒരാൾ വിഷം കഴിക്കുകയും അതവന്റെ മരണത്തിന് കാരണമാവുകയും ചെയ്താൽ അവൻ നരകത്തിൽ വെച്ച് ശാശ്വതമായി അത് കഴിക്കേണ്ടിവരുന്നതാണ്.

ഭക്ഷണമായി ഉപയോഗിക്കാൻ അനുവദിച്ച ചില ജീവികൾ വിസർജ്യങ്ങളും മാലിന്യങ്ങളും ഭക്ഷിച്ചു മാംസത്തിൽ അത് കലരുകയും ചിലപ്പോൾ ദുർഗന്ധമുണ്ടാവുകയും ചെയ്തേക്കാം. ഇത്തരത്തിലുള്ളവയെ ഭക്ഷിക്കുന്നത് നബി(സ്വ) വിരോധിച്ചു. (തിർമിദി)

**ലഹരിപദാർഥങ്ങൾ:** മദ്യം, മയക്കുമരുന്ന് തുടങ്ങിയ ഏത് തരത്തിലുള്ള ലഹരിപദാർഥങ്ങളും ഇസ്‌ലാം നിഷിദ്ധമാക്കി. മനുഷ്യന്റെ ബുദ്ധിയെയും ആരോഗ്യത്തെയും ആത്മീയതയെയും തകർക്കുന്നതിലും സാമ്പത്തികവും സാമൂഹികവും കുടുംബപരവുമായ തലങ്ങളെ നശിപ്പിക്കുന്നതിലും കുറ്റകൃത്യങ്ങളും അപകടങ്ങളും വർധിപ്പിക്കുന്നതിലുമൊക്കെ മുഖ്യപങ്ക് ലഹരിവസ്തുക്കളുടെ ഉപയോഗത്താലാണ്. നബി(സ്വ) പറഞ്ഞു: "എല്ലാ ലഹരിയുണ്ടാക്കുന്നതും മദ്യമാണ്. മുഴുവൻ മദ്യവും നിഷിദ്ധമാണ്." (മുസ്‌ലിം)

ഉമ്മുസലമ(റ) പറയുന്നു: നബി(സ്വ) എല്ലാ ലഹരിയുണ്ടാക്കുന്നതും തളർച്ചയുണ്ടാക്കുന്നതും വിരോധിച്ചു. (അബൂദാവൂദ്)

ചികിത്സക്ക് വേണ്ടിയാണെങ്കിലും മദ്യം അനുവദനീയമല്ല. മരുന്നിന് വേണ്ടി മദ്യമുണ്ടാക്കാൻ ഒരാൾ നബി(സ്വ)യോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: "നിശ്ചയം, അത് മരുന്നല്ല; പ്രത്യുത അത് രോഗമാണ്." (മുസ്‌ലിം)

അല്ലാഹു നിങ്ങൾക്ക് നിഷിദ്ധമാക്കിയതിൽ രോഗശമനം നിശ്ചയിച്ചിട്ടില്ല. (ബുഖാരി)

ചികിത്സാവശ്യത്തിനുവേണ്ടി ഉറക്കഗുളികകൾ കഴിക്കുന്നതും ഓപറേഷനു വേണ്ടി ക്ലോറോഫോം നൽകുന്നതും അനുവദനീയമാണ്. ഇത് ഇമാം നവവി(റ), ഇബ്നു അബ്ദിസ്സലാം(റ) തുടങ്ങിയ പണ്ഡിതർ സൂചിപ്പിച്ചിട്ടുണ്ട്.

# വീടും പരിസരവും

വൃത്തിയും ശുദ്ധിയും വിശ്വാസത്തിന്റെ ഭാഗമായി ഇസ്‌ലാം കാണുന്നു. വീടും അതിന്റെ പരിസരവും വൃത്തിയായി സൂക്ഷിക്കാൻ ഇപ്രകാരം നിർദേശിക്കുന്നു. "അല്ലാഹു പരിശുദ്ധനാണ്. അവൻ പരിശുദ്ധി ഇഷ്ടപ്പെടുന്നു. വൃത്തിയുള്ളവനാണ്, വൃത്തി ഇഷ്ടപ്പെടുന്നു. മാന്യനാണ്, മാന്യത ഇഷ്ടപ്പെടുന്നു. ഉദാരനാണ്, ഔദാര്യം ഇഷ്ടപ്പെടുന്നു. അതിനാൽ നിങ്ങൾ മുറ്റം വൃത്തിയാക്കുക. ജൂതന്മാരെപ്പോലെയാകരുത്" എന്ന് നബി(സ്വ) പ്രസ്താവിച്ചതായി തിർമിദി നിവേദനം ചെയ്തിട്ടുണ്ട്.

വീടിന്റെ അകത്തോ സമീപത്തോ വിസർജനത്തിന് വേണ്ടി സൗകര്യപ്പെടുത്തി വരുന്ന ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കണമെന്നത് ആരോഗ്യത്തിന് അനിവാര്യമാണ്. തുറന്ന കക്കൂസുകൾ ആരോഗ്യപ്രശ്നമുണ്ടാക്കുന്നതും ദുർഗന്ധംവമിക്കുന്നതുമാകയാൽ കുഴികൾ അടച്ചു ഭദ്രമാക്കേണ്ടതാണ്. വിസർജനത്തിന് തയ്യാറാക്കപ്പെട്ട സ്ഥലത്തു തന്നെ അത് നിർവഹിക്കേണ്ടതാണ്.

കുളിമുറിയിൽ മൂത്രിക്കുന്നതിനെക്കുറിച്ച് നബി(സ്വ) പറഞ്ഞു: "നിങ്ങളിലൊരാൾ തന്റെ കുളിമുറിയിൽ മൂത്രിക്കുകയും എന്നിട്ട് അവിടെവെച്ച് വുദൂഅ് ഉണ്ടാക്കാനിടയാവുകയും ചെയ്യാവതല്ല. വസ്‌വാസ് മുഴുവൻ അതിനാലാണുണ്ടാവുന്നത്." (അബൂദാവൂദ്)

സ്വിമ്മിംഗ്പൂൾ, ചെറുകുളം തുടങ്ങിയവ ആധുനികഭവനങ്ങളുടെ ഭാഗമാണല്ലോ. ജാബിർ(റ) പറയുന്നു: "നബി(സ്വ) കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നത് വിരോധിച്ചു." (മുസ്‌ലിം)

വിസർജനസ്ഥലത്തേക്ക് പ്രവേശിക്കുന്നവർ "അല്ലാഹുവേ, എല്ലാ ദുർവൃത്തികളിൽനിന്നും പിശാചുക്കളിൽനിന്നും നിന്നോട് ഞാൻ അഭയംതേടുന്നു"(ബുഖാരി) എന്നും പുറത്തുവരുമ്പോൾ "നിന്നോട് ഞാൻ മാപ്പിന് അപേക്ഷിക്കുന്നു" എന്നും പ്രാർഥിക്കണം. (അബൂദാവൂദ്)

പാദരക്ഷ ധരിക്കുക, വർജിക്കപ്പെടേണ്ടവയുണ്ടെങ്കിൽ എടുത്തു

വെക്കുക, സംസാരിക്കാതിരിക്കുക, ജനദൃഷ്ടിയിൽനിന്ന് മറഞ്ഞിരിക്കുക, മറയില്ലാത്ത സ്ഥലമാണെങ്കിൽ ഖിബ്‌ലയ്ക്ക് മുന്നിട്ടോ പിന്നിട്ടോ വിസർജനം ചെയ്യാതിരിക്കുക തുടങ്ങിയവയൊക്കെ അതിന്റെ മര്യാദകളാണ്. ഒരുമിച്ചിരുന്ന് സംസാരിച്ചുകൊണ്ട് വിസർജിക്കുന്നത് അധിക്ഷേപിക്കപ്പെട്ടതാണ്. നബി(സ്വ) പറയുന്നു: "രണ്ടാളുകൾ നഗ്നത വെളിവാക്കി സംസാരിച്ചുകൊണ്ട് വിസർജനസ്ഥലത്തേക്ക് പോകരുത്. അവരോട് അല്ലാഹു കോപിക്കും." (അഹ്മദ്)

മൂത്രം തെറിക്കാതിരിക്കാനും അത് വസ്ത്രത്തിലോ ശരീരത്തിലോ ആകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. ഇത് ലാഘവത്തോടെ കാണുന്നതിനെ ഇസ്‌ലാം താക്കീതുചെയ്തിട്ടുണ്ട്. ഒരിക്കൽ നബി(സ്വ) ഖബ്‌റുകളിൽ ശിക്ഷിക്കപ്പെടുന്ന രണ്ടാളുകളെക്കുറിച്ച് വിശദീകരിക്കവെ 'ഒരാൾ പൂർണമായും മൂത്രത്തിൽനിന്നും ശുചിത്വംപാലിച്ചിരുന്നില്ല' എന്ന് പറഞ്ഞു. (ബുഖാരി)

മലമൂത്രവിസർജനാനന്തരം വെള്ളംകൊണ്ട് അതല്ലെങ്കിൽ അതുപോലെ വൃത്തിയുള്ളതും മാലിന്യത്തെ തികച്ചും തുടച്ചെടുക്കാൻ പറ്റുന്നതുമായ വസ്തുക്കൾ കൊണ്ടോ ശൗച്യം ചെയ്യേണ്ടതാണ്.

വീടെന്നപോലെ പൊതുവിസർജനസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കേണ്ടത് എല്ലാവരുടെയും ബാധ്യതയാണ്. അത്തരം സ്ഥലങ്ങൾ വൃത്തിഹീനമാക്കുന്നതും അതിന്റെ ചുമരുകളിൽ അശ്ലീലങ്ങൾ എഴുതിവെക്കുന്നതും പൈശാചികതയുടെ ഭാഗമാണ്. അതിൽനിന്നൊക്കെ മോചിതനായിരിക്കണം മുസ്‌ലിം.

## അടുക്കളത്തോട്ടം

വീട്ടുവളപ്പിൽ പൂച്ചെടികൾ, ഔഷധികൾ, പച്ചക്കറികൾ മുതലായവ വളർത്തുന്നത് നല്ലതാണ്. കീടനാശിനികളുടെയും രാസവളങ്ങളുടെയും അമിതപ്രയോഗത്താൽ അവയൊക്കെ വിഷമയമുള്ളതായി മാറിയ ഇക്കാലത്ത് പ്രത്യേകിച്ചും അടുക്കളത്തോട്ടം പ്രാധാന്യമർഹിക്കുന്നു. അത് വീടിന് സൗന്ദര്യംനല്കുന്നു, കണ്ണിന് കുളിർമയും മനസ്സിന് ആനന്ദവും നല്കുന്നു. കുട്ടികൾക്ക് വിനോദവും പരിശീലനവും എല്ലാവർക്കും കുറഞ്ഞ വ്യായാമവും അതിലുണ്ട്. അതിൽനിന്ന് ദാനം ചെയ്യുന്നതും പക്ഷികളും മൃഗങ്ങളും തിന്നുന്നതുമൊക്കെ പുണ്യംലഭിക്കാനിടയാക്കുകയും ചെയ്യുന്നു. നബി(സ്വ) പറയുന്നു: "ഒരാൾ കൃഷിചെയ്യുകയോ നട്ടുപിടിപ്പിക്കുകയോ ചെയ്തു. എന്നിട്ട് അതിൽനിന്ന് മനുഷ്യനോ പക്ഷിയോ മറ്റുവല്ലതുമോ ഭക്ഷിച്ചുവെങ്കിൽ അതിന് പുണ്യമുണ്ട്." (മുസ്‌ലിം)

## ജന്തുക്കളെ വളർത്തുമ്പോൾ

കോഴി, താറാവ്, പ്രാവ്, കാട, തത്ത തുടങ്ങിയ പറവകളും ആടു

മാടുകളും നമ്മുടെ വളർത്തുജീവികളിൽ പ്രാധാന്യമുള്ളതാണല്ലോ. എന്നാൽ അവയോട് കാരുണ്യത്തോടെ വർത്തിക്കേണ്ടത് മതപരമായ ബാധ്യതയാണ്. മനുഷ്യരെപ്പോലെ ഓരോ ജന്തുവർഗവും വ്യതിരിക്തവും സവിശേഷവുമായ സാമൂഹികഘടനയുള്ളവയാണെന്ന് ഇസ്‌ലാം പ്രഖ്യാപിച്ചു. അല്ലാഹു പറയുന്നു: "ഭൂമിയിലുള്ള ഏതൊരു ജന്തുവും രണ്ടു ചിറകുകൾകൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാണ്." (6:38)

അവയോട് ദയാപൂർവം വർത്തിക്കുന്നത് സൗഭാഗ്യത്തിനും ക്രൂരമായ സമീപനം നരകപ്രവേശത്തിനും നിമിത്തമാകുമെന്ന് നബി(സ്വ) ഉദ്ബോധിപ്പിച്ചു. ഒരിക്കൽ ഒരു വഴിയാത്രക്കാരൻ കഠിനദാഹം അനുഭവപ്പെട്ടപ്പോൾ സമീപത്തെ കിണറ്റിലിറങ്ങി വെള്ളം കുടിച്ചു. തദ്സമയം ദാഹാധിക്യത്താൽ മണ്ണുകപ്പിക്കൊണ്ടിരിക്കുന്ന ഒരു നായക്ക്, തന്റെ ഷൂസിൽ വെള്ളമെടുത്ത് ദാഹം ശമിപ്പിക്കുകയും ചെയ്തു. തന്മൂലം അദ്ദേഹം അല്ലാഹുവിന്റെ പ്രീതിക്കും പാപമോചനത്തിനും അർഹനാവുകയും അയാൾക്കുവേണ്ടി സ്വർഗകവാടങ്ങൾ തുറക്കപ്പെടുകയും ചെയ്തു. നബി(സ്വ) ഈ കഥ വിവരിച്ചപ്പോൾ അനുചരന്മാർ ചോദിച്ചു: മൃഗങ്ങളുടെ കാര്യത്തിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടോ? പ്രവാചകൻ പ്രതിവചിച്ചു: പച്ചക്കരളുള്ള ഏതൊരു ജീവിയുടെ കാര്യത്തിലും നിങ്ങൾക്ക് പുണ്യമുണ്ട്. (ബുഖാരി)

എന്നാൽ അനാവശ്യമായി നായയെ വീട്ടിൽ വളർത്തുന്നത് ഇസ്‌ലാം നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. നബി(സ്വ) പറഞ്ഞു: "പ്രതിരൂപമോ നായയോ ഉള്ള ഭവനത്തിൽ മലക്കുകൾ പ്രവേശിക്കുകയില്ല." (മുസ്‌ലിം)

നബി (സ്വ) പറഞ്ഞു: "കൃഷിയുടെയും കന്നുകാലികളുടെയും സംരക്ഷണം, വേട്ട തുടങ്ങിയവക്കല്ലാതെ നായയെ വളർത്തുന്നത് ഓരോ ദിവസവും രണ്ട് ഖിറാത്ത് (പർവതസമാനം) പ്രതിഫലം കുറക്കുന്നതാണ്." (മുസ്‌ലിം)

ആധുനിക വൈദ്യശാസ്ത്ര ഗവേഷണങ്ങൾ നായകൾ മുഖേന പകരുന്ന പല രോഗങ്ങളും കണ്ടെത്തിയിട്ടുണ്ട്. മനുഷ്യന്റെ ഭക്ഷണപാനീയങ്ങളുമായോ വീട്ടുപകരണങ്ങളുമായോ വിനോദ സ്ഥലങ്ങളുമായോ ഉണ്ടാകാറുള്ള ബന്ധങ്ങളിൽ നിന്നൊക്കെ നായകളെ അകറ്റിനിർത്തുകയാണ് പ്രതിരോധ മാർഗമെന്ന് അത് നിർദേശിക്കുന്നു. മാത്രമല്ല, നായയുടെ വീട്ടിനകത്തുള്ള വിഹാരത്തിന്നിടയിൽ വെള്ളപ്പാത്രത്തിലും മറ്റും തലയിടാനും തന്മൂലം അത് മലിനമാകാനുമിടയുണ്ട്. അത് ശുചീകരിക്കുന്നതിനെക്കുറിച്ച് നബി (സ്വ) പറഞ്ഞു: "നിങ്ങളിൽ വല്ലവരുടെയും പാത്രത്തിൽ നായ തലയിട്ടാൽ അത് ഒഴിച്ചു കളയണം. ശേഷം ആ പാത്രം ഏഴ് തവണ കഴുകുകയും അതിൽ ആദ്യത്തേത് മണ്ണുകൊണ്ടാവുകയും വേണം" (മുസ്‌ലിം)

മറ്റൊരിക്കൽ റസൂൽ(സ്വ) പറഞ്ഞു: ഒരു സ്ത്രീ പൂച്ചയെ കെട്ടിയിട്ടു. അതിന് ഭക്ഷണം നല്കുകയോ പ്രാണികളെ പിടിക്കാൻ അതിനെ അനുവദിക്കുകയോ ചെയ്തില്ല. തന്മൂലം അവൾ നരകശിക്ഷയ്ക്ക് അർഹയായി.

അബ്ദുല്ലാഹിബ്നുഅബ്ദില്ല(റ) പറയുന്നു: ഞങ്ങൾ നബി(സ്വ)യുടെ കൂടെ ഒരു യാത്രയിലായിരുന്നു. വഴിയിൽ ഒരു പൈങ്കിളിയെ കണ്ടു. അതിന്റെ കൂടെ രണ്ട് കുഞ്ഞുങ്ങളുണ്ടായിരുന്നു. ഞങ്ങൾ ആ രണ്ടു കുഞ്ഞുങ്ങളെ എടുത്തു. അപ്പോൾ ആ പക്ഷി ചിറകിട്ടടിക്കാൻ തുടങ്ങി. ശേഷം നബി(സ്വ) വന്നപ്പോൾ ചോദിച്ചു, ഇതിന്റെ കുട്ടികളെ എടുത്തുകൊണ്ട് ആരാണിതിനെ വേദനിപ്പിച്ചത്? അതിന്റെ കുട്ടികളെ തിരിച്ചുനല്കൂ. (അബൂദാവൂദ്)

മനുഷ്യൻ തന്റെ ജോലിഭാരം കുറയ്ക്കാനും സവാരിക്കും സന്ദേശവാഹകരായും ഇരപിടിക്കാനും മറ്റുമായി ഇതരജീവികളെ ഉപയോഗപ്പെടുത്തിപ്പോന്നിട്ടുണ്ട്. അത് അനുവദിച്ചുകൊണ്ട് ക്വുർആൻ പറയുന്നു: "നിങ്ങൾ വൈകുന്നേരം ആലയിലേക്ക് അവയെ തിരിച്ചുകൊണ്ടുവരുന്ന സമയത്തും നിങ്ങൾ മേയാൻവിടുന്ന സമയത്തും അവയിൽ നിങ്ങൾക്ക് കൗതുകമുണ്ട്. ശാരീരികക്ലേശത്തോടുകൂടിയല്ലാതെ നിങ്ങൾക്ക് ചെന്നെത്താനാകാത്ത നാട്ടിലേക്ക് അവ നിങ്ങളുടെ ഭാരങ്ങൾ വഹിച്ചുകൊണ്ടുപോവുകയും ചെയ്യുന്നു. നിശ്ചയം, നിങ്ങളുടെ രക്ഷിതാവ് കൂടുതൽ ദയയുള്ളവനും കരുണാനിധിയുമാകുന്നു. കുതിരകളെയും കോവർ കഴുതകളെയും അവൻ സൃഷ്ടിച്ചിരിക്കുന്നു. അവയെ നിങ്ങൾക്ക് വാഹനമായി ഉപയോഗിക്കുവാനും അലങ്കാരത്തിന് വേണ്ടിയും. നിങ്ങൾക്ക് അറിവില്ലാത്തതും അവൻ സൃഷ്ടിച്ചിരിക്കുന്നു." (16:6-8)

ഭൂചലനം, പ്രകൃതിവിപത്തുകൾ തുടങ്ങിയവ മനസ്സിലാക്കുന്നതിന് വേണ്ടി ഇക്കാലത്ത് മത്സ്യങ്ങളെയും മറ്റും ഉപയോഗപ്പെടുത്തുന്നു. മനുഷ്യനില്ലാത്ത ചില അനുഭവങ്ങൾ അവക്കുണ്ട്. നബി(സ്വ) പറഞ്ഞു: "രാത്രിയിൽ നായ കുരക്കുന്നതോ കഴുത കരയുന്നതോ കേട്ടാൽ അവയിൽ നിന്ന് നിങ്ങൾ അല്ലാഹുവിൽ അഭയം തേടുക. നിങ്ങൾ കാണാ ത്ത ചിലത് അവ കാണുന്നു." (അബൂദാവൂദ്). "കോഴി കൂവുന്നത് നി കേട്ടാൽ അല്ലാഹുവിന്റെ ഔദാര്യത്തിൽ നിന്ന് നിങ്ങൾ ചോദിക്കുക. നിശ്ചയം അത് മലക്കിനെ കണ്ടിരിക്കും. കഴുത കരയുന്നത് കേട്ടാൽ അല്ലാഹുവിനോട് പിശാചിൽനിന്ന് അഭയം തേടുക. അത് പിശാചിനെ കണ്ടിരിക്കും" (ബുഖാരി)

മൃഗങ്ങളെ അമിതമായി അധ്വാനിപ്പിച്ചു ക്ലേശിപ്പിക്കുന്നതും മതിയായ ആഹാരം നല്കാതിരിക്കുന്നതും ഇസ്ലാം നിഷിദ്ധമാക്കി. ഒരിക്കൽ വിശന്ന് വയറൊട്ടിയ ഒരു ഒട്ടകത്തെ കണ്ടപ്പോൾ തിരുനബി(സ്വ) ശാസിച്ചു: "സംസാരശേഷിയില്ലാത്ത മൃഗങ്ങളുടെ കാര്യത്തിൽ നിങ്ങൾ

അല്ലാഹുവെ സൂക്ഷിക്കുക. അവയ്ക്ക് ആരോഗ്യമുള്ളപ്പോൾ അവയെ സവാരിക്ക് ഉപയോഗിക്കുകയും ആഹരിപ്പിക്കുകയും ചെയ്യുക.'' (അബൂദാവൂദ്)

ജീവികളെ പീഡിപ്പിക്കുന്നത് മാത്രമല്ല അവയ്ക്ക് നേരെ ശാപ വാക്ക് പറയുന്നതുപോലും തിരുമേനി(സ്വ) നിരോധിച്ചു. ഒരു യാത്ര യ്ക്കിടയിൽ ഒരു അൻസ്വാരിവനിത താൻ സവാരിചെയ്യുന്ന ഒട്ടകത്തെ ശപിക്കുന്നത് തിരുമേനി(സ്വ) കേൾക്കാനിടയായി. അപ്പോൾ തിരു മേനി(സ്വ) അവളോട് പറഞ്ഞു: അതിന്മേലുള്ള ഭാരം നീ എടുത്തുമാ റ്റുക. അതിനെ വിട്ടയക്കുകയും ചെയ്യുക. അത് ഏതായാലും ശപിക്ക പ്പെട്ടതാണല്ലോ. (മുസ്ലിം)

ഇസ്‌ലാമിന്റെ സന്ദേശവാഹകരും നബി(സ്വ)യുടെ ശിഷ്യരുമായ പൂർവകാല മുസ്‌ലിംകൾ ജന്തുസ്നേഹത്തിന്റെ അനുപമ മാതൃകകൾ സൃഷ്ടിച്ചു. ആരും കുതിരകൾക്ക് ഭാരമുള്ള കടിഞ്ഞാൺ അണിയരുത്. ഇരുമ്പുമുള്ളുകൾ ഘടിപ്പിച്ച ചാട്ടവാറുകൾ ഉപയോഗിച്ച് തെളിക്കരുത്. 600പൗണ്ടിലേറെ ഭാരം ഒട്ടകങ്ങളെ വഹിപ്പിക്കരുത് തുടങ്ങിയ ഖലീഫ ഉമർരണ്ടാമന്റെ ഉത്തരവുകളും മൃഗങ്ങളുടെ ചികിത്സയ്ക്കും സംരക്ഷ ണത്തിനും ആഹാരത്തിനുംവേണ്ടി പ്രത്യേക ധനം ദാനംചെയ്തതു മൊക്കെ(വക്ഫ്) അതിൽ ചിലത് മാത്രമാണ്. ഇത്തരത്തിലുള്ള ഉദാത്ത മാതൃകകളാണ് ഇസ്‌ലാം സമർപ്പിക്കുന്നത്. വളർത്തുമൃഗങ്ങളോട് കാരുണ്യത്തിൽ വർത്തിക്കുന്നത് മാനുഷിക ബാധ്യത മാത്രമല്ല; മഹ ത്തായ പുണ്യകർമവും കൂടിയാണ്.

# സന്തുഷ്ട കുടുംബം

കുടുംബജീവിതം മനസ്സിന് ആനന്ദവും സംതൃപ്തിയും സമാധാനവും നൽകുന്നതാകണം. അതിനാൽ എപ്പോഴും ഗൗരവത്തിന്റെയും ഭീകരതയുടെയും മൂർച്ചയേറിയ ബന്ധങ്ങൾക്ക് പകരം സ്നേഹത്തിലും കാരുണ്യത്തിലും സഹകരണത്തിലുമധിഷ്ഠിതമായ നല്ല ബന്ധങ്ങൾ കുടുംബാംഗങ്ങൾക്കിടയിലുണ്ടാകണം.

ദമ്പതികൾക്കിടയിൽ ഐക്യമുണ്ടായെങ്കിലേ അത് കൈവരികയുള്ളൂ. ആദർശം, സംസ്കാരം, മതനിഷ്ഠ തുടങ്ങിയവയിൽ യോജിച്ച ഇണകളെ തെരഞ്ഞെടുക്കുകയാണ് അതിനുള്ള മാർഗം. അല്ലാഹു പറഞ്ഞു: “നല്ല സ്ത്രീകൾ നല്ല പുരുഷന്മാർക്കും, നല്ല പുരുഷന്മാർ നല്ല സ്ത്രീകൾക്കുമാണ്.” (24:26). കണ്ണിനും മനസ്സിനും ഇണങ്ങിയവരും സംസ്കാരമുള്ളവരുമായ ദമ്പതികളുടെ ജീവിതം സ്വസ്ഥതയും സന്തോഷവും നിറഞ്ഞതായിരിക്കും. പരസ്പര വിശ്വാസം, നല്ല വിചാരം, സദാചാരം, സഹകരണം എന്നിവയുണ്ടെങ്കിലേ അവർക്കിടയിൽ അത് നഷ്ടപ്പെടാതിരിക്കുകയുള്ളൂ. അതിന് ആവശ്യമായ നിർദേശങ്ങൾ അവർ പാലിക്കേണ്ടതാണ്.

കുടുംബത്തിന്റെ ചെലവും നേതൃത്വവും വഹിക്കേണ്ടത് പുരുഷനാണ്. എന്നാൽ അയാൾ സ്വേച്ഛാധിപതിയാകാവതല്ല. അല്ലാഹു പറഞ്ഞു: “അവ(ഭാര്യമാ)രോട് നിങ്ങൾ മര്യാദയോടെ പെരുമാറുക” (4:19). ഭാര്യയിൽ നിന്ന് സംഭവിക്കുന്ന നിസ്സാര കാര്യങ്ങളെ ഗുരുതരമായി കാണുക, ഒരു പ്രത്യേക സന്ദർഭത്തിലുണ്ടായ തെറ്റ് ചൂണ്ടി എപ്പോഴും കുത്തിപ്പറയുക, അവളെ നിന്ദിക്കുക, അസഭ്യം പറയുക, അവളുടെ മാതാപിതാക്കളെ അധിക്ഷേപിക്കുക തുടങ്ങിയവ നല്ല ബന്ധത്തിൽ വ്രണമുണ്ടാക്കുന്നതാണ്.

നബി(സ്വ) പറഞ്ഞു: “നീ ഭക്ഷിച്ചാൽ അവളെയും ഭക്ഷിപ്പിക്കുക, നീ വസ്ത്രം ധരിക്കുമ്പോൾ അവളെയും ധരിപ്പിക്കുക. മുഖത്തടിക്കരുത്. അവളെ ദുഷിച്ചു പറയരുത്. വീട്ടിലല്ലാതെ അവളെ അകറ്റി

നിർത്തുകയും അരുത്'' (ബുഖാരി). ജീവിത വിഭവങ്ങളിലും പെരുമാറ്റ രീതികളിലും ഭർത്താവ് പാലിക്കേണ്ട കടമകൾ ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അവളുടെ സംസാരങ്ങൾ കേൾക്കുക, ആവശ്യങ്ങൾ പരിഗണിക്കുക, അവൾ കോപിക്കുമ്പോൾ വിവേകം കാണിക്കുക, അജ്ഞതയുണ്ടാകുമ്പോൾ വസ്തുതകൾ മനസ്സിലാക്കുക, വെറുപ്പ് പ്രകടിപ്പിക്കുമ്പോൾ തൃപ്തിപ്പെടുത്തുക, നല്ലത് ചെയ്താൽ പ്രശംസിക്കുക, അതിനായി പ്രോത്സാഹിപ്പിക്കുക, തെറ്റുകൾ കണ്ടാൽ ഉപദേശിച്ചു തിരുത്തുക തുടങ്ങി ഗുണകാംക്ഷാനിർഭരവും സൗമ്യവുമായിരിക്കണം ഭർതൃസമീപനം. ഭാര്യയുടെ അറിവും യോഗ്യതയുമൊക്കെ അവനറിയണം. അതിനനുസരിച്ച് കാര്യങ്ങൾ സംസാരിക്കുകയും അവളുടെ അഭിപ്രായങ്ങൾ ആരായുകയും നല്ലത് സ്വീകരിക്കുകയും വേണം.

ആവശ്യത്തിന് ചെലവാക്കാത്ത പിശുക്കനായ ഭർത്താവിനെക്കുറിച്ച് പരാതിപ്പെട്ട ഹിന്ദി(റ)നോട് നബി(സ്വ) പറഞ്ഞു: ''നിനക്കും നിന്റെ സന്താനങ്ങൾക്കും മതിയാവുന്ന മര്യാദയനുസരിച്ച് എടുക്കുക'' (മുസ്ലിം). ''നീ ഭാര്യയുടെ വായിലേക്ക് നൽകുന്നതിനും നിനക്ക് പുണ്യമുണ്ട്'' (ബുഖാരി) എന്ന തിരുവചനം ചെലവ് നൽകൽ ഒരു ബാധ്യത മാത്രമല്ലെന്ന് വ്യക്തമാക്കുന്നു. വീട്ടുജോലിയും വീട്ടുകാരെ പരിചരിക്കുകയും ചെയ്യുന്ന ഭാര്യയോട് അനുഭാവപൂർവം വർത്തിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്. തിരുമേനി(സ്വ) ചെരുപ്പ് നന്നാക്കുക, വസ്ത്രം തുന്നുക, ആടിനെ കറക്കുക മുതലായ വീട്ടുജോലികൾ നിർവഹിക്കാറുണ്ടായിരുന്നു (ബുഖാരി) എന്ന് ആഇശ(റ) പരിചയപ്പെടുത്തി.

ഭാര്യയുടെ സദ്ഗുണങ്ങൾ ക്വുർആൻ വിവരിക്കുന്നു: ''അതിനാൽ നല്ല സ്ത്രീകൾ അനുസരണശീലമുള്ളവരും ഭർത്താവിന്റെ അഭാവത്തിൽ അല്ലാഹു സൂക്ഷിക്കാൻ ഏൽപിച്ചവ സംരക്ഷിക്കുന്നവരുമാണവർ'' (4:34). നബി(സ്വ) അത് വിശദീകരിച്ചു. ''ഒരു വിശ്വാസി അല്ലാഹുവിനോടുള്ള ഭക്തിക്ക് ശേഷം സദ്ഗുണയായ ഭാര്യയേക്കാൾ ഉത്തമമായത് നേടുകയില്ല. അവൻ കല്പിച്ചാൽ അവൾ അതനുസരിക്കുന്നു. അവളിലേക്ക് നോക്കിയാൽ അവനെ സന്തോഷിപ്പിക്കുന്നു. അവൻ അവളോട് സത്യം ചെയ്ത് പറഞ്ഞാൽ അവളത് പാലിക്കുന്നു. അവന്റെ അഭാവത്തിൽ അവളുടെ ശരീരത്തിലും അവന്റെ ധനത്തിലും നന്മ കാംക്ഷിക്കുന്നു'' (ഇബ്നുമാജ). ''അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു സ്ത്രീക്കും ഭർത്താവിന്റെ വീട്ടിൽ അയാൾക്കിഷ്ടമില്ലാത്തവരെ പ്രവേശിപ്പിക്കാൻ അനുവാദമില്ല. അയാളുടെ അനുമതിയില്ലാതെ അവൾ വീട്ടിൽനിന്ന് പുറത്തുപോകരുത്. അയാളുടെ കാര്യത്തിൽ മറ്റൊരാളെ അനുസരിക്കാവതല്ല. അയാളുടെ വിരിപ്പിൽ നിന്ന് മാറിക്കിടക്കുകയും അരുത്'' (ഹാകിം).

ഭർത്താവിന്റെ മാനസികാവസ്ഥ, ഇഷ്ടാനിഷ്ടങ്ങൾ, ദിനചര്യകൾ,

ജോലിയും അതിന്റെ സ്വഭാവവും, വരുമാനവും സാമ്പത്തികസ്ഥിതിയും, കുടുംബത്തിന് അത്യാവശ്യമായതും ആവശ്യമുള്ളതും എന്നിവ മനസ്സിലാക്കി ഉചിതമായ രീതിയിൽ പെരുമാറുകയും ആവശ്യമായ ഘട്ടങ്ങളിൽ ഭർത്താവിനെ സഹായിക്കുകയും ചെയ്യുന്നവൾക്ക് ഒരു മാതൃകാഭാര്യയാകാൻ സാധിക്കും.

അപ്രകാരം കടമകൾ നിർവഹിച്ചും പരസ്പരം സഹകരിച്ചും ബഹുമാനത്തോടെ കൂട്ടുജീവിതം നയിക്കുന്ന ഇണകൾക്കിടയിൽ സന്തോഷം പുലരാതിരിക്കില്ല. അവർ പ്രാർഥനയിലും വീട്ടുവേലയിലും ഭക്ഷണത്തളികയിലും യാത്രയിലും വിനോദങ്ങളിലും പങ്കാളികളാവുകയും ഒരുമിക്കുകയും ചെയ്യുമ്പോൾ അവർക്കിടയിൽ സ്നേഹവും ആനന്ദവും വർധിക്കുകയും ചെയ്യുന്നു.

നബി(സ്വ)യുടെ കുടുംബജീവിതം ഇതിനൊക്കെ മാതൃകയാണ്. നബി(സ്വ) തനിക്ക് ആദ്യ വഹ്യ് ലഭിച്ച് ഭയന്നുകൊണ്ട് ഹിറയിൽ നിന്ന് വീട്ടിലേക്ക് എത്തിയപ്പോൾ അദ്ദേഹത്തെ ഭാര്യ ഖദീജ(റ) ഇങ്ങനെ ആശ്വസിപ്പിച്ചു. "ഇല്ല, അല്ലാഹു ഒരിക്കലും താങ്കളെ നിന്ദിക്കുകയില്ല. താങ്കൾ കുടുംബബന്ധം ചേർക്കുന്നു. ഭാരം ചുമക്കുന്നു. അവശർക്ക് സമ്പാദിച്ചു കൊടുക്കുന്നു. അതിഥികളെ സൽക്കരിക്കുന്നു. വിപത്തുകളിൽ സഹായിക്കുന്നു" (ബുഖാരി). ഖദീജ മരിച്ച് വർഷങ്ങൾക്ക് ശേഷവും തിരുമേനി(സ്വ) അവരെ അനുസ്മരിക്കുകയും അവരുടെ നന്മകൾ എടുത്തുപറയുകയും ചെയ്യുമായിരുന്നു.

പ്രസിദ്ധമായ ഹുദയ്ബിയ സന്ധിയിൽ നിന്ന് വിരമിച്ചശേഷം തിരുമേനി(സ്വ) അനുചരന്മാരോട് ഉംറ പൂർത്തിയാക്കാതെ ബലി നടത്തി വിരമിക്കാൻ പറയുകയും അവർ അതുൾക്കൊള്ളാൻ കഴിയാതെ അതിന് തയ്യാറാവാതിരിക്കുകയും ചെയ്തു. അപ്പോൾ തിരുമേനി(സ്വ) എഴുന്നേറ്റ് പത്നി ഉമ്മുസലമ(റ)യുടെ അടുത്തുചെന്നു. അനുചരരുടെ അലംഭാവം മനസ്സിലാക്കിയ അവർ ചോദിച്ചു. അല്ലാഹുവിന്റ ദൂതരേ, അവർ ബലി നടത്തണമെന്ന് താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ ആരോടും സംസാരിക്കാതെ അങ്ങ് ബലിയറുക്കുകയും മുടിയെടുക്കുകയും ചെയ്യുക. എന്നാൽ അവരും അപ്രകാരം ചെയ്തുകൊള്ളും. നബി(സ്വ) അങ്ങനെ ചെയ്യുകയും അനുചരർ അതനുകരിക്കുകയുമുണ്ടായി. ഇത് സുപ്രധാന വിഷയത്തിൽ പോലും ഭാര്യയുടെ നല്ല അഭിപ്രായങ്ങൾ സ്വീകരിച്ചതിന്റെ മാതൃക വ്യക്തമാക്കുന്നു.

നബി(സ്വ) നറുക്കിട്ട് ഭാര്യമാരിൽ ഒരാളെ യാത്രയിൽ കൂടെ കൊണ്ടുപോകാറുണ്ടായിരുന്നു. ഒരിക്കൽ ആഇശ(റ)യും നബിതിരുമേനി(സ്വ)യും മത്സരിച്ചോടുകയും അതിൽ ആഇശ(റ) വിജയിക്കുകയും ചെയ്തു. മറ്റൊരിക്കൽ അങ്ങനെ ഓടുകയും അവർ പരാജയപ്പെടുകയും നബി(സ്വ) ഇത് അന്നത്തേതിന് പകരമാണെന്ന് പറയുകയും ചെയ്തു. ആഇശ(റ) പറയുന്നു: "ഞാനും തിരുമേനിയും കുളിച്ചിരു

ന്നത് ഒരേ പാത്രത്തിൽ നിന്നായിരുന്നു'' (ബുഖാരി). വിഭവങ്ങൾക്ക് പുറമെ ജീവിതപങ്കാളിക്ക് മാനസികോല്ലാസവും കൂടി നൽകേണ്ടതുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. തിരുമേനി(സ്വ)യെ രോഗാതുരനായപ്പോൾ പരിചരിക്കാനും അദ്ദേഹം തന്റെ മടിയിൽ കിടന്ന് ചരമം പ്രാപിക്കാനും ഇടയായത് മഹാഭാഗ്യമായി ആഇശ(റ) കരുതി.

സ്നേഹപൂർവമുള്ള ജീവിതത്തിന്നിടയിലുണ്ടായേക്കാവുന്ന പ്രശ്നങ്ങളെ വിട്ടുവീഴ്ചയും ക്ഷമയും പാലിച്ച് വിവേകത്തോടെ പരിഹരിക്കണം. തെറ്റുകൾ സംഭവിക്കൽ മനുഷ്യസഹജമാണെന്ന് മനസ്സിലാക്കുകയും ദോഷൈകദൃക്കാകാതിരിക്കുകയും ചെയ്യാത്തവന്റെ കുടുംബത്തിലുണ്ടാകുന്ന നിസ്സാരകാര്യങ്ങൾപോലും അതിനെ താളം തെറ്റിച്ചേക്കാം. സ്വന്തം ന്യൂനതകളെക്കുറിച്ച് ചിന്തിക്കുകയും മറ്റുള്ളവരുടെ നന്മകളെ കണ്ടെത്തുകയും ചെയ്യുന്നവന് സ്വസ്ഥതയും സമാധാനവും ലഭിക്കുന്നതാണ്. അല്ലാഹു പറയുന്നു: ''ഇനി നിങ്ങൾക്കവരോട് വെറുപ്പ് തോന്നുന്നപക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും ആ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തേക്കാം'' (4:19)

നബി(സ്വ) ഉപദേശിക്കുന്നു: ''ഒരു വിശ്വാസി വിശ്വാസിനിയെ വെറുക്കരുത്. അവളിൽ നിന്ന് ഒരു സ്വഭാവത്തെ അവൻ വെറുക്കുന്നുവെങ്കിൽ മറ്റൊരു സ്വഭാവത്തെ അവൻ തൃപ്തിപ്പെടുന്നു'' (മുസ്ലിം). ഇസ്ലാമിന്റെ ഇത്തരം നിർദേശങ്ങളും മാതൃകകളും ശ്രദ്ധിക്കപ്പെടുന്ന ഒരു കുടുംബം ദാരിദ്ര്യം, രോഗം, പ്രാരാബ്ധം തുടങ്ങിയ പ്രയാസങ്ങൾ അനുഭവപ്പെടുമ്പോൾ അത് അവർക്കിടയിൽ സഹനശീലം വളർത്തുകയും ഇണക്കത്തെയും സ്നേഹത്തെയും വർധിപ്പിക്കുകയുമാണ് ചെയ്യുക. അവരിൽ ഓരോരുത്തരും തന്റെ ഇണക്ക് വേണ്ടി എന്ത് ത്യാഗവും കാരുണ്യത്തോടെയും സന്തോഷത്തോടെയും ചെയ്യുന്നു. തന്മൂലം അവരുടെ ജീവിതം ധന്യവും ശാന്തി നിറഞ്ഞതും മധുരിമ നൽകുന്നതുമായിത്തീരുന്നു.

# ദാമ്പത്യത്തിന്റെ മധുരം

മനുഷ്യന്റെ പ്രകൃതിപരമായ താല്പര്യങ്ങളെയും ജന്മവാസനകളെയും അംഗീകരിച്ചു അവനെ സംസ്കരിച്ച് ഉന്നതിയിലേക്കും വിജയത്തിലേക്കും നയിക്കുകയാണ് ഇസ്‌ലാമികധർമം ചെയ്യുന്നത്. മനുഷ്യന്റെ ലൈംഗികതൃഷ്ണയെ അടിച്ചമർത്തുകയോ അനിയന്ത്രിതമായി അഴിച്ചുവിടുകയോ ചെയ്യുന്നില്ല. പ്രത്യുത വിഹിതമായ മാർഗത്തിലൂടെ അത് ശമിപ്പിക്കുന്നത് അനുവദിക്കുകയും അത് പുണ്യകർമമാണെന്ന് വ്യക്തമാക്കുകയും ചെയ്തു. നബി(സ്വ) പറഞ്ഞു: "നിങ്ങൾ ഇണചേരുന്നതിലും പുണ്യമുണ്ട്.' അപ്പോൾ അനുചരൻ ചോദിച്ചു: 'ഒരാൾ തന്റെ ലൈംഗികതൃഷ്ണ ശമിപ്പിക്കുന്നതും പുണ്യമോ?' നബി(സ്വ) പ്രതിവചിച്ചു: 'അതേ, അത് നിഷിദ്ധമാർഗത്തിലൂടെയായിരുന്നെങ്കിൽ അതിന് നിങ്ങൾക്ക് ശിക്ഷയുണ്ടാകുമായിരുന്നില്ലേ?" (മുസ്‌ലിം)

ദാമ്പത്യജീവിതം സഫലമാകുന്നിടം പൊതുവെ ശയനമുറിയാണല്ലോ. മനസ്സിന് സന്തോഷവും ആവേശവും നല്കി രതിജീവിതത്തിന് ഉത്തേജനം നല്കുന്ന രൂപത്തിൽ അവിടെ സജ്ജീകരിക്കണം. കിടക്ക, വിരിപ്പ്, മറ്റ് ശയനോപകരണങ്ങൾ എല്ലാം ഭംഗിയായി ചിട്ടയോടെ ക്രമീകരിക്കണം. അകത്ത് വെളിച്ചമുള്ളപ്പോൾ പുറത്തുനിന്ന് കാണാവുന്ന രൂപത്തിൽ ജനൽച്ചില്ലുകളാകാതിരിക്കുകയും വേണം.

മാനസിക പരിശുദ്ധിക്കെന്നപോലെ ശാരീരിക ശുചിത്വത്തിനും ലൈംഗികവിജയത്തിൽ പ്രാധാന്യമുണ്ട്. ദന്തശുദ്ധിവരുത്തിയും ആവശ്യമെങ്കിൽ കുളിച്ചും ലൈംഗികബന്ധത്തിന് മുമ്പെ വൃത്തിയാകണം. നബി(സ്വ) വീട്ടിൽ പ്രവേശിച്ചാൽ ആദ്യം ചെയ്യാറെന്താണ്? എന്ന് ആഇശ(റ)യോട് ശുറൈഹ്(റ) ചോദിച്ചു. അവർ പറഞ്ഞു: "അവിടുന്ന് ദന്തശുദ്ധി വരുത്തും." (മുസ്‌ലിം)

ദമ്പതികൾക്ക് തങ്ങളുടെ സൗന്ദര്യാലങ്കാരങ്ങൾ പൂർണമായും സ്വാതന്ത്ര്യത്തോടെ ആസ്വദിക്കാനുള്ളിടം ശയനമുറിയാണല്ലോ. അതിനായി തങ്ങളുടെ ബാഹ്യരൂപം അനുയോജ്യമാംവിധം ശരിപ്പെടുത്ത

ണം. കിടപ്പറയിൽ മാത്രം ധരിക്കുന്ന ആകർഷകമായ വസ്ത്രങ്ങളും ചമയങ്ങളും സുഗന്ധങ്ങളും ഉപയോഗിക്കേണ്ടതാണ്.

ആദ്യമായി ഒരുമിക്കുന്ന ദമ്പതികൾ പരസ്പരം പരിചയപ്പെടാനും അടുത്തറിയാനും ശ്രമിക്കണം. സംസാരിക്കുക, പാനീയങ്ങൾ കൈമാറുക തുടങ്ങിയവയൊക്കെ അതിനുള്ള ഉപാധികളാണ്. നബി(സ്വ)ക്ക് വേണ്ടി അസ്മാഅ്(റ) ആഇശ(റ)യെ ഒരുക്കി. എന്നിട്ട് അവർ നബി(സ്വ)യെ വിളിച്ചു. അദ്ദേഹം വന്ന് അവരുടെ അടുത്തിരുന്നു. അപ്പോൾ കൊണ്ടുവന്ന ഒരു കോപ്പ പാലിൽനിന്ന് അല്പം അവിടുന്ന് കുടിച്ചശേഷം അത് ആഇശ(റ)ക്ക് കൊടുത്തു. അവർ ലജ്ജയോടെ തല താഴ്ത്തി നില്ക്കുകയായിരുന്നു. അസ്മാഅ്(റ) അത് നബി(സ്വ)യിൽനിന്ന് വാങ്ങാൻ പറയുകയും ആഇശ(റ) അതുവാങ്ങിക്കുടിക്കുകയും ചെയ്തു. പിന്നീട് അത് നബി(സ്വ)ക്ക് കൊടുക്കുകയും അവിടുന്ന് അല്പം കുടിക്കുകയും ചെയ്തു. ഈ സംഭവം അഹ്മദ് ഉദ്ധരിച്ചതാണ്.

വധുവിന്റെ തലയിൽ കൈവെച്ചു ബിസ്മിചൊല്ലുകയും അനുഗ്രഹത്തിന്നായി പ്രാർഥിക്കുകയും സ്വഭാവ- പെരുമാറ്റങ്ങളിലുണ്ടായേക്കാവുന്ന തിന്മകളിൽ നിന്ന് അഭയംതേടുകയും വേണം. ദമ്പതികൾ രണ്ട് റക്അത്ത് ജമാഅത്തായി നമസ്കരിക്കുകയും ശേഷം അനുഗ്രഹത്തിനും നന്മയ്ക്കും വേണ്ടി പ്രാർഥിക്കുകയും വേണമെന്ന് ഇബ്നു മസ്ഊദി(റ)നെ പോലുള്ളവരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. (ഇബ്നു അബൂശൈബ)

## ലൈംഗികതയും പ്രാർഥനയും

രതിജീവിതത്തിൽ സംതൃപ്തിയും ആനന്ദവും ലഭിക്കണമെങ്കിൽ ലൈംഗികതയെക്കുറിച്ച് അല്പജ്ഞാനമെങ്കിലും വേണം. ലൈംഗികോത്തേജനത്തിൽ സ്ത്രീയും പുരുഷനും തമ്മിൽ വ്യത്യാസമുണ്ട്. സ്ത്രീയുടെ വികാരം സാവധാനത്തിലേ ഉത്തേജിതമാവുകയുള്ളൂ; അത് വൈകിയേ തണുക്കുകയുമുള്ളൂ. എന്നാൽ പുരുഷന്റെ അവസ്ഥ ഇതിൽനിന്ന് വിപരീതമാണ്. അതിനാൽ സംഭോഗത്തിന്റെ മുമ്പായി തലോടൽ, ചുംബനം, സ്പർശനം തുടങ്ങിയ പ്രേമലീലകളിൽ ഏർപ്പെട്ട് വികാരത്തെ പ്രത്യേകിച്ചും സ്ത്രീയുടേത് ഉത്തേജിപ്പിക്കണം. പുരുഷൻ സംയമനംപാലിക്കുകയും വേണം. എങ്കിലേ സ്ത്രീക്കും രതിസുഖം ആസ്വദിക്കാൻ സാധിക്കുകയുള്ളൂ.

വിധവയെ വിവാഹംചെയ്ത ജാബിറിനോട് നബി(സ്വ) ചോദിച്ചു: ''കന്യകയും അവളുടെ ഉമിനീരും നിനക്ക് വേണ്ടേ? അവൾക്ക് നിന്നോടും നിനക്ക് അവളോടും വിനോദിക്കാമായിരുന്നില്ലേ?'' (ബുഖാരി). നബി(സ്വ) ഉപദേശിച്ചു: "മൃഗങ്ങളെപ്പോലെ നിങ്ങൾ ഭാര്യയിലേക്ക് ചാടിക്കയറരുത്. പ്രത്യുത നിങ്ങൾക്കിടയിൽ ഒരു ദൂതൻ പ്രവർത്തിക്കണം.' ഏതാണ് ആ ദൂതൻ എന്ന് ഒരു അനുചരൻ ചോദിച്ചു.

അദ്ദേഹം പറഞ്ഞു: 'ചുംബനവും പ്രേമലീലകളുമാണ്.'' (ദയ്‌ലമി)

സംഭോഗത്തിന് മുമ്പെ വികാരോത്തേജന മാർഗം അവലംബിക്കണമെന്ന് ഇതൊക്കെ വ്യക്തമാക്കുന്നു. രതിമൂർഛ പുരുഷന് നേരത്തെ പൂർത്തിയായാൽ അവൻ അവൾക്കുവേണ്ടി കാത്തിരിക്കണം. നബി(സ്വ) പറയുന്നു: "നിങ്ങളിലൊരാൾ തന്റെ ഭാര്യയുമായി ഭോഗിക്കുമ്പോൾ അവൻ അവൾക്ക് ദാനം നല്കണം. തന്റെ ആവശ്യം പൂർത്തിയായാൽ അവൻ ധൃതികാണിക്കുകയും അരുത്.'' (അബൂയഅ്‌ല)

സംഭോഗത്തിലേർപ്പെടുമ്പോൾ ഇപ്രകാരം പ്രാർഥിക്കുക: "അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ, പിശാചിനെ ഞങ്ങളിൽനിന്ന് നീ അകറ്റേണമേ. ഞങ്ങൾക്ക് നല്കുന്നതിൽനിന്നും നീ പിശാചിനെ അകറ്റേണമേ.'' (ബുഖാരി)

ലൈംഗികവേഴ്ചയ്ക്ക് വിവിധരീതികൾ സ്വീകരിക്കാവുന്നതാണ്. അത് കൂടുതൽ സംതൃപ്തിയും ആനന്ദവും മടുപ്പില്ലായ്മയും നല്കും. അല്ലാഹു പറയുന്നു: "നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാണ്. നിങ്ങളുടെ കൃഷിയിടത്തിലേക്ക് നിങ്ങൾ ഉദ്ദേശിക്കുന്ന രൂപത്തിൽ ചെല്ലുക"(2:223). ഒരാൾ തന്റെ ഭാര്യയുടെ മുൻവശത്തെ പിന്നിലൂടെ സമീപിച്ചാൽ അതിൽ ജനിക്കുന്ന കുട്ടിക്ക് കോങ്കണ്ണുണ്ടാവുമെന്ന ജൂതരുടെ ധാരണയെ തിരുത്തിക്കൊണ്ടാണ് പ്രസ്തുത സൂക്തം അവതരിച്ചത്. "അവൾ കമിഴ്ന്ന് കിടന്നുമാകാം അല്ലാതെയുമാകാം. പക്ഷേ പ്രവേശ സ്ഥാനം ഒന്ന് മാത്രമായിരിക്കണം.'' (മുസ്‌ലിം)

## വുദ്വൂവും കുളിയും

വീണ്ടും സംഭോഗംചെയ്യുന്നവർ വുദ്വൂ ചെയ്യുന്നത് നല്ലതാണ്. നബി(സ്വ) പറഞ്ഞു: "ഒരാൾ തന്റെ ഭാര്യയെ സമീപിക്കുകയും പിന്നീട് ആവർത്തിക്കാൻ ഉദ്ദേശിക്കുകയും ചെയ്താൽ അവൻ വുദ്വൂ ചെയ്യട്ടെ'' (മുസ്‌ലിം). അത് കൂടുതൽ ഉന്മേഷം നല്കും.

സംഭോഗാനന്തരം കുളിച്ച് ശുദ്ധിയാകൽ നിർബന്ധമാണ്. ഉറങ്ങുന്നതിന് മുമ്പ് കുളിക്കുന്നത് അഭിലഷണീയമാണ്. ഇനി കുളി പിന്തിപ്പിക്കുകയാണെങ്കിൽ വുദ്വൂചെയ്യുന്നത് അഭികാമ്യവുമാണ്. അബ്ദുല്ലാഹിബ്നു ക്വയ്സ്(റ) ആഇശ(റ)യോട് ചോദിച്ചു: "നബി(സ) വലിയ അശുദ്ധിയുള്ളവനായിരിക്കെ എന്താണ് ചെയ്യാറ്? അവിടുന്ന് കുളിച്ചത് ഉറങ്ങുന്നതിന്റെ മുമ്പാണോ? അല്ലെങ്കിൽ കുളിക്കുന്നതിന്റെ മുമ്പ് ഉറങ്ങുമോ? ആഇശ(റ) പറഞ്ഞു: ഇതെല്ലാം ചിലപ്പോൾ ചെയ്യാറുണ്ട്. ചിലപ്പോൾ കുളിച്ചിട്ട് ഉറങ്ങും. ചിലപ്പോൾ വുദ്വൂചെയ്തിട്ട് ഉറങ്ങും. അപ്പോൾ ഞാൻ പറഞ്ഞു: ഇക്കാര്യത്തിൽ വിശാലത നല്കിയ അല്ലാഹുവിന് സ്തുതി.'' (മുസ്‌ലിം, അഹ്മദ്)

സംഭോഗാനന്തരം ഭക്ഷണം കഴിക്കാനുദ്ദേശിച്ചാൽ നബി(സ്വ) വുദ്വൂചെയ്തിരുന്നുവെന്ന് ബുഖാരിയിലുണ്ട്. നബി(സ്വ)യും

ആഇശ(റ)യും ഒരുമിച്ച് ഒരേ പാത്രത്തിൽനിന്ന് കുളിച്ച സംഭവം ഉദ്ധരിച്ചിട്ടുണ്ട്. അത് ഒരുമയെയും സന്തോഷകരമായ ബന്ധത്തെയും സൂചിപ്പിക്കുന്നു.

കുളിയുടെ ആരംഭത്തിൽ മ്ലേഛതകളൊക്കെ കഴുകുകയും ശേഷം വുദ്വൂ എടുക്കുകയും എന്നിട്ട് തലയും ശരീരഭാഗങ്ങളും കഴുകുകയുമാണ് നബി(സ്വ)യുടെ മാതൃക.

## നിഷിദ്ധമായ ബന്ധങ്ങൾ

ഇസ്‌ലാം ഗുദഭോഗം നിരോധിച്ചു. അത് ശുദ്ധപ്രകൃതി വെറുക്കുന്നതും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമാണ്. നബി(സ) പറഞ്ഞു: ''നിങ്ങൾ സ്ത്രീകളെ അവരുടെ ഗുദത്തിലൂടെ സമീപിക്കരുത്.'' (ബൈഹഖി)

ഋതുമതിയുമായി ലൈംഗികവേഴ്ച നടത്തുന്നത് ക്വുർആൻ നിരോധിച്ചു. അല്ലാഹു പറഞ്ഞു: "ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക: അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽനിന്ന് അകന്നുനില്ക്കേണ്ടതാകുന്നു. അവർ ശുദ്ധിയാകുന്നതുവരെ അവരെ സമീപിക്കാൻ പാടില്ല.'' (2:224)

എന്നാൽ ശയനമുറിയിൽനിന്ന് അകറ്റുകയോ അസ്പൃശ്യത കല്പിക്കുകയോ ചെയ്യുന്നത് ഇസ്‌ലാമിലില്ല. സംഭോഗമല്ലാത്തതൊക്കെ അനുവദനീയമാണ്. നബി(സ്വ) പറഞ്ഞു: ''നിങ്ങൾക്ക് എല്ലാം ചെയ്യാം; സംഭോഗമൊഴികെ.'' (മുസ്‌ലിം)

ഋതുമതിയുമായി സല്ലപിക്കുകയോ സംഭോഗമൊഴികെ ബാക്കിയുള്ള രതിക്രീഡകളിൽ ഏർപ്പെടുകയോ ചെയ്യാം. ആഇശ(റ) പറയുന്നു: "ഞാൻ ഋതുമതിയായിരിക്കെ നബി(സ)യുടെ മുടി ചീകിക്കൊടുക്കാറുണ്ടായിരുന്നു.'' (ബുഖാരി)

ഋതുമതിയായിരിക്കെ പ്രവാചകൻ(സ) തന്റെ മടിയിൽ ചാരിയിരിക്കുകയും ക്വുർആൻ പാരായണം ചെയ്യുകയും ചെയ്യുമായിരുന്നു. (ബുഖാരി)

ഞാൻ ആർത്തവകാരിയായിരിക്കെ ഞാൻ കുടിക്കുകയും അത് നബി(സ)ക്ക് കൊടുക്കുകയും അദ്ദേഹം ഞാൻ വായവെച്ച അതേസ്ഥാനത്ത് നിന്നുതന്നെ കുടിക്കുകയും ചെയ്തിരുന്നു. (മുസ്‌ലിം)

## രഹസ്യം സൂക്ഷിക്കുക

ദാമ്പത്യജീവിതത്തിലെ സ്വകാര്യത കാത്തുസൂക്ഷിക്കേണ്ടതുണ്ട്. അതിനാൽ വീട്ടിലെ ശയനമുറിയിലേക്ക് പ്രവേശിക്കുന്നതിന് പാലിക്കേണ്ട നിർദേശങ്ങൾ ക്വുർആൻ വ്യക്തമാക്കി. അല്ലാഹു പറയുന്നു: ''നിങ്ങളുടെ വലതുകൈ ഉടമപ്പെടുത്തിയവരും നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് സന്ദർഭങ്ങളിൽ പ്രവേശനത്തിന്

അനുവാദം തേടിക്കൊള്ളട്ടെ. പ്രഭാതനമസ്കാരത്തിന് മുമ്പും ഉച്ചസമയത്ത് ഉറങ്ങാൻ വസ്ത്രങ്ങൾ മാറ്റിവെക്കുന്ന സമയത്തും ഇശാ നമസ്കാരത്തിന് ശേഷവും. നിങ്ങളുടെ മൂന്ന് സ്വകാര്യ സന്ദർഭങ്ങളത്രെ ഇത്.'' (24:58)

ഇവിടെ കുട്ടികളും പരിചാരകരും അതുപോലെ അടുത്ത് പെരുമാറുന്നവരും സ്വകാര്യസന്ദർഭങ്ങളിൽ മുതിർന്നവരുടെ ശയനമുറിയിലേക്ക് സമ്മതംചോദിച്ചേ പ്രവേശിക്കാവൂ എന്ന് വ്യക്തമാക്കി. ശയനമുറിയിലെ സ്വകാര്യത മറ്റുള്ളവർ ദർശിക്കാനിടയാകരുതെന്നും തദനുസൃതമായി മുറി സംവിധാനിച്ചിരിക്കേണ്ടതാണെന്നും സൂചിപ്പിക്കുന്നു.

സ്വകാര്യത വെളിപ്പെടുന്നത് മ്ലേഛപ്രവൃത്തിയാണ്. രതിജീവിതത്തിലെ സ്വകാര്യതകൾ മറ്റുള്ളവരോട് പറയുന്നവർ ജനങ്ങളുടെ കൺമുന്നിൽവെച്ച് സംഭോഗത്തിലേർപ്പെട്ട പിശാചുക്കളെപ്പോലെയാണ് (അഹ്മദ്) എന്ന് നബി(സ്വ) ആക്ഷേപിച്ചു. ഇത്തരം കാഴ്ചകൾ കാണുന്നത് മാധ്യമങ്ങളിലൂടെയായാലും അത് ഗൗരവമർഹിക്കുന്ന തെറ്റാണെന്നോർക്കുക.

# കുഞ്ഞ് പിറന്നാൽ

ഒരു കുഞ്ഞിന്റെ പിറവി ദമ്പതികൾക്ക് ഏറെ സന്തോഷം നൽകുന്നതാണല്ലോ. അത് അല്ലാഹുവിന്റെ അനുഗ്രഹവും സൗഭാഗ്യവുമാണ്. അതിനാൽ അവർ തൽസംബന്ധമായ നിർദേശങ്ങളും നിയമങ്ങളും പാലിക്കേണ്ടതുണ്ട്. ഒരു സ്ത്രീ ഏറെ ശ്രദ്ധിക്കപ്പെടേണ്ട ഘട്ടമാണ് ഗർഭകാലം. ശാരീരികമായ പരിചരണവും മാനസികമായ സ്വസ്ഥതയും അവൾക്ക് ലഭിക്കണം. അല്ലാഹു പറയുന്നു:

"മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു. ക്ഷീണത്തിനു മേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ട് വർഷംകൊണ്ടുമാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കുക. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം" (ലുഖ്മാൻ 14). "അവന്റെ മാതാവ് പ്രയാസപ്പെട്ട് കൊണ്ട് അവനെ ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തിരിക്കുന്നു'' (അഹ്ക്വാഫ്:15) ഈ ഘട്ടത്തിൽ മാതാവിനേല്ക്കുന്ന മാനസികാഘാതങ്ങളും ശാരീരിക പീഡനങ്ങളും അവളെപ്പോലെ ഗർഭസ്ഥ ശിശുവിനെക്കൂടി ബാധിക്കുന്നതാണ്.

സുഖപ്രസവത്തിനും കുഞ്ഞിന്റെ നന്മയ്ക്കുംവേണ്ടി പ്രത്യേകം പ്രാർഥിക്കേണ്ടതാണ്. അല്ലാഹു പറയുന്നു: "അങ്ങനെ അവൻ അവളെ പ്രാപിച്ചപ്പോൾ അവൾ ലഘുവായ ഒരു ഗർഭഭാരം വഹിച്ചു. എന്നിട്ട് അവളതുമായി നടന്നു. തുടർന്ന് അവൾക്ക് ഭാരം കൂടിയപ്പോൾ അവരിരുവരും അവരുടെ രക്ഷിതാവായ അല്ലാഹുവിനോട് പ്രാർഥിച്ചു. ഞങ്ങൾക്ക് നീ ഒരു നല്ല സന്താനത്തെ തരുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും. അങ്ങനെ അവൻ (അല്ലാഹു) അവർക്കൊരു നല്ല സന്താനത്തെ നൽകിയപ്പോൾ അവർക്കവൻ നൽകിയതിൽ അവർ അവന് പങ്കുകാരെ ഏർപ്പെടുത്തി. എന്നാൽ അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു ഉന്നതനാ

യിരിക്കുന്നു. അവർ പങ്കുചേർക്കുന്നത് യാതൊന്നും സൃഷ്ടിക്കാത്ത വരെയാണോ? അവർ (ആ ആരാധ്യർ) തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടു ന്നവരാണ്. അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (പങ്കാളി കൾക്ക്) സാധിക്കുകയില്ല. സ്വദേഹങ്ങൾക്ക് തന്നെ അവർ സഹായം ചെയ്യുന്നതുമല്ല. (അഅ്റാഫ് 189-192) എന്നാൽ അതിനുവേണ്ടി അല്ലാ ഹുവല്ലാത്തവരോടുള്ള പ്രാർഥനയുൾക്കൊള്ളുന്ന മാലകൾ ചൊല്ലു ന്നതും ജാറങ്ങൾ സന്ദർശിക്കുന്നതും അവിടേക്ക് നേർച്ചയാക്കുന്നതും നിഷിദ്ധമാണ്.

## മുലയൂട്ടൽ

ഒരു കുഞ്ഞിന്റെ വളർച്ചയ്ക്ക് വേണ്ട എല്ലാ പോഷകങ്ങളുമടങ്ങിയ വിശിഷ്ടാഹാരമാണ് മുലപ്പാൽ. അത് കുടിക്കാൻ മാത്രം പാകത്തി ലാണ് അവന്റെ ദഹനേന്ദ്രിയം സംവിധാനിക്കപ്പെട്ടത്. അല്ലാഹു നിർദേ ശിക്കുന്നു: “മാതാക്കൾ തങ്ങളുടെ സന്താനങ്ങൾക്ക് പൂർണമായ രണ്ടു കൊല്ലം മുലയൂട്ടേണ്ടതാണ്. (കുട്ടിയുടെ) മുലകുടി പൂർണമാക്കണം എന്നുദ്ദേശിക്കുന്നവർക്കത്രെ ഇത്” (അൽബക്വറ 233). മാതാവ് മരണ പ്പെടുക, പുനർവിവാഹിതയാവുക, രോഗിയാവുക തുടങ്ങിയ കാരണ ങ്ങളാൽ മുലയൂട്ടാൻ സാധിക്കാത്തപ്പോൾ ‘മറ്റൊരുവൾ മുലയൂട്ടട്ടെ’ എന്ന് ക്വുർആൻ പറഞ്ഞു.

മുലയൂട്ടുന്നതിലൂടെ കുഞ്ഞിന്റെ വിശപ്പടങ്ങുന്നു. മാതാവിന് നിർവൃതിയും സന്തോഷവും അവന് സ്നേഹവും ലാളനയും ലഭിക്കു ന്നു. തന്മൂലം അവർ തമ്മിൽ ആത്മീയബന്ധം സുദൃഢമാവുകയും ചെയ്യുന്നു. അതിനാൽ മുലയൂട്ടിയ വളർത്തമ്മയെ അവന്റെ മാതാവി നെപ്പോലെ ഇസ്ലാം പരിഗണിക്കുന്നു.

## ബാങ്ക് വിളിക്കുക

നവജാത ശിശുവിന്റെ ചെവിയിൽ പതുക്കെ ബാങ്കിന്റെ വചനങ്ങൾ ചൊല്ലേണ്ടതാണ്. അബൂറാഫിഅ്(റ) പറയുന്നു: ഫാത്വിമ(റ) ഹുസൈ നെ(റ) പ്രസവിച്ചപ്പോൾ നമസ്കാരത്തിന്റേതുപോലെയുള്ള ബാങ്ക് നബി(സ്വ) അവന്റെ ചെവിയിൽ വിളിക്കുന്നത് ഞാൻ കണ്ടു (അബൂ ദാവൂദ്, തിർമിദി). ഇസ്ലാമിന്റെ സാക്ഷ്യവചനങ്ങൾകൊണ്ട് കുഞ്ഞിനെ സ്വീകരിക്കുക, പിശാചിൽനിന്ന് അവനെ രക്ഷിക്കുക തുടങ്ങിയവ അതിന്റെ ഗുണങ്ങളായി പണ്ഡിതന്മാർ പറഞ്ഞു.

## മധുരം നൽകൽ

കുഞ്ഞിന് ഈത്തപ്പഴമോ മറ്റോ ഉപയോഗിച്ച് മധുരം നൽകുന്നത് നബി(സ്വ)യുടെ ചര്യയാണ്. അബൂമൂസാ(റ) പറയുന്നു:“എനിക്ക് കുട്ടി ജനിച്ചപ്പോൾ അവനെയുംകൊണ്ട് ഞാൻ നബി(സ്വ)യുടെ അടുക്കൽ

ചെന്നു. അവന് ഇബ്റാഹീം എന്ന് പേരിടുകയും ഈത്തപ്പഴംകൊണ്ട് മധുരം നൽകുകയും ചെയ്തു. അവന് അനുഗ്രഹത്തിന് വേണ്ടി നബി (സ്വ) പ്രാർഥിക്കുകയും ചെയ്തു. (ബുഖാരി)

അബൂത്വൽഹ(റ)യുടെ കുട്ടിയെ തിരുമേനി(സ്വ)യുടെ അടുത്ത് കൊണ്ടുവന്നപ്പോൾ അവിടുന്ന് ചോദിച്ചു. കൂടെ വല്ലതുമുണ്ടോ? അവർ പറഞ്ഞു. അതെ ഈത്തപ്പഴമുണ്ട്. അപ്പോൾ നബി(സ്വ) അതെടുത്തു ചവച്ചു. അതിന്റെ മധുരം ആ കുഞ്ഞിന് നൽകി. അവന് അബ്ദുല്ല എന്ന് പേരിടുകയും ചെയ്തു. (ബുഖാരി) ഇങ്ങനെ മധുരം നൽകുന്നത് നല്ലതാണെന്ന് ആരോഗ്യശാസ്ത്ര പഠനങ്ങൾ വ്യക്തമാക്കുന്നുമുണ്ട്.

## നാമകരണം

പിറന്ന കുഞ്ഞിന് പേരിടണം. അത് നല്ല അർഥമുള്ളതും ഭംഗിയുള്ളതുമായിരിക്കണം. അത് വിളിക്കാൻ സൗകര്യമുള്ളതും മലയാളം, അറബി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ വലിയ മാറ്റമില്ലാതെ എഴുതാൻ കഴിയുന്നതുമായാൽ നല്ലതാണ്. അല്ലാഹു സകരിയ്യാ നബി(അ)യോട് പറഞ്ഞു: ''ഹേ, സകരിയ്യാ, തീർച്ചയായും നിനക്ക് നാം ഒരു ആൺകുട്ടിയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നു. അവന്റെ പേര് യഹ്‌യാ എന്നാകുന്നു. മുമ്പ് നാം ആരെയും അവന്റെ പേരുള്ളവരാക്കിയിട്ടില്ല'' (മറിയം 7). ഇവിടെ അല്ലാഹു തന്നെ പേര് നിശ്ചയിച്ചിരിക്കുകയാണല്ലോ.

നബി(സ്വ) പറഞ്ഞു: ''തീർച്ചയായും അന്ത്യനാളിൽ നിങ്ങളുടെയും നിങ്ങളുടെ പിതാക്കളുടെയും നാമങ്ങൾ കൊണ്ടാണ് വിളിക്കപ്പെടുന്നത്. അതിനാൽ നിങ്ങളുടെ നാമങ്ങൾ നന്നാക്കുക'' (അബൂദാവൂദ്)

മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പേരുകളിലെ അക്ഷരങ്ങൾ ചേർത്തുണ്ടാക്കിയ നാമങ്ങളും സമൂഹത്തിൽ പ്രചാരമുള്ള ചില പേരുകളും അർഥം നോക്കാതെ നിശ്ചയിക്കുന്നവരുണ്ട്. ചിലപ്പോൾ അതിന് വികൃതവും മോശവുമായ അർഥങ്ങളായിരിക്കുമുണ്ടാവുക. അത് ഭാവിയിൽ കുട്ടിക്ക് അപമാനമുണ്ടാക്കുകയും ചെയ്യും. നബി(സ്വ) ഇക്കാര്യം ശ്രദ്ധിക്കാൻ നമ്മെ ഉണർത്തി. ആസ്വിയ(അനുസരണയില്ലാത്തവൾ), ഹർബ് (യുദ്ധം), മുർറത് (കയ്പ്) തുടങ്ങിയ അർഥമുള്ള പേരുകൾ അവിടുന്ന് മാറ്റി പുതിയ പേരുകൾ അനുചരർക്ക് നൽകിയിട്ടുണ്ട്. അബ്ദുല്ല, അബ്ദുർറഹ്മാൻ മുതലായ അല്ലാഹുവിന്റെ അടിമ എന്നാശയമുള്ള പേരുകൾ അല്ലാഹുവിന് ഏറെ ഇഷ്ടപ്പെട്ടതാണെന്നും അവിടുന്ന് പറഞ്ഞു. എന്നാൽ റഹ്മാൻ, സ്വമദ് (സർവാശ്രയനായ യജമാനൻ) തുടങ്ങിയ അല്ലാഹുവിന് പ്രത്യേകമായതോ അബ്ദുമനാഫ് (മനാഫിന്റെ അടിമ) അബ്ദുൽ കഅ്ബ തുടങ്ങിയ സൃഷ്ടിയുടെ അടിമത്തത്തെ സൂചിപ്പിക്കുന്നതോ ആയ നാമങ്ങൾ നിഷിദ്ധമാണ്. ബർറ(പുണ്യവതി)പോലെ സ്വയം വാഴ്ത്തുന്നതോ മലികുൽഅംലാക് (രാജാധിരാജൻ) തുടങ്ങിയ അഹങ്കാരത്തെ കുറിക്കു

ന്നതോ ആയ പേരുകൾ വർജിക്കേണ്ടതാണ്. നബിമാരുടെയും മഹാന്മാരുടെയും ചരിത്രപ്രസിദ്ധരായ സച്ചരിതരുടെയും പേരുകൾ കുട്ടിയിൽ അവരുടെ ജീവിതസന്ദേശങ്ങളോട് ആഭിമുഖ്യമുണ്ടാക്കുന്നതാണ്. അത്തരം നല്ല ആളുകളുടെ പേരുകളാണ് തനിക്ക് നിശ്ചയിച്ചതെന്ന അറിവ് കുട്ടിയിൽ നല്ല സ്വാധീനമുണ്ടാക്കാനിടയാക്കും.

പ്രസവിച്ചയുടനെ പേരിടുന്നത് അഭികാമ്യമാണ്. നബി(സ്വ) ഇബ്റാഹീം എന്ന കുട്ടിക്ക് പേരിട്ടത് ജനിച്ച ദിനമാണ്. ആവശ്യമനുസരിച്ച് ഏഴിനോ അതിന്റെ ശേഷമോ അതാകാവുന്നതാണ്. എന്നാൽ കുട്ടി സ്വയം തെരഞ്ഞെടുക്കാൻവേണ്ടി അവൻ വളരുന്നതുവരെ പേരിടൽ നീട്ടിവെക്കുന്നത് പ്രയാസങ്ങൾ ഉണ്ടാക്കുന്നതാണ്. വിളിക്കാൻ വേണ്ടി ഓമനപ്പേര് നൽകുന്നത് അനുവദനീയമാണ്. നബി(സ്വ) അബൂ ഉമൈർ എന്ന ഓമനപ്പേരായിരുന്നു അനസി(റ)ന്റെ സഹോദരനെ വിളിച്ചിരുന്നത് (ബുഖാരി)

## അക്വീക്വ അറുക്കൽ

അത് കുഞ്ഞ് പിറന്നതിലുള്ള സന്തോഷത്തിൽ മറ്റുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പുണ്യബലിയാണ്. കുഞ്ഞ് പിറന്നതിന്റെ ഏഴാം നാളിലോ മറ്റേതെങ്കിലും ദിനത്തിലോ ഒരു മൃഗത്തെ അറുത്ത് ദാനം ചെയ്യുകയാണത്.

നബി(സ്വ) പറയുന്നു:"കുട്ടിയോടൊപ്പം അക്വീക്വയുണ്ട്. അതിനാൽ അവനുവേണ്ടി രക്തം ഒഴുക്കുക. അവന്റെ (ശിരസ്സിൽനിന്ന്) ഉപദ്രവം നീക്കുകയും ചെയ്യുക." (ബുഖാരി)

നബി(സ്വ) പറഞ്ഞു: "എല്ലാ കുട്ടികളും തന്റെ അക്വീക്വത്തിന് വേണ്ടി പണയപ്പെട്ടിരിക്കുന്നു. അവനുവേണ്ടി ഏഴാം നാളിൽ അറുക്കപ്പെടണം. പേരിടുകയും തലമുണ്ഡനം ചെയ്യുകയും വേണം" (അഹ്മദ്, അബൂദാവൂദ്, തിർമിദി)

കഴിയുമെങ്കിൽ ഏഴാം ദിനത്തിൽ അറുക്കലാണ് അഭികാമ്യം. അല്ലെങ്കിൽ പതിനാലിനോ, ഇരുപത്തിയൊന്നിനോ മറ്റു സൗകര്യപ്പെട്ട ദിനത്തിലോ ആകാവുന്നതാണ്.

നബി(സ്വ) അവിടുത്തെ പൗത്രന്മാരായ ഹസൻ(റ), ഹുസൈൻ(റ) എന്നിവർക്കുവേണ്ടി ഏഴാം ദിനം ഓരോ ആടിനെ അക്വീക്വ അറുക്കുകയും അവർക്ക് പേരിടുകയും ചെയ്തത് ഹദീഥിൽ വന്നിട്ടുണ്ട്. (ഹാകിം, അബൂദാവൂദ്). എന്നാൽ ഉദ്ഹിയ്യത്ത് പോലെ മാട് വർഗത്തിൽ പെട്ടതിനെയും അറുക്കാവുന്നതാണെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. "ഒട്ടകം, പശു, ആട് എന്നിവയെ അക്വീക്വയായി അറുക്കാം" എന്നൊരു നബിവചനം ത്വബ്റാനി ഉദ്ധരിച്ചിട്ടുമുണ്ട്.

ഉദ്ഹിയ്യത്തിന് മതിയായതായിരിക്കണം അത്. അന്ധത, മുടന്ത് തുടങ്ങിയ പ്രകടമായ വൈകല്യമോ മെലിച്ചിലോ അതിനുണ്ടാവരുത്. ആടിന് ഒരു വയസ്സും മാട് വർഗത്തിന് രണ്ട് വയസ്സുമാകണം. എന്നാൽ

ഉദ്ഹിയ്യത്തിലെപോലെ പങ്ക്ചേരൽ അനുവദിക്കപ്പെടുകയില്ല. അതിനാൽ ഒരു മാട് ഒന്നിലധികം കുട്ടികൾക്ക് മതിയാവുകയില്ല.

ആൺകുട്ടികൾക്ക് മാത്രം അറുക്കുന്ന സമ്പ്രദായം ജൂതന്മാർക്കിടയിലുണ്ടായിരുന്നു. അത് തിരുത്തിക്കൊണ്ട് നബി(സ്വ) പറഞ്ഞു: "നിങ്ങൾ ആൺകുട്ടിക്കും പെൺകുട്ടിക്കും വേണ്ടി അറുക്കുക" (ബസ്സാർ). മാത്രമല്ല, ആൺകുട്ടിക്ക് രണ്ടാടിനെയും പെൺകുട്ടിക്ക് ഒരാടിനെയും അറുക്കണമെന്ന് അഹ്മദും തിർമിദിയും ആഇശ(റ)യിൽ നിന്ന് നിവേദനം ചെയ്ത ഹദീഥിലുണ്ട്. തദടിസ്ഥാനത്തിൽ ആൺകുട്ടിക്ക് രണ്ടാടിനെ അറുക്കുന്നത് അഭികാമ്യമാണെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ആദ്യത്തെ കുട്ടിക്ക് മാത്രമേ അഖീഖയുള്ളൂ എന്ന ധാരണ തെറ്റാണ്. അത് എല്ലാ കുട്ടികൾക്കും വേണ്ടതാണ്. മൃഗത്തിന്റെ കഴുത്തിലും കുട്ടിയുടെ തലയിലും ഒരേ സമയത്ത് കത്തിവെക്കണമെന്നത് അടിസ്ഥാനമില്ലാത്തതാണ്. മൃഗത്തിന്റെ എല്ല് പൊട്ടിക്കാവതല്ലെന്നതിന്റെ തെളിവ് ദുർബലമാണ്. കുട്ടിയുടെ സ്വഭാവം മധുരമുള്ളതാകാൻവേണ്ടി കുറച്ച് മാംസം മധുരം ചേർത്തുണ്ടാകുന്നതും തെളിവില്ലാത്തതാണ്. അഖീഖയുടെ മാംസം ധനികർക്കും പാവപ്പെട്ടവർക്കും കൊടുക്കാം. അത് വേവിച്ച് സദ്യയായും നൽകാം.

## മുടി കളയൽ

കുഞ്ഞ് പിറക്കുമ്പോഴുണ്ടായിരുന്ന തലമുടി കളയേണ്ടതാണ്. നബി(സ്വ) പറഞ്ഞു: "ഫാത്വിമാ, അവന്റെ തലമുടി കളയുക. അതിന്റെ തൂക്കമനുസരിച്ച് വെള്ളി പാവങ്ങൾക്ക് ദാനവും ചെയ്യുക. അങ്ങനെ ഞങ്ങളത് തൂക്കി. അതൊരു ദിർഹമോ അതിൽ കുറവോ ആയിരുന്നു" (അഹ്മദ്). ഹസൻ, ഹുസൈൻ, സൈനബ, ഉമ്മുകുൽസൂം(റ) എന്നിവരുടെ മുടിയുടെ തൂക്കമനുസരിച്ച് ഫാത്വിമ(റ) വെള്ളി ദാനം നൽകിയത് മുഅത്വഇൽ ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ സ്വർണം ദാനം ചെയ്യുന്നതിനെക്കുറിച്ചുള്ള ഹദീസ് ദുർബലമാണ്.

മുടിയിൽ നിന്ന് ഏഴ്, മൂന്ന് എന്നിങ്ങനെ എടുത്തുവെക്കുന്നതിനും കുട്ടിയുടെ തലയിൽ ബലിരക്തം പുരട്ടുന്നതിനും മതത്തിൽ അടിസ്ഥാനമില്ല. ബുറൈദ(റ) പറയുന്നു: അ ജ്ഞാനകാലത്ത് ഞങ്ങൾക്ക് കുട്ടി പിറന്നാൽ ആടി നെ അറുക്കുകയും അതിന്റെ രക്തം അവന്റെ തലയിൽ തേക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇസ്‌ലാം വന്നപ്പോൾ ഞങ്ങൾ ആടിനെ അറുക്കുകയും തലമുടി കളയുകയും ശിരസ്സിൽ കുങ്കുമം പുരട്ടുകയും ചെയ്തു (അബൂദാവൂദ്). മുടി കളയേണ്ടതിൽ ലിംഗ വ്യത്യാസമില്ലെന്നും കളഞ്ഞ ശേഷം തലയിൽ സുഗന്ധം പൂശാമെന്നും ഇത് വ്യക്തമാക്കുന്നു.

## പരിച്ഛേദന

പുരുഷന്റെ ലിംഗാഗ്ര ചർമം മുറിച്ചു കളയലാണത്. അഥവാ ചേലാകർമം.

നബി (സ്വ) പറഞ്ഞു: "അഞ്ച് കാര്യങ്ങൾ പ്രകൃതിപരമായ കർമ ങ്ങളിൽ പെട്ടതാണ്. ചേലാകർമം, ഗുഹ്യസ്ഥാനത്തെ രോമം നീക്കൽ, കക്ഷത്തിലെ രോമം നീക്കൽ, മീശ വെട്ടൽ, നഖം മുറിക്കൽ എന്നിവ യാണവ" (ബുഖാരി, മുസ്‌ലിം)

പരിച്ഛേദനകൊണ്ട് ആത്മീയവും ആരോഗ്യപരവുമായ ഗുണങ്ങൾ കുട്ടിക്ക് ലഭിക്കുന്നു. തന്മൂലം വൃത്തിയും ശുദ്ധിയും പാലിക്കാൻ എളു പ്പത്തിൽ സാധിക്കുന്നു. അത് നിർവഹിക്കുന്നതിന് വയസ്സോ ദിനമോ ഇസ്‌ലാം നിശ്ചയിച്ചിട്ടില്ല. എത്രയും നേരത്തെ ചെയ്യാവുന്നതും പ്രസ വിച്ച ആദ്യ ദിവസങ്ങളിലാകുന്നത് ഗുണകരവുമാണ്. ഇമാം മാലിക്( റ) പറഞ്ഞു: "ചേലാകർമം ഒരു ശുചീകരണമാണ്. അത് എത്രയും നേരത്തെ ചെയ്യുന്നതാണ് എനിക്കിഷ്ടം." അതിനുവേണ്ടി ഒരു സുന്നത്ത് കല്യാണമോ മറ്റെന്തെങ്കിലും ആചാരമോ ഇസ്‌ലാം നിർദേ ശിച്ചിട്ടില്ല.

## അനുമോദനവും പ്രാർഥനയും

സന്താനം ജനിച്ച വിവരം ബന്ധുക്കളെയും സ്നേഹിതരെയും സന്തോഷപൂർവം അറിയിക്കലും അന്വേഷിക്കലും സാധാരണയാണ ല്ലോ. അപ്പോൾ കുട്ടിക്ക് അല്ലാഹുവിന്റെ അനുഗ്രഹത്തിനും നല്ല ഭാവി ക്കുംവേണ്ടി പ്രാർഥിച്ചുകൊണ്ട് അനുമോദിക്കേണ്ടതാണ്. ഹുസൈൻ (റ) ഇങ്ങനെ അനുമോദിക്കാൻ പഠിപ്പിച്ചു: "അല്ലാഹു നിനക്ക് നൽകി യതിൽ അനുഗ്രഹിക്കട്ടെ. നൽകിയവനോട് നീ നന്ദി കാണിക്കുന്നവ നാകട്ടെ. അവൻ യുവത്വം പ്രാപിക്കുകയും അവന്റെ നന്മ നിനക്ക് നൽകപ്പെടുകയും ചെയ്യട്ടെ"

അതിന് ഇപ്രകാരം പ്രതിവചിക്കേണ്ടതാണ്. "അല്ലാഹു നിന്നെ അനുഗ്രഹിക്കുകയും നിന്റെ മേൽ അനുഗ്രഹം വർഷിക്കുകയും ചെയ്യ ട്ടെ. അല്ലാഹു നിനക്ക് നല്ല പ്രതിഫലം നൽകട്ടെ. അല്ലാഹു അവനെപ്പോ ലെയുള്ളത് നിനക്ക് നൽകുകയും നിന്റെ പ്രതിഫലം വർധിപ്പിക്കുകയും ചെയ്യട്ടെ." (അദ്കാർ നവവി)

സന്താനങ്ങളുടെ സംരക്ഷണം എല്ലാവരും ഏറെ ശ്രദ്ധിക്കുന്നതാ ണല്ലോ. എന്നാലും അപ്രതീക്ഷിതവും അദൃശ്യമായും മറ്റും വിപത്ത് ബാധിക്കാതിരിക്കാൻ നബി(സ്വ) ഇപ്രകാരം നിർദേശിച്ചു. "സന്ധ്യയാ യാൽ കുട്ടികൾ പുറത്തിറങ്ങുന്നത് നിങ്ങൾ തടയുക. പിശാചുക്കൾ വ്യാപിക്കുന്ന സമയമാണത്. രാത്രിയുടെ ഒരുവേള കഴിഞ്ഞാൽ നിങ്ങൾക്കവരെ വിട്ടയക്കാം" (ബുഖാരി)

നബി(സ്വ) ഹസൻ(റ), ഹുസൈൻ(റ) എന്നിവരുടെ രക്ഷയ്ക്കു വേണ്ടി ഇങ്ങനെ മന്ത്രിക്കാറുണ്ടായിരുന്നു. "എല്ലാ പിശാചിൽ നിന്നും എല്ലാ വിഷജീവികളിൽ നിന്നും എല്ലാ ദുഷ്ട കണ്ണുകളിൽ നിന്നും അല്ലാഹുവിന്റെ സമ്പൂർണമായ വചനങ്ങൾ മുഖേന നിങ്ങൾക്കഭയം ഞാൻ തേടുന്നു." (ബുഖാരി)

# കുഞ്ഞുങ്ങളെ സ്നേഹത്തോടെ വളർത്തുക

പുതിയ തലമുറയുടെ വളർച്ചയിൽ അനല്പമായ പങ്കാണ് ഭവനത്തിനുള്ളത്. കുട്ടിയുടെ വ്യക്തിത്വം രൂപപ്പെടുന്നതും സ്വഭാവ പെരുമാറ്റങ്ങൾ പരിശീലിപ്പിക്കപ്പെടുന്നതും അവിടെവെച്ചാണ്. ശൈശവത്തിൽ അവൻ നടന്ന് വീഴുമ്പോഴും സംസാരിക്കാൻ വാക്കുകൾ അവന് വഴങ്ങാതിരിക്കുകയും വീട്ടിലെ മുതിർന്നവർ അത് തിരുത്തുകയും ചെയ്യുമ്പോഴും വീട്ടിലെ അവന്റെ ക്രമരഹിതമായ പ്രവൃത്തികളെ നിയന്ത്രിക്കുമ്പോഴും അവൻ തന്റെ പരിമിതിയെ കുറിച്ച് ബോധവാനാകുന്നു. നടത്തം, സംസാരം തുടങ്ങിയ കാര്യങ്ങളൊക്കെ നിഷ്പ്രയാസം നിർവഹിക്കുന്ന വീട്ടിലെ മുതിർന്നവർ അവന്റെ കൊച്ചുമനസ്സിൽ എല്ലാം അറിയുന്നവരും എല്ലാറ്റിനും കഴിവുള്ളവരുമായി പ്രതിഷ്ഠിക്കപ്പെടുന്നു. അതോടുകൂടി അവരുടെ ഓരോ വാക്കും ആംഗ്യങ്ങളും ചലനങ്ങളുമൊക്കെ അവൻ ശ്രദ്ധിക്കുകയും അനുകരിക്കുകയും ചെയ്യുന്നു. ഇക്കാലത്ത് കുട്ടിയുടെ മനസ്സിൽ രൂഢമാവുന്ന വിശ്വാസവും രൂപീകൃതമാവുന്ന സ്വഭാവപെരുമാറ്റങ്ങളും ശീലങ്ങളും പിൽക്കാലത്ത് മാറ്റിയെടുക്കുക വളരെ ശ്രമകരമാണ്. അറിവും ചിന്താശീലവുമുള്ള അപൂർവം വ്യക്തികൾ മാത്രമേ തന്റെ പാരമ്പര്യത്തിൽനിന്ന് മാറി ചിന്തിക്കാറുള്ളൂ. അതിനാൽ ശൈശവദശയിൽ കുട്ടിയെ വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

കുട്ടിയുടെ ഉന്നതിക്കും വികാസത്തിനും ഇഹപരവിജയത്തിനും അനുസൃതമായ സാഹചര്യം വീട്ടിൽ സൃഷ്ടിക്കേണ്ടതുണ്ട്. അതിന്റെ പ്രാധാന്യത്തെക്കുറിച്ച് നബി(സ്വ) പറയുന്നു: “ഓരോ കുഞ്ഞും ജനിക്കുന്നത് ശുദ്ധപ്രകൃതിയിലാണ്. അവനെ ജൂതനോ കൃസ്ത്യാനിയോ അഗ്നിയാരാധകനോ ആക്കുന്നത് അവന്റെ മാതാപിതാക്കളാണ്.”

ഇവിടെ രക്ഷിതാക്കൾക്ക് കുട്ടിയിലുള്ള ശക്തമായ സ്വാധീനത്തെ വ്യക്തമാക്കുന്നു. അവന്റെ നിഷ്കളങ്കമായ പ്രകൃതിയെ വീട്ടിലെ ദുഷിച്ച സാഹചര്യം മലിനമാക്കുമെന്നു നബി(സ്വ) പഠിപ്പിക്കുന്നു.

## തെറ്റുകൾ തിരുത്തുക

ശരിയായ വിശ്വാസവും മൂല്യബോധവുമുള്ളവരായി കുട്ടികൾ വളരേണ്ടതാണ്. അതിന് കർത്തവ്യബോധവും മാന്യമായ പെരുമാറ്റരീതിയും രക്ഷിതാക്കൾക്കുണ്ടാകണം. നന്മകളുടെ സർവത്ര മാതൃകകൾ സ്വഭവനത്തിൽ കുട്ടിക്ക് ദർശിക്കാനാവണം. പ്രാർഥന, സത്യസന്ധത, കരാർപാലനം, കാരുണ്യം, സൗമ്യമായ പെരുമാറ്റം, ഔദാര്യം തുടങ്ങിയ സദ്ഗുണങ്ങൾ അവിടെവെച്ച് അവർ ശീലിക്കണം.

സൗമ്യവും ശാന്തവുമായ ഗൃഹാന്തരീക്ഷത്തിൽ മാതാപിതാക്കളുടെയും മുതിർന്നവരുടെയും പരിപാലനത്തിൽ വളരുന്ന കുട്ടികൾ വിട്ടുവീഴ്ചയും ക്ഷമയും ശീലിക്കുകയും സമാധാനകാംക്ഷികളുമായിരിക്കും. പരുഷമായി പെരുമാറുകയും വഴക്കിടുകയും പരസ്പര വിശ്വാസവും സഹകരണവുമില്ലാത്തതുമായ കുടുംബത്തിലെ കുട്ടികൾ പ്രായേണ അത്തരം മാതൃക പിന്തുടരുന്നു. പതിവായി കലഹം കാണുന്ന കുട്ടികൾക്ക് മാനസികശൈഥില്യം സംഭവിക്കുന്നു. അത്തരക്കാരിൽ സാമൂഹ്യവിരുദ്ധ ചിന്ത ഉളവാകുകയും ഭാവിയിൽ അവർ ആക്രമണതല്പരരാവുകയും ചെയ്യാനിടയാകും. ഇത്തരം ഭവനങ്ങൾ സാമൂഹ്യഭദ്രതയും സമാധാനവും തകർക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു.

കുട്ടികളെ നല്ല പെരുമാറ്റം ശീലിപ്പിക്കുന്നതിനെക്കുറിച്ച് നബി(സ്വ) പറഞ്ഞു: “നിങ്ങൾ കുട്ടികളെ ആദരിക്കുകയും അവരുടെ പെരുമാറ്റം നന്നാക്കുകയും ചെയ്യുക.” (ഇബ്നുമാജ)

ഒരിക്കൽ അബ്ദുല്ലാഹിബ്നു ആമിറി(റ)നെ വിളിച്ച് മാതാവ് പറഞ്ഞു: “വരൂ, നിനക്ക് തരാം.’ ഇതു കേട്ട നബി(സ്വ) ചോദിച്ചു: ‘നീ എന്താണ് അവന് കൊടുക്കാനുദ്ദേശിച്ചത്?’ അവർ പറഞ്ഞു: ‘കാരക്കയാണ്.’ അപ്പോൾ നബി(സ്വ) പറഞ്ഞു: ‘അറിയുക, നീ അവന് ഒന്നും കൊടുക്കുന്നില്ലെങ്കിൽ അതൊരു കളവായി നിന്റെമേൽ രേഖപ്പെടുത്തുന്നതാണ്” (അബൂദാവൂദ്). കുട്ടികളെ കളവ് പറയാനും വഞ്ചിക്കാനും കരാർ ലംഘിക്കാനും പ്രേരിപ്പിക്കുന്ന ചെയ്തികൾ മുതിർന്നവർ നിസ്സാരമായി ഗണിക്കരുതെന്ന് സഗൗരവം ഇവിടെ വ്യക്തമാവുന്നു.

വീട്ടിലെ മുതിർന്നവരിൽ നിന്ന് കുട്ടികൾക്ക് നല്ല മാതൃകകൾ ദർശിക്കാൻ കഴിയുന്നതിന്റെ പുറമെ നന്മ തിന്മകളെക്കുറിച്ചുള്ള ബോധവും അവിടെവെച്ച് അവർക്ക് ലഭിക്കണം. ആധുനിക നാഗരികതയുടെ മലീമസമായ സാഹചര്യത്തിലേക്ക് അവർ ഇറങ്ങിച്ചെല്ലേണ്ടിവരുമ്പോൾ അവയെ അതിജയിക്കത്തക്കവിധം ശക്തമായ ഉപദേശങ്ങൾ അവർക്ക് വഴികാട്ടിയാകണം.

ലുക്മാൻ(അ) തന്റെ മകന് നൽകിയ ഉപദേശം ശ്രദ്ധേയമാണ്. അത് മാതാപിതാക്കൾ ഒരു കുട്ടിയെ പരിശീലിപ്പിക്കേണ്ടതെന്തൊക്കെയെന്ന് വ്യക്തമാക്കുന്നു. അല്ലാഹു പറയുന്നു: “ലുക്മാൻ തന്റെ മകന്

സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം ശ്രദ്ധേയമാണ്. 'എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമംതന്നെ യാണ്. എന്റെ പ്രിയപ്പെട്ട മകനേ, നിശ്ചയം അത് (നന്മയോ തിന്മയോ ആയ കാര്യം) ഒരു കടുക്മണിയുടെ തൂക്കമുള്ളതാണെങ്കിലും; എന്നി ട്ടത് ഒരു പാറക്കുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെത്തന്നെ യായാലും അല്ലാഹു അതു കൊണ്ടുവരുന്നതാണ്. അല്ലാഹു നിയമ ജ്ഞനും സൂക്ഷ്മജ്ഞനുമാണ്.

എന്റെ പ്രിയപുത്രാ, നീ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കു കയും സദാചാരം കല്പിക്കുകയും ദുരാചാരങ്ങൾ വിരോധിക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. നിശ്ചയം, ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്. നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ(മുഖം) തിരി ച്ചുകളയരുത്. ഭൂമിയിലൂടെ പൊങ്ങച്ചംകാണിച്ചു നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെ ടുകയില്ല. നിന്റെ നടത്തത്തിൽ നീ മിതത്വംപാലിക്കുകയും നിന്റെ ശബ്ദം താഴ്ത്തുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളിൽ വെച്ച് ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ.'' (31:12-19)

ചിന്തയിലും കർമത്തിലും സംഭവിക്കുന്ന അബദ്ധങ്ങൾ സന്ദർഭമ നുസരിച്ചു സ്നേഹപൂർവം തിരുത്തേണ്ടതാണ്. നബി(സ്വ) തന്റെ കൂ ടെ ഭക്ഷണം കഴിക്കുകയായിരുന്ന ഉമറുബ്നുഅബീസലമ പാത്ര ത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും കൈയിട്ടെടുക്കാൻ തുടങ്ങിയപ്പോൾ അവിടന്ന് ഉപദേശിച്ചു. 'കുഞ്ഞേ, ബിസ്മി ചൊല്ലുക, വലതുകൈ കൊണ്ട് തിന്നുക, നിന്റെ അടുത്ത ഭാഗത്ത് നിന്നു തിന്നുക.' (ബുഖാരി)

നബി(സ്വ)യുടെ കൂടെ ഉഹ്ദ്‌യുദ്ധത്തിൽ പങ്കെടുത്ത പേർഷ്യക്കാ രനായ അബൂഖബ(റ) പറയുന്നു. ഞാൻ ഒരു ശത്രുവുമായി ഏറ്റുമുട്ടി യപ്പോൾ പറഞ്ഞു: ഇത് സ്വീകരിച്ചോളൂ; ഞാൻ പേർഷ്യൻകുട്ടിയാണ്. അപ്പോൾ നബി(സ്വ) എന്നിലേക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: ഞാനൊരു അൻസ്വാരികുട്ടിയാണ് എന്ന് നിനക്ക് പറഞ്ഞുകൂടായി രുന്നോ? ഒരു സമൂഹത്തിന്റെ പുത്രിയുടെ മകൻ അവരിൽ പെട്ടവനാണ് (അബൂദാവൂദ്). യുദ്ധത്തിന്നിടയിലും സൗമ്യമായി അബദ്ധങ്ങൾ തിരു ത്തുന്ന നബി(സ്വ)യുടെ ഈ മാതൃക ഉപദേശത്തിന്റെ ശൈലിയും പ്രാധാന്യവും ബോധ്യപ്പെടുത്തുന്നു.

ഇബ്നുഅബ്ബാസ്(റ) നബി(സ്വ)യുടെ പിന്നിലായി വാഹനത്തിൽ ഇരിക്കുകയാണ്. അപ്പോൾ അവിടന്ന് പറഞ്ഞു: "കുട്ടീ, നിനക്ക് ചില വചനങ്ങൾ ഞാൻ പഠിപ്പിച്ചുതരാം. നീ അല്ലാഹുവിനെ സൂക്ഷിക്കുക. എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. അല്ലാഹുവിനെ സൂക്ഷി ക്കുക എങ്കിൽ നിനക്ക് മുമ്പിൽ അല്ലാഹുവിനെ നീ എത്തിക്കുന്നതാണ്.

നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായംതേടുക. നീ അറിയുക, സമൂഹം നിനക്ക് വല്ല ഉപകാരവും ചെയ്യാൻവേണ്ടി സംഘടിച്ചാൽ അല്ലാഹു നിനക്ക് നിശ്ചയിച്ചത് കൊണ്ടല്ലാതെ അവർ നിനക്ക് ഉപകാരംചെയ്യില്ല. നിനക്ക് വല്ലതുകൊണ്ടും ഉപദ്രവമേല്പിക്കാൻ അവർ സംഘടിച്ചാൽ അല്ലാഹു നിനക്ക് നിശ്ചയിച്ചത് കൊണ്ടല്ലാതെ ഒരുപദ്രവവും അവർ നിനക്ക് ചെയ്യില്ല. പേനകൾ ഉയർത്തപ്പെട്ടു. ഏടുകൾ ഉണങ്ങി.'' (തിർമിദി)

ഉപദേശം ശ്രദ്ധാപൂർവം കേൾക്കാനിടയുള്ളതാണല്ലോ യാത്രാവേള. കുട്ടിയെ ജിജ്ഞാസുവാക്കി പറയുന്നതിന്റെ പ്രാധാന്യം സൂചിപ്പിച്ചുകൊണ്ട് ഉപദേശിക്കുന്ന മഹനീയ മാതൃക ഈ സംഭവം സൂചിപ്പിക്കുന്നു. പുറമെ കുട്ടികൾ വല്ല ഉപദേശവും തേടിവരുന്ന സന്ദർഭം ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്തുന്നതിലും നബി(സ്വ) മഹത്തായ മാതൃക സമർപ്പിച്ചു. ഒരിക്കൽ ഇബ്നുമസ്ഊദ് (റ) നബി(സ്വ)യോട് തത്വവചനങ്ങൾ പഠിപ്പിക്കാനാവശ്യപ്പെട്ടു. അപ്പോൾ പ്രവാചകൻ(സ്വ) ഉപദേശിച്ചു. "അല്ലാഹുവിനെ ആരാധിക്കുക, അവനോട് ഒന്നിനെയും പങ്കുചേർക്കാതിരിക്കുക. എവിടെയാണെങ്കിലും നീ ക്വുർആനോടൊപ്പമാവുക. ചെറിയവനോ വലിയവനോ എന്ന വ്യത്യാസമില്ലാതെ സത്യം ആര് കൊണ്ടുവന്നാലും നീ സ്വീകരിക്കുക; അവൻ നിനക്ക് ദേഷ്യമുള്ള അകന്നവനാണെങ്കിലും ശരി. അസത്യം ആര് കൊണ്ടുവന്നാലും അവൻ ചെറിയവനോ വലിയവനോ ആകട്ടെ തിരസ്കരിക്കുക; അവൻ നിനക്ക് ഇഷ്ടപ്പെട്ട അടുത്തവനാണെങ്കിലും ശരി.'' (ദയ്ലമി)

കുട്ടികൾ നന്മകൾ പ്രവർത്തിക്കുകയോ തെറ്റുകൾ തിരുത്തുകയോ ചെയ്യുമ്പോൾ അവരെ പ്രശംസിക്കേണ്ടതാണ്. അത് വലിയ സദ്ഫലങ്ങൾ ഉളവാക്കുന്നതാണ്. ഒരിക്കൽ ആരാധനകളിൽ തല്പരനായ അബ്ദുല്ല(റ)യെക്കുറിച്ച് നബി(സ്വ) പറഞ്ഞു: രാത്രി നമസ്കാരവും കൂടി നിർവഹിച്ചിരുന്നെങ്കിൽ അബ്ദുല്ല എത്ര നല്ലവൻ! ഈ പ്രശംസ കേട്ട ശേഷം അദ്ദേഹം രാത്രി കുറച്ചുസമയമല്ലാതെ ഉറങ്ങാറില്ല.

ഉമർ(റ) ഖലീഫയായിരുന്ന കാലം. ഒരിക്കൽ അദ്ദേഹവും സഹപ്രവർത്തകരും കൂടി ഒരു താഴ്വരയിൽക്കൂടി പോകുമ്പോൾ ആട് മേയ്ക്കുന്ന ഇടയബാലനോട് 'ഒരാടിനെ തങ്ങൾക്ക് തരുമോ' എന്ന് ചോദിക്കുകയും ഉടമസ്ഥനോട് ചോദിക്കണമെന്ന് ആ കുട്ടി മറുപടിപറയുകയും ചെയ്തു. അപ്പോൾ ഉടമയോട് എന്തെങ്കിലും കാരണംപറഞ്ഞാൽ മതിയല്ലോ എന്നു പറഞ്ഞപ്പോൾ കുട്ടി പ്രതിവചിച്ചു: എങ്കിൽ സാക്ഷാൽ യജമാനനോട് ഞാൻ എന്താണ് പറയുക? ഈ ചോദ്യം ഖലീഫയെ അത്യധികം സന്തോഷിപ്പിച്ചു. ഖിലാഫത്ത്ഭവനിലേക്ക് ആ

കുട്ടിയെ വിളിച്ചുവരുത്തി അദ്ദേഹം പാരിതോഷികം നൽകുകയും പ്രശംസിക്കുകയും ചെയ്തു.

ഇതൊക്കെ കുട്ടികളുടെ ആത്മീയ പുരോഗതിയിൽ സന്തോഷകരമായ അവസ്ഥയുണ്ടാക്കുമ്പോൾ ആഹ്ലാദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിൽ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. ശരിയും തെറ്റും മനസ്സിലാക്കിയ ശേഷം തെറ്റുതിരുത്താനുള്ള ഉപര്യുക്തമാർഗങ്ങൾ മതിയാകാതെവരുമ്പോൾ ശിക്ഷയുമാകാവുന്നതാണ്. അത് ശിക്ഷണത്തിന്റെ ഭാഗമാണ്. നമസ്കാരം ഉപേക്ഷിക്കുന്നതിന്റെ പേരിൽ കുട്ടിയെ പത്ത് വയസ്സായാൽ അടിക്കണമെന്ന് നബി(സ്വ) പറഞ്ഞല്ലോ. അവരെ നമസ്കാരം പഠിപ്പിക്കുകയും മൂന്ന് വർഷം നിരന്തരം പരിശീലിപ്പിക്കുകയും ചെയ്ത ശേഷമാണ് ഇവിടെ ശിക്ഷിക്കാൻ നിർദേശിച്ചതെന്നതു ശ്രദ്ധേയമാണ്.

ശിക്ഷിക്കുന്നതിനു മുമ്പ് അവർക്ക് പറയാനുള്ളത് കേൾക്കുകയും കഴിയുന്നത്ര പരിഹരിക്കുകയും ചെയ്യേണ്ടതാണ്. പിന്നെയും ആവർത്തിക്കുമ്പോൾ ശിക്ഷിക്കുന്നത് ചിലർക്ക് ഫലം ചെയ്യുന്നതാണ്. രക്ഷിതാക്കളുടെ പ്രതീക്ഷക്ക് വിപരീതഫലമുണ്ടാകുമ്പോഴോ സ്വന്തം കോപം ശമിപ്പിക്കാനോ വേണ്ടിയാകരുത് ശിക്ഷ. കുറ്റം ശിക്ഷാർഹമാണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തിയ ശേഷമാണെങ്കിൽ അത് രക്ഷാമാർഗമായി മാറും. മാത്രമല്ല, ചെയ്ത കുറ്റം സ്വന്തം അനുഭവത്തിലൂടെ വിലയിരുത്താൻ കുട്ടിയെ പ്രേരിപ്പിക്കുന്നതും ഫലപ്രദമാണ്. മറ്റു കുട്ടികളുടെ വല്ല സാധനവും എടുക്കുകയോ ഉപദ്രവിക്കുകയോ ചെയ്ത കുട്ടിയെ തദ്സ്ഥാനത്ത് താനായിരുന്നെങ്കിലുണ്ടാവുന്ന പ്രയാസങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുന്നത് ഉപകരിക്കും. എല്ലാറ്റിനെക്കാളുമുപരി പരലോകത്ത് കുറ്റവാളികൾക്ക് ലഭിക്കുന്ന നരകശിക്ഷയെക്കുറിച്ച് ബോധമുണ്ടാക്കുകയും വേണം. ശിക്ഷയെക്കാളേറെ ശിക്ഷിക്കപ്പെടുമെന്ന തോന്നൽ കുട്ടിയിലുണ്ടാക്കുകയാണു വേണ്ടത്.

## കരുണയോടെ പെരുമാറുക

കുട്ടികളുടെ മനസ്സിനെ സന്തോഷിപ്പിക്കുകയും അവരുടെ കോപത്തെ അടക്കുകയും ചെയ്യുന്നതിന് സ്നേഹപൂർണമായ പരിലാളന അവർക്ക് ലഭിക്കണം. അവരെ ചുംബിക്കുക, തലോടുക, കളിക്കുകയും കളിപ്പിക്കുകയും ചെയ്യുക, പാരിതോഷികങ്ങൾ നൽകുക തുടങ്ങിയവയൊക്കെ സ്നേഹം ശക്തിപ്പെടുത്തുന്നതിൽ പ്രാധാനപ്പെട്ടവയാണ്.

ആഇശ(റ) പറയുന്നു: "ഒരിക്കൽ ഒരു ഗ്രാമീണസംഘം നബി(സ്വ)യെ സമീപിച്ചു. അവർ ചോദിച്ചു: താങ്കൾ കുട്ടികളെ ചുംബിക്കാറുണ്ടോ? നബി(സ്വ) പറഞ്ഞു: അതേ. അപ്പോൾ അവർ പറഞ്ഞു: അല്ലാഹു സത്യം, ഞങ്ങൾ ചുംബിക്കാറില്ല. അപ്പോൾ റസൂൽ(സ്വ) പറഞ്ഞു: അല്ലാഹു നിങ്ങളുടെ ഹൃദയങ്ങളിൽനിന്ന് കാരുണ്യം ഊരിക്ക

ളഞ്ഞാൽ അത് ഞാൻ അധീനമാക്കുന്നതെങ്ങനെ!'' (ബുഖാരി)

ജാബിർ(റ) പറയുന്നു: ''ഒരിക്കൽ ഞങ്ങൾ കളിച്ചുകൊണ്ടിരിക്കെ ഭക്ഷണത്തിന് വിളിക്കുകയുണ്ടായി. ഞങ്ങളോടൊപ്പം കളിക്കുകയായിരുന്ന ഹുസൈന്റെ(റ) അടുത്തേക്ക് തിരുനബി(സ്വ) ധൃതിയിൽ വന്നു കൈനീട്ടി. അപ്പോൾ ഹുസൈൻ(റ) അങ്ങുമിങ്ങും ഓടിക്കൊണ്ടിരുന്നു. അപ്പോൾ നബി(സ്വ) ആ കുട്ടിയെ ചിരിച്ചുകൊണ്ട് പിടിച്ചു. ശേഷം അവിടുത്തെ ഒരുകൈ അവന്റെ താടിയിലും ഒരുകൈ തലയിലും വെച്ചു. അനന്തരം അവനെ ആലിംഗനംചെയ്തു ചുംബിച്ചു.'' (ത്വബ്റാനി)

മറ്റൊരിക്കൽ തിരുമേനി(സ്വ) തന്റെ പൗത്രന്റെ കൈകൾ പിടിക്കുകയും അവന്റെ ഇരുകാലുകളും അവിടുത്തെ പാദങ്ങളിൽ വെക്കുകയും എന്നിട്ട് അവനോട് തന്റെ ദേഹത്ത് കയറാൻ നബി(സ്വ) പറയുകയും ചെയ്തു. അങ്ങനെ റസൂൽ(സ്വ)യുടെ നെഞ്ചിൽവരെ അവൻ കയറുകയും ചെയ്തു. അപ്പോൾ നബി(സ്വ) അവനോട് വായ തുറക്കാൻ പറയുകയും പിന്നീട് ചുംബിക്കുകയും ചെയ്തു (ത്വബ്റാനി). ഇപ്രകാരം നബി(സ്വ) പൗത്രന്മാരുടെ കുസൃതികളിൽ സന്തോഷം പ്രകടിപ്പിച്ചും അവരെ ഉമ്മവെച്ചും തലോടിയുംകൊണ്ട് മാതൃകാപിതാമഹനായി വർത്തിച്ചു. അവിടുന്ന് പറഞ്ഞു: ''കുട്ടിയുള്ളവൻ കുട്ടിക്കുവേണ്ടി കുട്ടിയാവട്ടെ'' (ഇബ്നു അസാകിർ)

കുട്ടിയോടുള്ള സ്നേഹം ശൈശവദശയിൽ മാത്രമാകരുത്. കുട്ടിയുടെ വളർച്ചക്കനുസൃതമായി സ്നേഹവും വളരേണ്ടതുണ്ട്. പ്രവാചകൻ(സ്വ)യുടെ മകൾ ഫാത്വിമ അവിടത്തെ വീട്ടിലേക്ക് വരുന്നത് കണ്ടാൽ അവിടന്ന് എഴുന്നേറ്റു ചെന്ന് സ്വീകരിക്കും. അവരെ ചുംബിക്കുകയും അവരുടെ കൈപിടിച്ചു കൊണ്ടുവന്ന് തന്റെ കൂടെ ഇരുത്തുകയും ചെയ്യും. ശേഷം നബി(സ്വ) അവരുടെ കുടുംബവിശേഷങ്ങളും കുശലാന്വേഷണവും നടത്തും. (ബുഖാരി)

സന്ദർശനത്തിന് ബന്ധങ്ങൾ സുദൃഢമാക്കുന്നതിൽ വലിയ പങ്കുണ്ടല്ലോ. ബന്ധുക്കളുടെയും സ്നേഹിതരുടെയും വീടുകൾ സന്ദർശിക്കുമ്പോൾ അവിടത്തെ കുട്ടികളോടും സ്നേഹം പ്രകടിപ്പിക്കാൻ ശ്രദ്ധിക്കണം. അവരോട് സംസാരിക്കുകയും തലോടുകയും ചുംബിക്കുകയും ചെയ്യുന്നത് അവരുടെ മനസ്സിനെ സന്തോഷിപ്പിക്കുന്നതാണ്. അനസ്(റ) പറയുന്നു: നബി(സ) അൻസ്വാരികളെ സന്ദർശിക്കാറുണ്ടായിരുന്നു. അപ്പോൾ അവിടത്തെ കുട്ടികളോട് സലാംപറയുകയും അവരുടെ ശിരസ്സിൽ തലോടുകയും ചെയ്യുമായിരുന്നു. (നസാഈ)

## പാരിതോഷികങ്ങൾ സമ്മാനിക്കുക

പാരിതോഷികങ്ങൾ നൽകുന്നത് പരസ്പരം സ്നേഹബന്ധം ഉണ്ടാക്കുന്നതാണ്. ഇക്കാര്യത്തിൽ കുട്ടികൾക്ക് ഏറെ പ്രാധാന്യം നൽകേ

ണ്ടതുണ്ട്. നബി(സ്വ) അത് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവിടത്തേക്ക് നജ്ജാശിരാജാവ് ചില ഉപഹാരങ്ങൾ കൊടുത്തയച്ചിരുന്നു. അതിലുണ്ടായിരുന്ന ഒരു സ്വർണമോതിരം സൈനബിന്റെ(റ) മകൾ ഉമാമക്ക് കൊടുത്ത് "മോളേ, ഇത് അണിഞ്ഞുഭംഗിയാവൂ" എന്ന് പറയുകയും ചെയ്തു. (നസാഈ)

ജാബിർ(റ) പറയുന്നു: "ഞാൻ നബി(സ്വ)യുടെ കൂടെ നമസ്കരിച്ചു. സലാംവീട്ടിയപ്പോൾ അവിടന്ന് പറഞ്ഞു: നിങ്ങൾ അവിടെ ഇരിക്കൂ. ശേഷം ഒരു പാത്രം മധുരപലഹാരം കൊണ്ടുവന്നു. അതിൽനിന്ന് ഓരോ സ്പൂൺവീതം ഓരോരുത്തർക്കും പ്രവാചകൻ(സ്വ) കൊടുത്തു. എന്റെ അടുത്തെത്തിയപ്പോൾ എനിക്ക് ഒരു സ്പൂൺ നൽകിയശേഷം 'നിനക്ക് വീണ്ടും തരട്ടെ' എന്ന് ചോദിക്കുകയും എനിക്ക് തരുകയും ചെയ്തു.

നബി(സ്വ)യുടെ അടുത്തേക്ക് ആദ്യമായുണ്ടായ ഫലങ്ങളുമായി വന്നാൽ ഭക്ഷ്യവിഭവങ്ങളിൽ അനുഗ്രഹത്തിന്നായി പ്രാർഥിക്കുകയും ശേഷം അവിടെ സന്നിഹിതരായ കുട്ടികളിൽ ഏറ്റവുംചെറിയവർക്ക് അത് കൊടുക്കുകയും ചെയ്യും. (മുസ്ലിം)

പ്രവാചകൻ(സ്വ) അനുചരന്മാരോടൊപ്പം കാരക്ക ഭക്ഷിക്കുകയായിരുന്നു. സാഇദുബ്നു യസീദും കൂട്ടുകാരായ കുട്ടികളും അവിടേക്ക് ചെന്നപ്പോൾ റസൂൽ(സ്വ) അതിൽനിന്ന് ഒരുപിടി വാരി അവർക്ക് കൊടുത്ത സംഭവം ത്വബ്റാനി ഉദ്ധരിച്ചിട്ടുണ്ട്. ഇതൊക്കെ ഉപഹാരങ്ങളും ഭക്ഷ്യപദാർഥങ്ങളും നൽകുമ്പോൾ കുട്ടികളെ പ്രത്യേകം പരിഗണിക്കണമെന്ന് വ്യക്തമാക്കുന്നു. അതവരെ സന്തോഷിപ്പിക്കുകയും കൂടുതൽ മുതിർന്നവരോട് അടുപ്പിക്കുകയും ചെയ്യും.

കുട്ടികൾക്കിടയിൽ ആരോഗ്യകരമായ മത്സരങ്ങൾ നടത്തുകയും സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് അവരെ സന്തോഷിപ്പിക്കുകയും ഉല്ലസിപ്പിക്കുകയും ചെയ്യും. നബി(സ്വ) അബ്ബാസി(റ)ന്റെ സന്താനങ്ങളായ അബ്ദുല്ല, ഉബൈദുല്ല, കുസയ്യിർ എന്നിവരെ അണിയായി നിർത്തിയശേഷം ഇങ്ങനെ പറഞ്ഞു: "എന്റെ അടുത്ത് ആദ്യം ഓടിയെത്തുന്നവന് ഇന്നാലിന്നത് ഉണ്ട്." അങ്ങനെ അവർ നബി(സ്വ)യുടെ അടുത്തേക്ക് ഓടുകയും അവിടത്തെ മുതുകിലും നെഞ്ചിലും കയറുകയും നബി(സ്വ) അവരെ തന്നിലേക്ക് ചേർത്ത് ചുംബിക്കുകയും ചെയ്യുമായിരുന്നു.(അഹ്മദ്)

കുട്ടികളെ സന്തോഷിപ്പിക്കണമെന്ന് പറഞ്ഞല്ലോ. വല്ല ജന്തുക്കളെ കണ്ടോ മറ്റോ കുട്ടികൾ പേടിച്ചുപോയാൽ സ്നേഹപൂർണമായ പെരുമാറ്റത്തിലൂടെ അവർക്ക് സുരക്ഷിതത്വബോധമുണ്ടാക്കുകയും അവരുടെ മനസ്സിനെ സമാധാനിപ്പിക്കുകയുംവേണം. "ഒരിക്കൽ നബി(സ്വ) അനുചരന്മാരുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ ഉമ്മുഐമൻ(റ) വന്നു ഹസനെ(റ)യും ഹുസൈനെ(റ)യും കാണാനില്ലെന്ന്

അറിയിച്ചു. നബി(സ്വ)യും അനുചരന്മാരും അന്വേഷിച്ചിറങ്ങി. അതിന്നിടയിൽ അവർ രണ്ടുപേരും മലയുടെ താഴെ ഉയർന്നുനിന്ന് ഊതുന്ന സർപ്പത്തിന്റെ മുമ്പിൽ ഭയന്നു കെട്ടിപ്പിടിച്ചു നിൽക്കുന്നത് നബി(സ്വ) കണ്ടു. നബി(സ്വ) ഓടിച്ചെന്നപ്പോൾ പാമ്പ് മാളത്തിലേക്ക് പോവുകയും അദ്ദേഹം അവരെ വേർപെടുത്തിയശേഷം അവരുടെ മുഖം തടവിക്കൊണ്ട് ആശ്വാസവാക്കുകൾ പറയുകയും തന്റെ ഇരുചുമലിലുമായി അവരെ എടുക്കുകയും ചെയ്തു. അപ്പോൾ അവിടെയെത്തിയ സൽമാൻ(റ) പറഞ്ഞു: നിങ്ങൾക്ക് ഭാഗ്യം. നിങ്ങളുടെ വാഹനം എത്ര നല്ലത്! അപ്പോൾ നബി(സ്വ) പറഞ്ഞു: രണ്ട് നല്ല യാത്രക്കാർ. അവരെക്കാൾ ഉത്തമനായ പിതാവും!" (ത്വബ്റാനി)

## ആരാധനകളിലെ പങ്കാളിത്തം

വീട്ടിലും പള്ളിയിലുമൊക്കെ നടക്കുന്ന ആരാധനകളിലും മതചടങ്ങുകളിലും വിശേഷദിനത്തിലെ പരിപാടികളിലും കുട്ടികളെ പങ്കാളികളാക്കേണ്ടതാണ്. അത് മതകാര്യങ്ങൾ മനസ്സിലാക്കാനും അവയോട് ആഭിമുഖ്യം വളർത്താനും ഉപകരിക്കും. പുറമെ സാമൂഹികബോധമുളവാക്കുകയും അവരെ ആനന്ദിപ്പിക്കുകയും ചെയ്യും. നബി(സ്വ)യുടെ കൂടെ നമസ്കാരത്തിൽ കുട്ടികൾ പങ്കെടുത്തിരുന്നു. ഏഴ് വയസ്സാകുമ്പോൾ നമസ്കാരം കുട്ടികളെ മനസ്സിലാക്കി പരിശീലിപ്പിക്കാനും പത്ത് വയസ്സായിട്ടും ഉപേക്ഷവരുത്തുകയാണെങ്കിൽ ശിക്ഷിക്കാനും തിരുനബി(സ്വ) ഉപദേശിച്ചു.

അനസ്(റ)വിന്റെ പിതാമഹി മുലൈക(റ) നബി(സ്വ)യെ ഭക്ഷണത്തിന് ക്ഷണിച്ചു. അത് കഴിച്ചശേഷം നബി(സ്വ) പറഞ്ഞു: എഴുന്നേൽക്കൂ. നമസ്കരിക്കാം. അപ്പോൾ അനസ്(റ) പഴകിയ പായ കഴുകിക്കൊണ്ടുവന്നു. നബി(സ്വ)ക്ക് പിന്നിൽ അദ്ദേഹവും അനാഥയും അവർക്ക് പിന്നിൽ വൃദ്ധയും നിന്ന് രണ്ട് റക്അത്ത് ജമാഅത്തായി നമസ്കരിച്ചു (ബുഖാരി, മുസ്ലിം)

നബി(സ്വ), പൗത്രി ഉമാമ(റ)യെ നമസ്കാരത്തിൽ എടുത്തിരുന്നു. മറ്റൊരിക്കൽ അവിടന്ന് സുജൂദ് ദീർഘിപ്പിച്ചു. നമസ്കാരാനന്തരം ആകാംക്ഷയോടെ ഇരിക്കുന്ന ആളുകളോട് പറഞ്ഞു. എന്റെ മകൻ എന്നെ വാഹനമാക്കി. അവന്റെ ആവശ്യം പൂർത്തിയാകുന്നതിനുമുമ്പെ ഞാൻ ധൃതികൂട്ടുന്നത് ഞാൻ വെറുത്തു. (നസാഈ, ഹാക്കിം)

കുട്ടിയെ ഉയർത്തിക്കാണിച്ച് 'കുട്ടിക്ക് ഹജ്ജുണ്ടോ' എന്ന് ചോദിച്ച വനിതയോട് നബി(സ്വ) പറഞ്ഞു: അതേ. നിനക്ക് പ്രതിഫലമുണ്ട്. ഹജ്ജ്വേളയിൽ തിരുമേനി(സ്വ) തന്റെ വാഹനത്തിൽ ഉസാമ(റ)യെ അറഫ മുതൽ മുസ്ദലിഫ വരെയും അവിടെനിന്ന് മിനാ വരെ ഫദ്ലിനെയും കൂടെയിരുത്തി. സ്വഹാബികൾ കുട്ടികളെ വ്രതമനുഷ്ഠിക്കാൻ കളിപ്പണ്ടങ്ങൾ ഉണ്ടാക്കിക്കൊടുത്ത് പരിശീലിപ്പിച്ചിരുന്നു. മാത്രമല്ല, റസൂൽ(സ്വ) നമസ്കാരവേളയിൽ കുട്ടികളുടെ കരച്ചിൽകേട്ടാൽ അതി

നാൽ മാതാവിനുണ്ടാകുന്ന വിഷമം പരിഗണിച്ചു നമസ്കാരം ലഘൂകരിക്കുമായിരുന്നു. ഇപ്രകാരം ആരാധനകളിൽ കുട്ടികളെ പങ്കാളികളാക്കുകയും പരിഗണിക്കുകയും ചെയ്തുകൊണ്ട് വളരുന്ന തലമുറക്ക് ആത്മീയബോധമുണ്ടാക്കുന്ന നല്ല രക്ഷിതാവിന്റെ മാതൃക നബി(സ്വ)യുടെ ചരിത്രത്തിൽ അനേകം കാണാം. കുട്ടികൾ മൂലമുണ്ടാകുന്ന വിഷമങ്ങളോ അവർ കാണിക്കുന്ന വികൃതിയോ മതചടങ്ങുകളിൽനിന്ന് അവരെ അകറ്റിനിർത്താനിടയാകരുതെന്നും പ്രസ്തുത സംഭവങ്ങൾ സൂചിപ്പിക്കുന്നു.

## യാത്രയിൽ കൂടെക്കൂട്ടുക

വീടിന്നപ്പുറമുള്ള ലോകവുമായി ബന്ധപ്പെടാനും ജീവിതാനുഭവങ്ങൾ അറിയാനും കുട്ടികൾക്ക് അവസരമുണ്ടാകണം. അതിന്നനുയോജ്യമായത് യാത്രയാണല്ലോ. അതിൽ പങ്കെടുക്കുന്നത് സന്തോഷിപ്പിക്കുകയും വിജ്ഞാനം വർധിപ്പിക്കുകയും ചെയ്യും. ത്യാഗത്തിൽ പങ്കാളിയാകാനും ഒട്ടേറെ അനുഭവദൃശ്യങ്ങൾക്ക് സാക്ഷിയാകാനും കഴിയും. തിരുമേനി(സ്വ) ഹജ്ജ്‌വേളയിൽ കുട്ടികളെ പങ്കെടുപ്പിച്ചത് മുമ്പ് ഉദ്ധരിച്ചല്ലോ. തിരുമേനി(സ്വ) മക്കായാത്രയിൽ, അവിടെവെച്ച് തന്നെ സ്വീകരിച്ച അബ്ദുൽമുത്വലിബ് കുടുംബത്തിലെ കുട്ടികളിൽ ഒരാളെ തന്റെ വാഹനത്തിന്റെ മുമ്പിലും മറ്റൊരാളെ പിന്നിലും കയറ്റികൊണ്ടുപോയി. (ബുഖാരി)

യാത്രകഴിഞ്ഞ് തിരിച്ചെത്തുമ്പോൾ കുട്ടികളെ പ്രത്യേകം കാണുന്നതും കൂടെ വാഹനത്തിൽ ഇരുത്തുന്നതും പരസ്പരമുള്ള സ്നേഹബന്ധത്തെ ശക്തിപ്പെടുത്തുന്നതാണല്ലോ. ഒരിക്കൽ നബി(സ്വ) യാത്ര കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ കുട്ടികളെ കാണുകയും, ജഅ്ഫറി(റ)ന്റെ മകൻ അബ്ദുല്ലയെ മുന്നിലും തന്റെ മകൾ ഫാത്വിമ(റ)യുടെ മകനെ പിന്നിലുമിരുത്തി. അങ്ങനെ മൂന്ന് പേരും കൂടി മദീനയിൽ പ്രവേശിച്ചു. (മുസ്‌ലിം)

## അവകാശങ്ങൾ പാലിക്കുക

കുട്ടികൾക്ക് ലഭിക്കേണ്ട പരിഗണനയിൽ പ്രധാനമായതാണ് അവരുടെ അവകാശങ്ങൾ അംഗീകരിക്കുക എന്നത്. ഭക്ഷണം, വസ്ത്രം മുതലായവക്ക് പുറമെ സമൂഹം നിസ്സാരമായി ഗണിച്ചേക്കാവുന്ന കാര്യത്തിൽ പോലും അവരെ പരിഗണിക്കണമെന്ന് ഇസ്‌ലാം നിർദേശിക്കുന്നു.

ഒരിക്കൽ നബി(സ്വ)ക്ക് പാനീയം വിതരണംചെയ്യേണ്ട സദസ്സിൽ തന്റെ ഇടതുവശത്ത് മുതിർന്നവരും വലതുഭാഗത്ത് ഒരു കുട്ടിയുമായിരുന്നു ഉണ്ടായിരുന്നത്. മുതിർന്നവർക്ക് ആദ്യം നൽകേണ്ടതിന് വേണ്ടി കുട്ടിയോട് അവിടന്ന് അനുവാദം ചോദിച്ചു. പക്ഷേ കുട്ടി വിസമ്മതിക്കുകയും തന്മൂലം ആദ്യം കുട്ടിക്ക് തന്നെ കൊടുക്കുകയും ചെയ്തു.

ഇതിലൂടെ കുട്ടിയുടെ അവകാശത്തെ തിരുനബി(സ്വ) എത്രമാത്രം പരിഗണിച്ചിരുന്നുവെന്ന് വ്യക്തമാണ്.

## കഴിവ് അംഗീകരിക്കുക

കുട്ടികൾ കഴിവുകൾ പ്രകടിപ്പിച്ചാൽ അത് പ്രത്യേകം പരിഗണിക്കേണ്ടതാണ്. പഠനത്തിലും പരിശീലനത്തിലും മികവ് പ്രകടിപ്പിക്കുന്ന കുട്ടികളെ പ്രവാചകൻ(സ്വ) പരിഗണിച്ചു. ഉഹ്ദ് യുദ്ധത്തിനുവേണ്ടി, സൈന്യത്തിലേക്ക് ചെറുതായതിന്റെ പേരിൽ ഒരു കുട്ടിയെ നബി(സ്വ) എടുത്തിരുന്നില്ല. എന്നാൽ ആ കുട്ടി സൈന്യത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയുമായി ഗുസ്തിപിടിച്ചു വിജയം വരിച്ചു തന്റെ കഴിവ് തെളിയിച്ചു. ശേഷം തന്നെ സൈന്യത്തിലേക്ക് പ്രവേശിപ്പിക്കണമെന്ന് ആ കുട്ടി അപേക്ഷിച്ചു. തിരുനബി(സ്വ) പ്രവേശനം നൽകുകയും ചെയ്തു.

സന്താനങ്ങളോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിലും ആനുകൂല്യങ്ങൾ നൽകുന്നതിലുമൊക്കെ നീതി പാലിക്കേണ്ടതാണ്. അതിൽ അനീതിയുണ്ടാകുന്നത് അവർക്കിടയിൽ  അസൂയയും പകയുമുണ്ടാക്കാനിടയാകും. അത്തരം ഭവനാന്തരീക്ഷം സംഘർഷമുറ്റതായിരിക്കുകയും അത് ദൂരവ്യാപകമായ അനർഥങ്ങൾ ഉണ്ടാക്കുകയും ചെയ്യും.

യഅ്ക്വൂബ് നബി(അ) തന്റെ സന്താനമായ യൂസുഫിനോട് അമിത സ്നേഹം പ്രകടിപ്പിക്കുന്നതായി ഇതര സന്താനങ്ങൾ സംശയിക്കുകയുണ്ടായി. തന്മൂലം യൂസുഫിനെ കളിക്കാൻ കൊണ്ടുപോയി കിണറ്റിൽ തള്ളിയിട്ടു. ക്വുർആൻ വിവരിച്ച ഈ ചരിത്രം സന്താനങ്ങളോടുള്ള സ്നേഹപ്രകടനത്തിൽ വളരെ ശ്രദ്ധിക്കേണ്ടതാണെന്ന് മനസ്സിലാക്കുന്നു.

നബി(സ്വ) ഇക്കാര്യത്തിൽ വളരെ ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ റസൂൽ(സ്വ) ദുഹ്ർ നമസ്കരിച്ചശേഷം, ജാബിറുബ്നു സമുർ(റ) തിരുഗൃഹത്തിലേക്ക് പ്രവേശിച്ചു. അദ്ദേഹവും മറ്റു കുട്ടികളും അവിടേക്ക് പ്രവേശിച്ചപ്പോൾ തിരുനബി(സ്വ) അവരെ സ്വീകരിക്കുകയും ഓരോ കുട്ടിയുടെയും കവിളിൽ അവിടുന്ന് തലോടുകയും ചെയ്തു. (മുസ്ലിം). തലോടുന്നതിൽപോലും നീതിപാലിക്കണമെന്ന് ഇത് വ്യക്തമാക്കുന്നു.

ഒരിക്കൽ നബി(സ്വ)യുടെ അടുത്ത് ഇരിക്കുകയായിരുന്ന ഒരാളുടെ മകൻ വന്നു. അപ്പോൾ അയാൾ കുട്ടിയെ ചുംബിക്കുകയും തന്റെ മടിയിൽ ഇരുത്തുകയും ചെയ്തു. പിന്നീട് അയാളുടെ മകൾവന്നു. അവളെ തന്റെ അടുത്തായി ഇരുത്തി. ഇത് കണ്ട നബി(സ്വ) പറഞ്ഞു. താങ്കൾ അവർക്കിടയിൽ നീതി പാലിച്ചില്ല. (ബൈഹക്വി)

■